
# ബീച്ചുകൾ പരിരക്ഷിക്കുന്നു



സുനാമി ദുരിതാശ്വാസ പദ്ധതികളുടെ ഭാഗമായി കേരളത്തിലെ ബീച്ചുകളുടെ സുരക്ഷയ്ക്കായി 100 കോടി രൂപയുടെ കേന്ദ്രസഹായം ലഭിക്കും. ടൂറിസം മന്ത്രി കെ.സി. വേണുഗോപാൽ അറിയിച്ചതാണിത്.

ഇതു സംബന്ധിച്ച് സംസ്ഥാന ടൂറിസം വകുപ്പ് സമർപ്പിച്ച 140 കോടി രൂപയുടെ പദ്ധതിയിൽ 100 കോടി രൂപ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ കേരളത്തിന് അനുവദിച്ചു. കോവളം, വർക്കല, വേളി, തിരുമുല്ലവാരം, ആലപ്പുഴ, ചേറായി, കോഴിക്കോട്, ഫോർട്ട് കൊച്ചി, കാപ്പാട്, മുഴപ്പിലങ്ങാട്, മീൻകുന്ന് എന്നീ ബീച്ചുകളുടെ സംരക്ഷണത്തിനാണ് ടൂറിസം വകുപ്പ് പദ്ധതി സമർപ്പിച്ചിരുന്നത്. ബീച്ചുകളിലേക്കുള്ള റോഡുകളുടെ വികസനവും ഈ പദ്ധതിയിൽപ്പെടുമെന്ന് മന്ത്രി പറഞ്ഞു.

# നെല്ല് സംഭരണം തുടരും

വരുന്ന സീസണിലും കിലോയ്ക്ക് ഏഴു രൂപ നിരക്കിൽ കർഷകരിൽ നിന്ന് നേരിട്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കും. പാടശേഖരസമിതി മുഖാന്തരമായിരിക്കും സംഭരണം. ഭക്ഷ്യസിവിൽ സപ്ലൈസ് മന്ത്രി അടൂർ പ്രകാശ് അറിയിച്ചതാണിത്.

നെല്ലിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന തറവില 5.60 രൂപയാണ്. വിലവ്യത്യാസം കാരണം കോർപ്പറേഷന് ഉണ്ടാവുന്ന നഷ്ടം സർക്കാർ നികത്തും. കഴിഞ്ഞ സീസണിൽ 613665 ക്വിന്റൽ നെല്ലാണ് കോർപ്പറേഷൻ സംഭരിച്ചത്. ആദ്യസീസണിൽ സംഭരിച്ചതിൽ മാത്രമാണ് കർഷകർക്ക് കുടിശ്ശിക നൽകാനുള്ളത്. ഇത് നല്കാനായി ഏഴുകോടി രൂപ അനുവദിച്ചു. നെല്ല് സംഭരണത്തിനോ നെല്ലുത്പാദനം സംബന്ധിച്ച് കണക്ക് ശേഖരിക്കുന്നതിനോ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആരെയും ചുമതലപ്പെടുത്തിയിട്ടില്ലെന്ന് മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.



# റവന്യൂ അദാലത്തിൽ രണ്ട് ലക്ഷം പരാതികൾ തീർപ്പാക്കി




വില്ലേജ് തല റവന്യൂഅദാലത്തിലൂടെ രണ്ടു ലക്ഷം പേർക്ക് പ്രയോജനം ലഭിച്ചു. റവന്യൂമന്ത്രി കെ.എം. മാണി അറിയിച്ചതാണിത്. ആകെ ലഭിച്ച 2,44,537 പരാതികളിൽ 2,11,087 എണ്ണം തീർപ്പാക്കി. ഇന്ത്യയുടെ ചരിത്രത്തിൽ ഇത് ആദ്യമാണ്. ഇനി അദാലത്തുകൾ ആറുമാസത്തിലൊരിക്കൽ സംഘടിപ്പിക്കും. മറ്റു വകുപ്പുകളും അദാലത്തുകൾ സംഘടിപ്പിക്കണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

പട്ടയത്തിനായി ലഭിച്ച 14,038 അപേക്ഷകളിൽ 8,260 എണ്ണം തീർപ്പാക്കി. 27,401 പേർക്ക് കൈവശാവകാശ സർട്ടിഫിക്കറ്റും 24,100 പേർക്ക് പോക്കുവരവും അനുവദിച്ചു.

ഗ്രാമസഭ, താലൂക്ക്സഭ എന്നിവ മാസം തോറും യോഗം ചേർന്ന് പരാതികൾക്ക് പരിഹാരം കണ്ടെത്തും. ജനകീയ അദാലത്തുകൾക്ക് നിയമസാധുത നൽകുന്നതിനായി നിയമനിർമാണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുകയാണെന്ന് മന്ത്രി വ്യക്തമാക്കി. കളക്ടറേറ്റുകളിലെ വിവിധ വകുപ്പുകളിൽ ലഭിക്കുന്ന പരാതികൾക്ക് തീർപ്പാക്കുന്നതിന് ഏകജാലകസംവിധാനം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

# ഗ്രാമീണറോഡ് പദ്ധതിക്ക് 49 കോടി



റോഡ് നിർമാണത്തിനായുള്ള പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) അനുസരിച്ച് കേരളത്തിന് 49 കോടി രൂപയുടെ പുതിയ പദ്ധതികൾ കൂടി അനുവദിച്ചതായി കേന്ദ്ര ഗ്രാമവികസനമന്ത്രി ഡോ. രഘുവംശ പ്രസാദ് സിങ് അറിയിച്ചു. ഈ വിഭാഗത്തിൽ ആകെ 143.67 കോടി രൂപയുടെ പദ്ധതികൾക്കാണ് കേന്ദ്രം അനുമതി നൽകിയിരിക്കുന്നത്. 366 റോഡുകളുടെ നിർമാണത്തിനായി 122.89 കോടി നൽകിക്കഴിഞ്ഞു. ഇതുവരെ 310 കിലോ മീറ്റർ 179 റോഡ് നിർമിച്ചു. ഹരിയാലി പദ്ധതിയനുസരിച്ച് കേരളം സമർപ്പിച്ച 27.82 കോടിരൂപയുടെ 12 പദ്ധതിക്ക് നേരത്തെ അനുവാദം നൽകിയിരുന്നു. 4638 ഹെക്ടർ പ്രദേശത്തിന് ഇതിന്റെ പ്രയോജനം ലഭിക്കും. ഈയിടെ സമർപ്പിച്ച 20 പദ്ധതികൾക്കു കൂടി അനുമതി നല്കി. ഇതിന് 40 കോടിയോളം രൂപ ചെലവ് വരും. ജലസേചന, നീർമറി പദ്ധതികളാണ് ഇതിലുള്ളത്.

എസ്.ജി.എസ്.വൈ പദ്ധതിയനുസരിച്ച് കേരളത്തിലെ സ്വയം സഹായ സംഘങ്ങൾക്കു നൽകുന്ന വായ്പയ്ക്ക് 10-12% വരെ പലിശ ഈടാക്കുന്നത് ധനമന്ത്രി പി. ചിദംബരത്തിന്റെ ശ്രദ്ധയിൽ പെടുത്തും. ഒമ്പത് ശതമാനത്തിൽ കൂടുതൽ ഈടാക്കില്ലെന്നാണ് ധനമന്ത്രി തനിക്കു നൽകിയ ഉറപ്പ്. സമ്പൂർണ ശുചിത്വയജ്ഞത്തിനായി കേന്ദ്രം അനുവദിക്കുന്ന പണം ഇപ്പോൾ സർക്കാർ സ്കൂളുകളിലെ ടോയ്‌ലറ്റ് നിർമാണത്തിനാണ് ഉപയോഗിക്കുന്നത്. സർക്കാർ സ്കൂളുകളിലേത് പൂർത്തിയാകുമ്പോൾ എയ്ഡഡ് സ്കൂളുകളിലേക്ക് കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.



# കുടുംബസുരക്ഷ

## ദരിദ്ര കുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

**സംസ്ഥാനത്തെ ദരിദ്രജനവിഭാഗങ്ങൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിലേയ്ക്കായി സംസ്ഥാന സർക്കാരിന്റെ ഒരു വർഷത്തെ പ്രത്യേക വികസന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് ദരിദ്രകുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി.**

സംസ്ഥാനത്തെ ദരിദ്രജനവിഭാഗങ്ങൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിലേയ്ക്കായി സംസ്ഥാന സർക്കാരിന്റെ ഒരു വർഷത്തെ പ്രത്യേക വികസന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് ദരിദ്രകുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി.

കേരളം ആരോഗ്യ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ നിസ്തുലമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പ്രത്യേകിച്ചും, ആരോഗ്യ മേഖലയിലെ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ ഏതൊരു വികസിത രാജ്യത്തിന്റേതിനുമൊപ്പം കിടപിടിക്കുന്നതാണ്. സാർവത്രിക പ്രതിരോധ കുത്തിവയ്പ്, ആയുർദൈർഘ്യത്തിലെ വർദ്ധനവ്, മാതൃ-ശിശുമരണ നിരക്കിലെ കുറവ്, സ്ത്രീ-പുരുഷ അനുപാതം എന്നിവ ദേശീയ ശരാശരിയെക്കാൾ മികച്ചതും വികസിത രാജ്യങ്ങളോടൊത്തു നിൽക്കുന്നതുമാണ്. ഈ നേട്ടങ്ങൾ നാം അഭിമാനപൂർവം എടുത്തുകാട്ടുമ്പോൾത്തന്നെ ഇവയെ പ്രതികൂലമായി ബാധിക്കാവുന്ന ചില പ്രവണതകൾ ഏറി വരുന്നതും ശ്രദ്ധിക്കപ്പെടേണ്ടതായിട്ടുണ്ട്.

ആയുർദൈർഘ്യത്തിലുണ്ടായിട്ടുള്ള വർദ്ധനവ് ഏറെ മികച്ചതാണെങ്കിലും ഇതോടൊപ്പം രോഗാതുരതയിലുണ്ടായിട്ടുള്ള വർധനവ് ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങളെ പിന്നോട്ടടിക്കുമോ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. രോഗാതുരതയിലുണ്ടാവുന്ന വർധനവിന്റെ വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ ദാരിദ്ര്യജന്യ രോഗങ്ങളിലും, ജലജന്യ രോഗങ്ങളിലും ജീവിതശൈലീജന്യരോഗങ്ങളിലും ഉണ്ടായിട്ടുള്ള വർദ്ധനവും പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.

സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ ലഭ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളും ജനങ്ങളുടെ ഉയർന്ന വിദ്യാഭ്യാസ സാംസ്കാരിക നിലവാരവുമാണ് ആരോഗ്യരംഗത്തെ നേട്ടങ്ങൾക്ക് നിദാനം. സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആതുര ശുശ്രൂഷാ കേന്ദ്രങ്ങളുടെ ബൃഹത്തായ ശൃംഖലയിലൂടെ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ആരോഗ്യമേഖലയിലെ നേട്ടങ്ങൾ നില നിർത്തുന്നതിന് സഹായിച്ചിട്ടുണ്ട്. രോഗാതുരതയിലെ വർദ്ധനവും, മരുന്നുകളുടെയും ഇതര സേവനങ്ങളുടെയും വിലനിലവാരത്തി ലുണ്ടായിട്ടുള്ള വർദ്ധനവും സർക്കാർ സംവിധാനങ്ങളുടെ ശേഷിക്കപ്പുറം വരുന്ന ആവശ്യകതയും പാവപ്പെട്ട കുടുംബങ്ങളിൽ പ്പെട്ടവർക്ക് വേണ്ട സമയത്ത് ശരിയായ രോഗചികിത്സ ലഭ്യമാകുന്ന തിന് തടസ്സമാകുന്നുണ്ട്.



## ദാരിദ്ര്യജന്യരോഗങ്ങൾക്ക് അടിസ്ഥാനം ജനിതകമല്ല മറിച്ച്, ശുദ്ധജല ലഭ്യത, ശുദ്ധ വായു, നല്ല പരിസരം, നല്ല ആഹാരം എന്നിവ പ്രദാനം ചെയ്യുന്ന ജീവിത സാഹചര്യങ്ങളുടെ അപര്യാപ്തതയും ആതുര ശുശ്രൂഷാ സംവിധാനം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ അവർക്ക് ലഭിക്കുന്ന സേവനങ്ങളുടെ കാര്യക്ഷമതയില്ലായ്മയുമാണ്.

ഒരു ദശാബ്ദക്കാലത്തിനു മുൻപ് കേട്ടുകേൾവി പോലുമില്ലാ തിരുന്ന എലിപ്പനി, ഡങ്കിപ്പനി, ജപ്പാൻ ജ്വരം എന്നിവ വ്യാപകമാവു കയും ജീവഹാനിക്കുവരെ ഇടയാക്കുകയും ചെയ്യുന്നു. ടൈഫോയ്ഡ്, കോളറ, വയറിളക്കരോഗങ്ങൾ, പ്രമേഹം, രക്ത സമ്മർദം എന്നിവയും ഇന്ന് സർവസാധാരണമായിരിക്കുന്നു.

രോഗനിർണയ ചികിത്സാരംഗത്തുണ്ടായിട്ടുള്ള പുരോഗതിയുടെ സദ്ഫലങ്ങൾ പാവപ്പെട്ടവർക്ക് എത്രമാത്രം പ്രയോജനപ്പെടുന്നു വെന്നതും പരിശോധിക്കേണ്ടതായിട്ടുണ്ട്. വൈദ്യശാസ്ത്രമേഖല യിലെ ആധുനികവത്കരണം രോഗനിർണയ ചികിത്സാരംഗത്ത് വിപ്ലവം തന്നെ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഇവയെല്ലാം തന്നെ ചെലവേറിയതാകയാൽ പാവപ്പെട്ടവർക്ക് അപ്രാപ്യമാകുന്നു എന്നതും ശ്രദ്ധേയമാണ്.

സാധാരണഗതിയിൽ ദാരിദ്ര്യജന്യരോഗങ്ങൾ എന്നറിയപ്പെടു ന്നത് ജലജന്യരോഗങ്ങൾ, ത്വക്‌രോഗങ്ങൾ എന്നിവയാണ്. ദാരിദ്ര്യജന്യരോഗങ്ങൾക്ക് അടിസ്ഥാനം ജനിതകമല്ല മറിച്ച്, ശുദ്ധജല ലഭ്യത, ശുദ്ധ വായു, നല്ല പരിസരം, നല്ല ആഹാരം എന്നിവ പ്രദാനം ചെയ്യുന്ന ജീവിത സാഹചര്യങ്ങളുടെ അപര്യാ പ്തതയും ആതുര ശുശ്രൂഷാ സംവിധാനം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ അവർക്ക് ലഭിക്കുന്ന സേവനങ്ങളുടെ കാര്യക്ഷമതയില്ലായ്മയുമാണ്. കൂടാതെ, ദാരിദ്ര്യത്തെത്തുടർന്ന് സാമ്പത്തികമായ ഇല്ലായ്മയും, വിദ്യാഭ്യാസ ത്തിന്റെ പിന്നോക്കാവസ്ഥയും, ആരോഗ്യ സംരക്ഷണത്തിനുത കുന്ന മനോഭാവമില്ലാത്തതും ഓരോ ദരിദ്രകുടുംബത്തിലും അവശ്യം വേണ്ട ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് തടസ്സ മാകുന്നു. ദരിദ്ര കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയും, ആരോഗ്യവുമായി അഭേദ്യമായ ബന്ധമുണ്ട്. രോഗങ്ങൾ കാരണം ചെലവ് കൂടുകയും, തൊഴിൽ ദിനങ്ങളുടെ എണ്ണത്തിൽ കുറവു ണ്ടാകുക വഴി വരുമാനം കുറയുകയും ചെയ്യുന്ന അവസ്ഥ സംജാത മാകുന്നു. ക്രമേണ ഇത് കുടുംബത്തെ കടക്കെണിയിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്നു. ഇതുമൂലമുണ്ടാകുന്ന ഉയർന്ന രോഗാ തുരതയും മരണനിരക്കും ദരിദ്ര സമൂഹങ്ങളുടെ പൊതുസ്വഭാവ മാണ്.

ഈ പശ്ചാത്തലത്തിലാണ് ദരിദ്രകുടുംബങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായി ഒരു പ്രത്യേക ആരോഗ്യ സുരക്ഷാ പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന് ആലോചിക്കേണ്ടി വന്നത്. തുടർന്ന്, ദരിദ്ര കുടുംബങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്നതിന് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ (നഗരം) സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ഗ്രാമം) സെക്രട്ടറി എന്നിവർ അംഗങ്ങളായും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായും ഒരു സമിതി രൂപീകരിച്ചു. ഈ സമിതി ദരിദ്രകുടുംബങ്ങൾക്ക് അപകട ഇൻഷ്വറൻസും, ആരോഗ്യ ഇൻഷ്വറൻസും ലഭ്യമാക്കുന്നതിലേ ക്കായി പ്രത്യേക സ്കീം ആവിഷ്ക്കരിക്കുകയുണ്ടായി.

ദരിദ്ര കുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷ പ്രദാനം ചെയ്യുന്ന സമാനമായ ഒരു പദ്ധതി കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. Universal Health Insurance Scheme എന്ന പേരിലറിയപ്പെടുന്ന ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന ആനു കൂല്യങ്ങൾ കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ അപര്യാപ്ത മെന്ന് കണ്ടതുകൊണ്ടാണ് കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി പ്രത്യേക സ്കീം തയ്യാറാക്കിയിട്ടുള്ളത്. Universal

Health Insurance Scheme-ൽ ലഭ്യമായിട്ടുള്ള ആനുകൂല്യങ്ങൾ ചുവടെ.

| | | | | |
|---|---|---|---|---|
| എ. | (1) | ആശുപത്രി/നേഴ്സിംഗ് ഹോം അനുവദിക്കുന്ന റൂം/ബോർഡിംഗ് ചെലവുകൾ | : | പ്രതിദിനം 150/- രൂപ |
| | (2) | ഐ.സി. യൂണിറ്റിൽ പ്രവേശിപ്പിക്കപ്പെടുമ്പോൾ | : | പ്രതിദിനം 300/- രൂപ |
| ബി. | സർജൻ, അസ്തേറ്റിസ്റ്റ്, മെഡിക്കൽ പ്രാക്ടീഷണർ, കൺസൾട്ടന്റ്സ്, സ്പെഷ്യലിസ്റ്റ് ഫീസ്, നേഴ്സിംഗ് ചെലവുകൾ | | : | ഒരു അസുഖത്തിന്/മുറിവിന് പരമാവധി 4500/- രൂപ വരെ |
| സി. | അനസ്തേഷ്യ, രക്തം, ഓക്സിജൻ, ഒ.റ്റി. ചാർജ്, സർജിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ, ഡ്രഗ്സ്, ഡയഗ്ണോസ്റ്റിക് മെറ്റീരിയൽ& എക്സറേ, ഡയാലിസിസ്, കീമോതെറാപ്പി, റേഡിയോ തെറാപ്പി, പേസ്മേക്കർ ചെലവ്, കൃത്രിമക്കാൽ മുതലായവയ്ക്ക് | | : | ഒരു അസുഖത്തിനും മുറിവിനും പരമാവധി 15000/- രൂപ വരെ |

എന്നാൽ ഒരു രോഗത്തിന് പരമാവധി അനുവദിക്കപ്പെടുന്ന തുക 15000/- രൂപയും ഒരു വ്യക്തിക്കോ, കുടുംബാംഗങ്ങൾക്കെല്ലാവർക്കും കൂടിയോ ഇൻഷ്വറൻസ് കാലാവധിക്കുള്ളിൽ ലഭിക്കുന്ന പരമാവധി തുക 30000/- രൂപയുമാണ്. ഓരോ വ്യക്തിക്കും ഒരു വർഷം പരമാവധി ലഭിക്കാവുന്ന സഹായം 15000/- രൂപയായിരിക്കും. ഈ പദ്ധതിപ്രകാരം, ഒരു കുടുംബത്തിന് വരുമാനം ലഭ്യമാക്കുന്ന ആൾ അപകടം മൂലം മരണപ്പെടുകയാണെങ്കിൽ 25000/- രൂപയും, പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയാണെങ്കിൽ പ്രതിദിനം 50 രൂപ പ്രകാരം 15 ദിവസത്തേയ്ക്കും ലഭിക്കുന്നതാണ്. 3 മാസം മുതൽ 5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ ഉൾപ്പെടെ, 5 വയസ്സു മുതൽ 65 വയസ്സുവരെ പ്രായമുള്ളവർക്ക് Universal Health Insurance Scheme ബാധകമാണ്.

കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് ദേശവ്യാപകമായി നടപ്പാക്കിവരുന്ന Universal Health Insurance Scheme ലൂടെ



ലഭ്യമാകുന്ന ആനുകൂല്യങ്ങൾക്ക് നിരവധി പരിമിതികൾ ഉണ്ട്. ഉദാ: കുടുംബത്തിൽ വരുമാനം ലഭ്യമാക്കുന്ന ഗൃഹനാഥൻ/ഗൃഹനാഥയുടെ അപകട മരണത്തിന് നൽകുന്ന നഷ്ടപരിഹാരം കേവലം 25,000/- രൂപ മാത്രമാണ്. അപകടത്തെ തുടർന്ന് പൂർണമോ ഭാഗികമോ ആയ അംഗവൈകല്യമുണ്ടാകുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. കുടുംബാംഗങ്ങളുടെ ചികിത്സാചെലവ് ഒരു വ്യക്തിക്ക് നൽകുന്ന ആനുകൂല്യത്തിന് 15,000/- രൂപ പരിധിയായി നിശ്ചയിച്ചിട്ടുണ്ട്.

പ്രസവത്തോടനുബന്ധിച്ച് ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ടി വരുന്ന ചെലവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇൻഷ്വറൻസ് പരിരക്ഷ ആരംഭിക്കുന്ന സമയത്ത് നിലവിലുള്ള രോഗങ്ങൾ ഇൻഷ്വറൻസ് പരിധിയിൽപ്പെടുന്നില്ല. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിൽ സൗജന്യ ചികിത്സ ലഭ്യമല്ല. വീട്ടിൽ കിടത്തിയുള്ള ചികിത്സയും പദ്ധതിയുടെ പിരിധിയിൽ വരുന്നില്ല. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ ഇൻഷ്വറൻസ് സ്കീം ആവിഷ്ക്കരിക്കുന്നതിനു വേണ്ടി രൂപീകരിച്ച സമിതി, രൂപപ്പെടുത്തിയ നിർദിഷ്ട ഇൻഷ്വറൻസ് പദ്ധതിയിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ഉൾപ്പെടുത്തണമെന്ന് നിർദേശിച്ചത്.

ഈ പദ്ധതിയിൽ നിന്നും താഴെപ്പറയുന്ന രീതിയിലുണ്ടാകുന്ന രോഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

## എ. അപകട ഇൻഷ്വറൻസ്

| | | |
|---|---|---|
| 1 | അപകടമരണം സംഭവിക്കുകയാണെങ്കിൽ | 1 ലക്ഷം രൂപ |
| 2 | പൂർണമായ ശാരീരിക വൈകല്യം സംഭവിക്കുകയാണെങ്കിൽ | 1 ലക്ഷം രൂപ |
| 3 | ഭാഗികമായ ശാരീരിക വൈകല്യം സംഭവിക്കുകയാണെങ്കിൽ | 50000 രൂപ |

## ബി. ആരോഗ്യ ഇൻഷ്വറൻസ്

| | | |
|---|---|---|
| 1 | കുടുംബങ്ങളുടെ ചികിത്സാ ചെലവുകൾ (5 അംഗങ്ങൾക്ക്) | പരമാവധി 30,000/- രൂപ /ഒരു വർഷത്തേയ്ക്ക് ഒരു വ്യക്തിക്കോ/ എല്ലാവർക്കും കൂടിയോ |
| 2 | വീട്ടിൽ കിടത്തി ചികിത്സിക്കുന്നതിന് | പരമാവധി 6000 രൂപ പ്രതിവർഷം |
| 3 | പ്രസവ ചികിത്സയ്ക്ക് | 15000 രൂപ വരെ പ്രതിവർഷം |
| 4 | നിലവിലുള്ള എല്ലാ രോഗങ്ങൾക്കുമുള്ള പരിരക്ഷ | |
| 5 | മാനസിക രോഗത്തിനുള്ള പരിരക്ഷ | |
| 6 | ഉപജീവന ബത്ത | കുടുംബത്തിലെ വരുമാനദായകനായ വ്യക്തിയുടെ രോഗ ചികിത്സാ സമയത്ത് പ്രതിദിനം 50 രൂപ |
| 7 | കൂട്ടിരിപ്പ് ബത്ത (Bye stander allowance) | ഒരാഴ്ചക്കാലത്തേയ്ക്ക് പ്രതിദിനം 50 രൂപ |
| 8 | ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്ത കുടുംബാംഗങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ പണം നൽകാതെയുള്ള ചികിത്സാ സൗകര്യം. | |
| 9 | 15 കിടക്കകളെങ്കിലുമുള്ള സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികളിൽ ചികിത്സാ സൗകര്യം. | |
| 10 | അലോപ്പതിക്കുപുറമെ ആയുർവേദ/ഹോമിയോ/യുനാനി ചികിത്സകൾക്കും സഹായം. | |

ആത്മഹത്യാ ശ്രമത്തെ തുടർന്നോ, സ്വയം ഉണ്ടാക്കുകയോ ചെയ്ത മുറിവുമായി ബന്ധപ്പെട്ട ചികിത്സ.

നിരോധിക്കപ്പെട്ടതോ, സാധാരണ ഉപയോഗത്തിലില്ലാത്ത മരുന്നുകൾ ഉപയോഗിക്കുകവഴിയോ, മദ്യമോ മറ്റ് നിരോധിക്കപ്പെട്ട വസ്തുക്കളോ ഉപയോഗിക്കുക വഴിയോ ഉണ്ടാകുന്ന മുറിവുകളും, രോഗങ്ങളും.

ഭീകര പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന മുറിവുകളും, പരിക്കുകളും.

നിയമ വിരുദ്ധ പ്രവർത്തനങ്ങളിലൂടെ ഉണ്ടാകുന്ന മുറിവുകളും, പരിക്കുകളും.

പോളിസി നിലവിൽ വന്നതിനുശേഷം ആദ്യത്തെ മൂന്ന് മാസങ്ങൾക്കുള്ളിലുണ്ടാകുന്ന പ്രസവം.

അപകട ഇൻഷ്വറൻസിനെ സംബന്ധിച്ചിടത്തോളം താഴെപ്പറയുന്നവ ഒഴിവാക്കപ്പെട്ടിരിക്കുന്നു.

ആത്മഹത്യാ ശ്രമത്തെ തുടർന്നോ, സ്വയം ഉണ്ടാക്കുകയോ ചെയ്ത മുറിവുമായി ബന്ധപ്പെട്ട മരണവും, അംഗവൈകല്യവും.

നിരോധിക്കപ്പെട്ടതോ, സാധാരണ ഉപയോഗത്തിലില്ലാത്ത മരുന്നുകൾ ഉപയോഗിക്കുകവഴിയോ, മദ്യമോ മറ്റ് നിരോധിക്കപ്പെട്ട വസ്തുക്കളോ ഉപയോഗിക്കുക വഴിയോ ഉണ്ടാകുന്ന മരണവും അംഗവൈകല്യവും.

ഭീകര പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന മരണവും അംഗവൈകല്യവും.

നിയമ വിരുദ്ധ പ്രവർത്തനങ്ങളിലൂടെ ഉണ്ടാകുന്ന മരണവും അംഗവൈകല്യവും.

പോളിസി നിലവിൽ വരുന്നതിന് മുമ്പുണ്ടാകുന്ന മരണവും അംഗവൈകല്യവും.

മുകളിൽ വിവരിച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ദേശസാത്കൃത ഇൻഷ്വറൻസ് കമ്പനികളോട് പ്രീമിയം നിരക്കുകളും, ആനുകൂല്യ ലഭ്യതയും, സേവന രീതിയും അറിയിക്കുന്നതിന് ആവശ്യപ്പെടുകയുണ്ടായി. ദേശസാത്കൃത കമ്പനികൾക്കൊപ്പം ഐ.സി.ഐ.സി.ഐ ലൊംബാർഡ് എന്ന സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയും ഐ.സി.ഐ.സി.ഐ ബാങ്കും അവരുടെ നിരക്കുകൾ അറിയിക്കുകയുണ്ടായി.

ദേശസാത്കൃത കമ്പനികളിൽ മുകളിൽ വിവരിച്ച എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കാമെന്ന് സമ്മതിച്ചത് നാഷണൽ ഇൻഷ്വറൻസ് കമ്പനി മാത്രമാണ്. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയാകട്ടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുക വഴി സൗജന്യ ചികിത്സ ലഭ്യമാക്കുന്നത് ഒഴികെ മറ്റുള്ളവ ലഭ്യമാക്കാമെന്നും സമ്മതിച്ചു. ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി പ്രസവാനുകൂല്യങ്ങൾ 10,000/- രൂപയായി പരിമിതപ്പെടുത്തുകയും, നിലവിലുള്ള രോഗങ്ങളും, മാനസിക രോഗങ്ങളും ഉൾപ്പെടുത്താൻ കഴിയില്ലെന്നും, സൗജന്യ ചികിത്സാ സംവിധാനം തെരഞ്ഞെടുത്ത ആശുപത്രികളിൽ മാത്രമേ നടത്താൻ കഴിയുള്ളൂവെന്നും അറിയിച്ചിരുന്നു. യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയാകട്ടെ പ്രസവാനുകൂല്യങ്ങൾ 5,000/- രൂപയായി പരിമിതപ്പെടുത്തുകയും, നിലവിലുള്ള രോഗങ്ങളെ സംബന്ധിച്ച് പ്രത്യേകമായി ചർച്ച വേണമെന്നും, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കുക വഴിയുള്ള സൗജന്യ ചികിത്സാ സംവിധാനം കുടുംബശ്രീ സംവിധാനത്തിലൂടെ നടപ്പാക്കാമെന്നും, കുട്ടിരിപ്പ് ബത്തയെപ്പറ്റി പ്രത്യേകമായി ചർച്ച ചെയ്യാമെന്നും അറിയിക്കുകയുണ്ടായി.

ഇപ്രകാരം സേവനങ്ങൾ ലഭ്യമാക്കുന്നതിന് നാഷണൽ ഇൻഷ്വറൻസ് കമ്പനി ഓരോ കുടുംബാംഗത്തിനും പ്രത്യേക പരിധിയില്ലാതെ 750 രൂപയും, പ്രത്യേക പരിധിയോടുകൂടി 650 രൂപയും, ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി 525 രൂപയും, യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി 278 രൂപയും, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി 502 രൂപയും പ്രീമിയം നിരക്കായി അറിയിക്കുകയുണ്ടായി.

മുകളിൽ വിവരിച്ച എല്ലാ ആനുകൂല്യങ്ങളും പ്രദാനം ചെയ്യുന്നതിന് ഐ.സി.ഐ.സി.ഐ ബാങ്ക് സമർപ്പിച്ച ക്വട്ടേഷനിൽ, ഒരു കുട്ടിയുൾപ്പെടെ അഞ്ചംഗകുടുംബത്തിന് 580 രൂപയും, 21 വയസ്സിൽ താഴെ മൂന്ന് കുട്ടികളടങ്ങുന്ന അഞ്ചംഗകുടുംബത്തിന് 550 രൂപയും പ്രീമിയമായി ആവശ്യപ്പെടുകയുണ്ടായി.

ഐ.സി.ഐ.സി.ഐ ലൊംബാർഡ് സമർപ്പിച്ച ക്വട്ടേഷനിൽ ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ടി സർക്കാർ രൂപീകരിച്ച, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള, സമിതി നിശ്ചയിച്ചതും 11-ാമത് ഖണ്ഡികയിൽ വിവരിച്ചിട്ടുള്ളതുമായ എല്ലാ ആനുകൂല്യങ്ങളും വളരെ പരിമിതമായ ഒഴിവാക്കലുകളോടെ ലഭ്യമാക്കുന്നതിന് ഒരു കുടുംബത്തിന് പ്രതിവർഷം 99 രൂപയാണ് സ്വകാര്യ ജനറൽ ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെട്ടത്.

ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് സ്കീമിൽ (യു.എച്ച്.ഐ.എസ്) നിന്നും ലഭിക്കാവുന്ന ഒരു കുടുംബത്തിന് 300/- രൂപ നിരക്കിലുള്ള സാമ്പത്തിക സഹായം വാങ്ങിയെടുക്കുന്നതിനുള്ള ഉത്തരവാദിത്തം ഐ.സി.ഐ.സി.ഐ ലൊംബാർഡ് ജനറൽ ഇൻഷ്വറൻസ് കമ്പനിക്കായിരിക്കും. കേന്ദ്രസർക്കാരിലേയ്ക്ക് ഇതിനുവേണ്ട ശുപാർശക്കത്തുകൾ ഗവൺമെന്റിൽ നിന്നും നൽകുന്നതാണ്.

ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുകയിൽ കേന്ദ്ര സർക്കാർ വിഹിതം കഴിച്ചുള്ള 99 രൂപ 1:1:1 എന്ന അനുപാതത്തിൽ സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവർ വഹിക്കും.




**ഒരു രോഗത്തിന് പരമാവധി അനുവദിക്കപ്പെടുന്ന തുക 15000/- രൂപയും ഒരു വ്യക്തിക്കോ, കുടുംബാംഗങ്ങൾക്കെല്ലാവർക്കും കൂടിയോ ഇൻഷ്വറൻസ് കാലാവധിക്കുള്ളിൽ ലഭിക്കുന്ന പരമാവധി തുക 30000/- രൂപയുമാണ്. ഓരോ വ്യക്തിക്കും ഒരു വർഷം പരമാവധി ലഭിക്കാവുന്ന സഹായം 15000/- രൂപയായിരിക്കും.**

ഗുണഭോക്താവിന് വളരെ ചുരുങ്ങിയ പ്രീമിയം തുകയാണ്. പ്രതിവർഷം 33 രൂപ മാത്രം മതി.

പ്രീമിയം തുകയായ 399 രൂപയിൽ കേന്ദ്ര സർക്കാർ 300 രൂപയും സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവർ 33 രൂപ വീതവും വഹിക്കുന്നു എന്നതാണ് പദ്ധതിയുടെ സവിശേഷത. ■

**എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തിലേക്ക് നീങ്ങാൻ സമഗ്രവും ശാസ്ത്രീയവുമായ ജലസംരക്ഷണ മാർഗങ്ങൾ സ്വീകരിക്കണം. ജനകീയ പങ്കാളിത്തം ഇതിന് അത്യന്താപേക്ഷിതമാണ്.**



# ജനകീയ ജലസംരക്ഷണ



**തിരുവഞ്ചൂർ രാധാകൃഷ്ണൻ**
*ജലവിഭവ വകുപ്പ് മന്ത്രി*

ജീവജലം മനുഷ്യാവകാശമാണ്. മാനവരാശിയുൾപ്പെടെയുള്ള ജൈവ വ്യവസ്ഥയുടെ നിലനില്പ് തന്നെ ജലലഭ്യതയും അവയുടെ സംരക്ഷണവുമായി ബന്ധപ്പെടുത്തിയാണ്. ലോകത്തിൽ പല സംസ്കാരങ്ങളും രൂപപ്പെട്ടതിലും നശിച്ചതിലും ജലത്തിന്റെ പങ്ക് നിർണായകമാണ്. ജലവും അവയുമായി ബന്ധപ്പെട്ട തർക്കങ്ങളും സംഘർഷങ്ങളും ലോകത്തിലാകെ വിവിധ രാജ്യങ്ങളിൽ കാണാവുന്നതാണ്. ശുദ്ധജല ലഭ്യതയിലുണ്ടാകുന്ന കുറവ്, ജലമലിനീകരണം, അമിതമായ ജലചൂഷണം എന്നിവയും പ്രശ്നങ്ങളെ സങ്കീർണമാക്കുന്നു. ജലസ്രോതസ്സുകളുടെ ഉടമസ്ഥത, ജലത്തിന്റെ അളവ്, ജലം പങ്കുവയ്ക്കൽ തുടങ്ങിയ മേഖലകളും സജീവ ചർച്ചാവിഷയങ്ങളാണ്.

മഴയുടെ നാടായ കേരളം ജലസ്രോതസുകളാൽ സമ്പന്നമാണ്. ദേശീയ ശരാശരിയെക്കാൾ രണ്ടരയിരട്ടി മഴ, വനസമ്പത്ത്, കുളങ്ങൾ, കിണറുകൾ, ജലാശയങ്ങൾ, നദികൾ, തോടുകൾ, നീരുറവകൾ എന്നിവയെല്ലാം കൊണ്ട് അനുഗ്രഹീതമായ ഒരു ദേശം. അതേസമയം കുടിവെള്ളക്ഷാമം, വരൾച്ച, വെള്ളപ്പൊക്കം, കൃഷിനാശം, ജലമലിനീകരണം എന്നിവ നമ്മുടെ മുന്നിൽ വെല്ലുവിളികളുയർത്തുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളായ ഭൂമിയുടെ ചരിവ്, നദികളുടെ നീളത്തിലെയും വീതിയിലെയും കുറവ്, മഴദിനങ്ങളുടെ വ്യത്യാസം, മഴത്തുള്ളികളുടെ ശക്തി, പാറയുടെ ഘടന, മണ്ണിന്റെ സ്വഭാവം എന്നിവ കാരണം ഉപരിതല നീരൊഴുക്ക് വളരെ കൂടുതലാണ്. അതുപോലെ ഭൂവിനിയോഗത്തിലെ അശാസ്ത്രീയത, പാടം നികത്തൽ, തണ്ണീർത്തടങ്ങളുടെ നാശം, വനനശീകരണം, മണലൂറ്റൽ, കെട്ടിട നിർമാണ രീതികൾ തുടങ്ങിയ മനുഷ്യ ഇടപെടലും ജലസംരക്ഷണത്തെ ബാധിക്കുന്നുണ്ട്.

2007-ൽ എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുകയെന്നത് ഭരണ-പ്രതിപക്ഷ ഭേദമെന്യെ എല്ലാവരും അംഗീകരിച്ച കാര്യമാണ്. ശുദ്ധജലത്തിന്റെ തോത് വർധിപ്പിച്ചു മാത്രമേ നമുക്ക് ലക്ഷ്യം നേടാനാവുകയുള്ളൂ. സമഗ്രവും ശാസ്ത്രീയവുമായ ജലസംരക്ഷണത്തിനും ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുവാനും വിപുലമായ ജനകീയ പങ്കാളിത്തം അത്യാവശ്യമാണ്. വിവിധ തലങ്ങളിലുള്ള വലുതും ചെറുതുമായ പരിപാടികളും ആവശ്യമാണ്. പ്രകൃതിയിൽ നിന്നു ലഭിക്കുന്ന ഏറ്റവും ശുദ്ധമായ മഴവെള്ളം സംഭരിച്ച് കുടിവെള്ളത്തിനുപയോഗിക്കുവാനും ഭൂഗർഭ ജലപരിപോഷണം നടത്തുവാനും 2004 മുതൽ ഊർജിതമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അവ കൂടുതൽ വ്യാപകമാക്കേണ്ടതുണ്ട്.

ലോകത്തിലേറ്റവും കൂടുതൽ കിണറു




കളുള്ള സ്ഥലവും കേരളമാണ്. ഏകദേശം 45 ലക്ഷം കിണറുകളുണ്ട്. ശരാശരി 10,000 രൂപ കണക്കാക്കിയാലും 4500 കോടി രൂപ വിലവരുന്ന ആസ്തികളാണവ. കേരളത്തിൽ ഏതൊരു പ്രദേശം പരിഗണിച്ചാലും ധാരാളം കുളങ്ങൾ, ജലാശയങ്ങൾ എന്നിവയും കാണാവുന്നതാണ്. മഴവെള്ളം കിണറുകളിലേക്കു കടത്തിവിടുവാനും ജലസ്രോതസ്സുകൾ സംരക്ഷിക്കുവാനും നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജലസ്രോതസ്സുകൾ മാലിന്യരഹിതമായി സൂക്ഷിക്കുവാനും അവയൊക്കെ നമ്മുടെ ജീവന്റെ ഉറവകളാണെന്ന തിരിച്ചറിവിൽ സംരക്ഷിക്കുവാനും പ്രാദേശികമായ ജനകീയ കൂട്ടായ്മയിലൂടെ കഴിയണം. പ്രാദേശിക തലത്തിലെ ജലജാഗ്രത നമ്മുടെ ജലസുരക്ഷയ്ക്കും ജലസ്വാശ്രയത്വത്തിനും അത്യാവശ്യമാണ്.

കേരളത്തിലെ എല്ലാവർക്കും ശുദ്ധജലം എത്തിക്കുവാനും ജലസ്രോതസ്സുകൾ സംരക്ഷിക്കുവാനും മഴവെള്ളസംഭരണം വ്യാപകമാക്കുവാനും അനിയന്ത്രിതമായ ഭൂഗർഭ ജല ചൂഷണം ഒഴിവാക്കുവാനുമുള്ള നിരവധി നടപടികൾ ഇതിനകം സർക്കാർ സ്വീകരിച്ചുകഴിഞ്ഞു. സ്ഥായിയായ ജലസംരക്ഷണം ഉറപ്പാക്കുവാൻ ജനകീയമായ നിരവധി പ്രവർത്തനങ്ങളും നടപ്പിലാക്കപ്പെടണം. ശുദ്ധജലത്തിന്റെ തോത് വർധിപ്പിക്കുക, ജലസ്രോതസ്സുകൾ മാലിന്യവിമുക്തമാക്കുക, ഭൂഗർഭജലസമ്പത്ത് വർധിപ്പിക്കുക, പ്രാദേശികമായ ജലസുരക്ഷ ഉറപ്പാക്കുക, ജലസംരക്ഷണത്തിൽ ജനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ നൽകുക തുടങ്ങിയ വിപുലമായ ലക്ഷ്യങ്ങളോടുകൂടിയാണ് കേരള സർക്കാർ ജനകീയ ജലസംരക്ഷണ പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ജലസാക്ഷരതാപരിപാടികളും ശുദ്ധജലം ലഭ്യമാക്കുവാനുള്ള കർമപരിപാടികളുമാണ് പ്രധാനമായും വിഭാവനം ചെയ്തിട്ടുള്ളത്. പ്രാഥമികമായി ആറ് മാസക്കാലം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളത്. പക്ഷേ ദീർഘകാലാടിസ്ഥാനത്തിൽ ജലസംരക്ഷണം ഒരു സംസ്കാരമായി വളർത്തിയെടുക്കുവാനും നമുക്ക് കഴിയണം.

## ജലസാക്ഷരതാ പരിപാടി

പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് വിപുലമായ ജലസാക്ഷരതാ പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവയുടെ സംസ്ഥാനതല ഉദ്ഘാടനം 2005 ഡിസംബർ 8ന് തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയിൽ സംഘടിപ്പിച്ച ജനകീയ ജല കൺവെൻഷനിൽ വച്ച് ബഹു: കേരളാ മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. ഇതിനോടനുബന്ധിച്ച് സമൂഹത്തിലെ സമസ്ത ജനവിഭാഗങ്ങളെയുമുൾപ്പെടുത്തി പ്ലാമൂട് ചാരാച്ചിറകുളം മുതൽ കിഴക്കേക്കോട്ട പത്മതീർത്ഥം വരെ പതിനായിരത്തിലധികം പേർ പങ്കെടുത്ത ജലയാത്രയും സംഘടിപ്പിച്ചിരുന്നു. തുടർന്ന് പയശ്ശിനി (കാസർഗോഡ്), പട്ടാമ്പി (പാലക്കാട്), ആറൻമുള (പത്തനംതിട്ട) എന്നിവിടങ്ങളിൽ ജനുവരി മാസത്തിൽ വിപുലമായ ജനകീയ ജല കൺവെൻഷനുകൾ സംഘടിപ്പിക്കുന്നതാണ്. പദ്ധതിയുടെ പ്രചരണാർത്ഥം ജലഗാനം ഉൾപ്പെടുത്തി കാസറ്റ് തയ്യാറാക്കിയിട്ടുണ്ട്. ജനുവരിയിൽ കേരളത്തിലാകെ സ്കൂളുകളിൽ ജലപ്രതിജ്ഞ ഉണ്ടായിരിക്കുന്നതാണ്. പദ്ധതി കാലയളവിൽ സംസ്ഥാനത്തെ ജില്ലാ, പഞ്ചായത്ത് തലങ്ങളിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ ജല കൺവെൻഷനുകൾ, വിവിധ മത്സരങ്ങൾ, ലഘുലേഖ വിതരണം, ഗൃഹസന്ദർശനം, മറ്റ് പരിപാടികൾ എന്നിവയും സംഘടിപ്പിക്കുന്നതാണ്. ഹൈസ്കൂൾ പാഠ്യപദ്ധതിയിൽ ജലസംരക്ഷണം ഉൾപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി കോഴിക്കോട് CWRDM-ന്റെ നേതൃത്വത്തിൽ ജലകണങ്ങൾ എന്ന പുസ്തകവും തയ്യാറാക്കി അദ്ധ്യാപക പരിശീലനം നടത്തിവരുന്നു.

## ശുദ്ധജല ലഭ്യതയ്ക്കുള്ള കർമപരിപാടി

പ്രസ്തുത കാലയളവിൽ കേരള വാട്ടർ അതോറിറ്റി, ഭൂഗർഭ ജലവകുപ്പ്, ചെറുകിട ജലസേചന വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. ജലനിധി പഞ്ചായത്തുകളിൽ 5850 മഴവെള്ള സംഭരണികൾ, 35000 വീടുകളിൽ കിണർ പരിപോഷണ പ്രവർത്തനങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്ഥാപനങ്ങളിൽ (മെഡിക്കൽ കോളേജുകൾ, സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ) മഴവെള്ള സംഭരണികൾ

എന്നിവയും തയ്യാറാക്കുന്നതാണ്. സംസ്ഥാനത്തെ കിണറുകളിലെ ജലഗുണനിലവാര പരിശോധനയും പരിഹാരമാർഗ നിർദേശവും നടത്തുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഏകദേശം 50 ലക്ഷത്തിലധികം വരുന്ന ജനങ്ങൾക്ക് ശുദ്ധജലം കൂടുതലായി ലഭ്യമാക്കുവാൻ കഴിയുന്നതാണ്.

ജലസംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങളുടെ വിശകലനവും ആവശ്യമായ നിയമനിർമാണവും നടത്തുന്നതാണ്.

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി വിവിധ തലങ്ങളിലുള്ള സംഘടനാ സംവിധാനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനും, വിദ്യാഭ്യാസ മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർ വൈസ് ചെയർമാന്മാരും, ജലവിഭവ വകുപ്പ് മന്ത്രി വർക്കിംഗ് ചെയർമാനും, സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളിലെ പ്രമുഖർ എന്നിവരുൾപ്പെട്ട സംസ്ഥാനതല ജല സാക്ഷരതാ സമിതിയും, പരിസ്ഥിതി രംഗത്തെ പ്രമുഖർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട സംസ്ഥാനതല ഉപദേശ സമിതിയും, ഉദ്യോഗസ്ഥ പ്രമുഖർ, ഗവേഷണ സ്ഥാപന മേധാവികൾ എന്നിവരുൾപ്പെട്ട സംസ്ഥാനതല നിർവഹണ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ തലങ്ങളിൽ ജലജാഗ്രതാ സമിതികൾ, പഞ്ചായത്തടിസ്ഥാനത്തിൽ ജീവജല വേദികൾ, പ്രാദേശിക തലങ്ങളിൽ കുടുംബസംഗമം എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്. ഓരോ ജലസ്രോതസ്സുകളും കേന്ദ്രീകരിച്ച് ജലസംരക്ഷണ സമിതികളും കുടുംബസംഗമത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നതാണ്.

ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി വിപുലമായ പ്രാധാന്യമാണ് സർക്കാർ നൽകിയിരിക്കുന്നത്. ജലസംരക്ഷണവും ജലസുരക്ഷയുമൊക്കെ നമ്മുടെ പ്രധാന അജണ്ടകളായി മാറേണ്ടതാണ്. ജലസംരക്ഷണത്തിനായുള്ള കർമപരിപാടികൾ ഏറ്റെടുക്കുവാൻ നാം സജ്ജരാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. ജലവിനിയോഗത്തിലും പുതിയൊരു അവബോധം ആവശ്യമാണ്. ശുദ്ധജലം ജീവനാധാരമാണ്. ഓരോ തുള്ളിയും നമുക്ക് സംരക്ഷിക്കേണ്ടതുണ്ട്.

നിളയുടെ തെളിമയും പമ്പയുടെ വിശുദ്ധിയും പെരിയാറിന്റെ പെരുമയും നമ്മുടെ പൈതൃകങ്ങളാണ്. കേരള ജനസമൂഹത്തിന്റെ കൂട്ടായ്മയിൽ ഇവയൊക്കെ സംരക്ഷിക്കപ്പെടണം. കേരളത്തിന്റെ ഭാവി തലമുറകളെക്കൂടി പരിഗണിച്ചുകൊണ്ട് സർക്കാർ വിഭാവനം ചെയ്തിട്ടുള്ള ജലസംരക്ഷണ പരിപാടികൾ ഏറ്റെടുക്കുവാനും ചെറുതും വലുതുമായ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ സംഘടിപ്പിച്ച് ഈ സദുദ്യമത്തിന്റെ ഭാഗമാകുവാനും അഭ്യർത്ഥിക്കുന്നു.

ജലസംരക്ഷണം ഒറ്റപ്പെട്ട പ്രവർത്തനങ്ങളിലൂടെയോ, പദ്ധതികളിലൂടെയോ മാത്രം നേടാവുന്നതല്ല. അത് ഒരു ജനസമൂഹത്തിന്റെ ശീലങ്ങളുടെ, രീതികളുടെ, പ്രവൃത്തികളുടെ, മനോഭാവത്തിന്റെ ആകെത്തുകയാണ്. ജലം സംഭരിക്കണം, സംരക്ഷിക്കണം; ഇത് ജീവിതത്തിന്റെ ഭാഗമാവണം; തലമുറകൾ കൈമാറപ്പെടണം; ജലസംരക്ഷണം ഒരു സംസ്കാരം തന്നെയാവണം. ■

# ദാരിദ്ര്യം

**കെ.സി. അനിൽകുമാർ**

ദാരിദ്ര്യം പരിഷ്കൃത സമൂഹത്തിലെ പുഴുക്കുത്താണ്. ദാരിദ്ര്യം നിലനിൽക്കുന്ന വ്യവസ്ഥിതി ഒരു ഭരണകൂടവും അംഗീകരിക്കില്ല. ദാരിദ്ര്യ നിർമാർജനം സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള പ്രധാനമുറവിളിയായിരുന്നു; എല്ലാ കേന്ദ്രങ്ങളിൽ നിന്നും. എന്നാൽ ദാരിദ്ര്യത്തെ പൂർണമായും ഇല്ലാതാക്കാനായില്ല. സംസ്ഥാനത്ത് ദാരിദ്ര്യ നിർമാർജനപരിപാടികൾ വൻവിജയമായിരുന്നു. പദ്ധതി നടത്തിപ്പിലെ പാകപ്പിഴവുമൂലമാകാം ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന കുടുംബങ്ങൾ ഇപ്പോഴും നിലനിൽക്കുന്നത്. ഈ സ്ഥിതി കൂടി ഇല്ലാതാക്കി ദാരിദ്ര്യ നിർമാർജനം ഫലപ്രദമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഏകദേശം 16 ലക്ഷം കുടുംബങ്ങൾക്ക് കൂടി കിലോയ്ക്ക് മൂന്നു രൂപ നിരക്കിൽ 25 കിലോഗ്രാം അരി വീതം നല്കും. മന്ത്രിസഭായോഗമാണ് തീരുമാനമെടുത്തത്. ഇതോടെ ആകെ 20.48 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.



എന്നിവയും തയ്യാറാക്കുന്നതാണ്. സംസ്ഥാനത്തെ കിണറുകളിലെ ജലഗുണനിലവാര പരിശോധനയും പരിഹാരമാർഗ നിർദേശവും നടത്തുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഏകദേശം 50 ലക്ഷത്തിലധികം വരുന്ന ജനങ്ങൾക്ക് ശുദ്ധജലം കൂടുതലായി ലഭ്യമാക്കുവാൻ കഴിയുന്നതാണ്.

ജലസംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങളുടെ വിശകലനവും ആവശ്യമായ നിയമനിർമാണവും നടത്തുന്നതാണ്.

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി വിവിധ തലങ്ങളിലുള്ള സംഘടനാ സംവിധാനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനും, വിദ്യാഭ്യാസ മന്ത്രി, തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർ വൈസ് ചെയർമാന്മാരും, ജലവിഭവ വകുപ്പ് മന്ത്രി വർക്കിംഗ് ചെയർമാനും, സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളിലെ പ്രമുഖർ എന്നിവരുൾപ്പെട്ട സംസ്ഥാനതല ജല സാക്ഷരതാ സമിതിയും, പരിസ്ഥിതി രംഗത്തെ പ്രമുഖർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട സംസ്ഥാനതല ഉപദേശ സമിതിയും, ഉദ്യോഗസ്ഥ പ്രമുഖർ, ഗവേഷണ സ്ഥാപന മേധാവികൾ എന്നിവരുൾപ്പെട്ട സംസ്ഥാനതല നിർവഹണ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ തലങ്ങളിൽ ജലജാഗ്രതാ സമിതികൾ, പഞ്ചായത്തടിസ്ഥാനത്തിൽ ജീവജല വേദികൾ, പ്രാദേശിക തലങ്ങളിൽ കുടുംബസംഗമം എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്. ഓരോ ജലസ്രോതസ്സുകളും കേന്ദ്രീകരിച്ച് ജലസംരക്ഷണ സമിതികളും കുടുംബസംഗമത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നതാണ്.

ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി വിപുലമായ പ്രാധാന്യമാണ് സർക്കാർ നൽകിയിരിക്കുന്നത്. ജലസംരക്ഷണവും ജലസുരക്ഷയുമൊക്കെ നമ്മുടെ പ്രധാന അജണ്ടകളായി മാറേണ്ടതാണ്. ജലസംരക്ഷണത്തിനായുള്ള കർമപരിപാടികൾ ഏറ്റെടുക്കുവാൻ നാം സജ്ജരാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. ജലവിനിയോഗത്തിലും പുതിയൊരു അവബോധം ആവശ്യമാണ്. ശുദ്ധജലം ജീവനാധാരമാണ്. ഓരോ തുള്ളിയും നമുക്ക് സംരക്ഷിക്കേണ്ടതുണ്ട്.

നിളയുടെ തെളിമയും പമ്പയുടെ വിശുദ്ധിയും പെരിയാറിന്റെ പെരുമയും നമ്മുടെ പൈതൃകങ്ങളാണ്. കേരള ജനസമൂഹത്തിന്റെ കൂട്ടായ്മയിൽ ഇവയൊക്കെ സംരക്ഷിക്കപ്പെടണം. കേരളത്തിന്റെ ഭാവി തലമുറകളെക്കൂടി പരിഗണിച്ചുകൊണ്ട് സർക്കാർ വിഭാവനം ചെയ്തിട്ടുള്ള ജലസംരക്ഷണ പരിപാടികൾ ഏറ്റെടുക്കുവാനും ചെറുതും വലുതുമായ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ സംഘടിപ്പിച്ച് ഈ സദുദ്യമത്തിന്റെ ഭാഗമാകുവാനും അഭ്യർത്ഥിക്കുന്നു.

ജലസംരക്ഷണം ഒറ്റപ്പെട്ട പ്രവർത്തനങ്ങളിലൂടെയോ, പദ്ധതികളിലൂടെയോ മാത്രം നേടാവുന്നതല്ല. അത് ഒരു ജനസമൂഹത്തിന്റെ ശീലങ്ങളുടെ, രീതികളുടെ, പ്രവൃത്തികളുടെ, മനോഭാവത്തിന്റെ ആകെത്തുകയാണ്. ജലം സംഭരിക്കണം, സംരക്ഷിക്കണം; ഇത് ജീവിതത്തിന്റെ ഭാഗമാവണം; തലമുറകൾ കൈമാറപ്പെടണം; ജലസംരക്ഷണം ഒരു സംസ്കാരം തന്നെയാവണം. ■



# ദാരിദ്ര്യം

**കെ.സി. അനിൽകുമാർ**

ദാരിദ്ര്യം പരിഷ്കൃത സമൂഹത്തിലെ പുഴുക്കുത്താണ്. ദാരിദ്ര്യം നിലനിൽക്കുന്ന വ്യവസ്ഥിതി ഒരു ഭരണകൂടവും അംഗീകരിക്കില്ല. ദാരിദ്ര്യ നിർമാർജനം സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള പ്രധാനമുറവിളിയായിരുന്നു; എല്ലാ കേന്ദ്രങ്ങളിൽ നിന്നും. എന്നാൽ ദാരിദ്ര്യത്തെ പൂർണമായും ഇല്ലാതാക്കാനായില്ല. സംസ്ഥാനത്ത് ദാരിദ്ര്യ നിർമാർജനപരിപാടികൾ വൻവിജയമായിരുന്നു. പദ്ധതി നടത്തിപ്പിലെ പാകപ്പിഴവു മൂലമാകാം ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന കുടുംബങ്ങൾ ഇപ്പോഴും നിലനിൽക്കുന്നത്. ഈ സ്ഥിതി കൂടി ഇല്ലാതാക്കി ദാരിദ്ര്യ നിർമാർജനം ഫലപ്രദമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.



സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഏകദേശം 16 ലക്ഷം കുടുംബങ്ങൾക്ക് കൂടി കിലോയ്ക്ക് മൂന്നു രൂപ നിരക്കിൽ 25 കിലോഗ്രാം അരി വീതം നല്കും. മന്ത്രിസഭായോഗമാണ് തീരുമാനമെടുത്തത്. ഇതോടെ ആകെ 20.48 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

# പടിയിറങ്ങുന്നു

4.75 ലക്ഷം പേർക്ക് ഇപ്പോൾത്തന്നെ മൂന്നു രൂപയ്ക്ക് അരി കിട്ടുന്നുണ്ട്. അന്ത്യോദയ അന്നയോജന പദ്ധതിയനുസരിച്ചാണിത്. പുതിയ തീരുമാനത്തോടെ സർക്കാരിന് പ്രതിമാസം 12 കോടി രൂപയുടെ അധിക ബാധ്യതയാണ് വരുന്നത്. ദാരിദ്ര്യ നിർമാർജനം സത്വരം യാഥാർത്ഥ്യമാക്കുക എന്നതാണ് ലക്ഷ്യം.

ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന കുടുംബങ്ങളിലുള്ളവർക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും സർക്കാർ ലഭ്യമാക്കും. ദാരിദ്ര്യരേഖയിൽ താഴെയുള്ളവരുടെ പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കി അർഹതയുള്ളവരെ പുതുതായി ഉൾപ്പെടുത്തും. ഇതിന് സംസ്ഥാന പൊതു വിതരണവകുപ്പ് നടപടി തുടങ്ങി. നിലവിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) 20,47,672 കുടുംബങ്ങളിൽ 15 ശതമാനത്തോളം അനർഹരാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പതിവായി റേഷനരി വാങ്ങാത്തവരെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കും. റേഷൻ വാങ്ങാൻ താത്പര്യമില്ലാത്തവർ ദരിദ്രരാണെന്ന നിഗമനത്തിലെത്താൻ പ്രയാസം തന്നെ.

ബി.പി.എൽ പട്ടികയിൽ കടന്നു കൂടിയ അനർഹരെ കണ്ടെത്താൻ വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. ഇക്കാര്യത്തിൽ ചട്ടപ്രകാരം നടപടി കൈക്കൊള്ളാനാണ് പരിപാടി. റേഷൻ കാർഡ് ഉടമകൾ സ്വയം വെളിപ്പെടുത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അനർഹരെ കണ്ടെത്തുന്നത്. എന്നാൽ വ്യക്തമായ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താനും അനർഹരെ കണ്ടെത്താനും മാർഗമുണ്ട്. ഇക്കാര്യത്തിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്ക് നിയമാനുസൃതം അവകാശമുണ്ട്.

ബി.പി.എൽ പട്ടികയിൽ നിന്ന് അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14136 റേഷൻകടകളിലൂടെ, ഇക്കാര്യം സ്വയം പ്രഖ്യാപിക്കുന്നതിനുവേണ്ടി അപേക്ഷകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനകം ഒമ്പതു ലക്ഷത്തോളം പേർ ഫോറം പൂരിപ്പിച്ചു നല്കി. ഇതുവരെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 45,000 പേരെ ബി.പി.എൽ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സ്ഥിരമായി റേഷനരി വാങ്ങാത്തവരെ കൂടാതെ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരെ കണ്ടെത്താനുള്ള മറ്റ് പ്രധാന നിബന്ധനകൾ ഇവയാണ്:

പ്രതിവർഷ വാർഷിക വരുമാനം നഗരങ്ങളിൽ 25000 രൂപയ്ക്കും ഗ്രാമങ്ങളിൽ 20000 രൂപയ്ക്കും മുകളിലാവണം. മൊസൈക്, ടൈൽസ് തുടങ്ങിയവ പാകിയ തറയോടുകൂടിയ വീടുകളുള്ളവർ, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, ഗ്രൈൻഡർ തുടങ്ങിയ ഗൃഹോപകരണങ്ങൾ ഉള്ളവർ, സ്വന്തമായി ടെലഫോൺ, സ്കൂട്ടർ, മോട്ടോർ സൈക്കിൾ ഇവയിലേതെങ്കിലും ഉള്ളവർ (ഇവ സ്വയം തൊഴിലിനാണെങ്കിൽ ബി.പി.എൽ പട്ടികയിൽ തുടരാം).

## ആദ്യമുട്ട അരുന്ധതിയ്ക്ക്

ആദ്യമുട്ട അരുന്ധതിയ്ക്ക് തന്നെ! സംസ്ഥാനത്തെ നഴ്സറി കുട്ടികൾക്ക് ഉച്ചഭക്ഷണവും ആഴ്ചയിലൊരിക്കൽ പാകം ചെയ്ത കോഴിമുട്ടയും നല്കുന്ന പരിപാടിക്ക് അങ്ങനെ തുടക്കമായി. തിരുവനന്തപുരത്ത് അമ്പലമുക്കിലെ എൽ.പി. സ്കൂളിലായിരുന്നു മുട്ടവിതരണം തുടങ്ങിയത്. ഉച്ചക്കഞ്ഞിയോടൊപ്പം മുട്ടയും നല്കണമെന്ന് കാണിച്ച് നെടുമങ്ങാട് ഗവ. എൽ.പി. സ്കൂളിലെ യു.കെ.ജി വിദ്യാർത്ഥിനി ബി.ജി.അരുന്ധതി മുഖ്യമന്ത്രി ഉമ്മൻചാണ്ടിയ്ക്ക് എഴുതിയ കത്താണ് പുതിയ പദ്ധതിയ്ക്ക് ആധാരമായത്.

കേരളത്തിലെ നഴ്സറി സ്കൂളുകളിൽ പഠിക്കുന്ന 53,000 കുട്ടികൾക്ക് ഉച്ചഭക്ഷണവും ആഴ്ചയിലൊരിക്കൽ കോഴിമുട്ടയും പാകം ചെയ്ത് നല്കുന്നതിന് മുഖ്യമന്ത്രി ഉടൻ ഉത്തരവിടുകയായിരുന്നു.

അരുന്ധതിക്കും കൂട്ടുകാർക്കും മുഖ്യമന്ത്രി ഉമ്മൻചാണ്ടി പുഴുങ്ങിയ മുട്ട നല്കിയും കുടപ്പനക്കുന്ന് ഗവ.എൽ.പി. സ്കൂളിൽ കുട്ടികളോടൊപ്പം ഉച്ചഭക്ഷണം കഴിച്ചുമായിരുന്നു പരിപാടി ആരംഭിച്ചത്. വിദ്യാഭ്യാസമന്ത്രി ഇ.ടി. മുഹമ്മദ് ബഷീറും മറ്റ് ജനപ്രതിനിധികളും ഒപ്പമിരുന്നു.

ആദ്യമുട്ട വിതരണം മുഖ്യമന്ത്രി തന്നെ നിർവഹിച്ചപ്പോൾ കൊച്ചുകുട്ടികൾക്കും അധ്യാപികമാർക്കും സന്തോഷമായി. പ്ലാവിലയിൽ തയ്യാറാക്കിയ തൊപ്പി അണിയിച്ചാണ് കുട്ടികൾ മുഖ്യമന്ത്രിയെ എതിരേറ്റത്.

> സംസ്ഥാനത്തെ 1466 സർക്കാർ, എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ചുള്ള പ്രീ-പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന 53,000 കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. 1.18

കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതിയാണിത്. ഇതുവരെ ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഉച്ചഭക്ഷണവും മുട്ടയും നല്കി വന്നിരുന്നത്.

`ഞങ്ങളുടെ സ്കൂളിലെ ചേച്ചിമാരും ചേട്ടന്മാരും കഞ്ഞിയും മുട്ടയും കഴിക്കുമ്പോൾ പ്രീ-പ്രൈമറിയിലെ എനിക്കും കൂട്ടുകാർക്കും കിട്ടുന്നില്ല. എത്രയും വേഗം ഞങ്ങൾക്കു കൂടി നല്കാൻ താങ്കൾ മുൻകയ്യെടുക്കുമെന്ന് വിശ്വസിക്കുന്നു' എന്നാണ് അരുന്ധതി മുഖ്യമന്ത്രിയ്ക്കെഴുതിയ കത്തിൽ അഭ്യർത്ഥിച്ചിരുന്നത്. അരുന്ധതിയുടെ അഭ്യർത്ഥനയാണ് സത്വരം നടപ്പായത്. കുട്ടികളിലെ പോഷകക്കുറവ് പരിഹരിക്കുവാനാണ് പാകം ചെയ്ത മുട്ട നല്കുന്നത്.

## വൈദ്യുതി

സംസ്ഥാനത്ത് വൈദ്യുതിനിരക്ക് യൂണിറ്റിന് 20 പൈസ കുറച്ച് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവായി. ഗാർഹിക മേഖലയിൽ മുഴുവൻപേർക്കും ഇതിന്റെ ആനുകൂല്യം ലഭിക്കും. ഭൂരിഭാഗം വാണിജ്യ ഉപഭോക്താക്കൾക്കും നിരക്കിളവ് കിട്ടും. എൽ.ടി.-7എ, 7ബി വിഭാഗങ്ങളിൽപ്പെട്ട വാണിജ്യ ഉപഭോക്താക്കൾക്കാണ് നിരക്കിളവ് ലഭിക്കുന്നത്. നിരക്ക് കുറയ്ക്കാൻ വൈദ്യുതി ബോർഡ് നല്കിയ ശുപാർശ റെഗുലേറ്ററി കമ്മിഷൻ അംഗീകരിക്കുകയായിരുന്നു. അധിക ബാധ്യത സർക്കാർ ഏറ്റെടുക്കും. ■



# റോഡ് നയം സുരക്ഷിത



റോഡ് ഗതാഗത മേഖലയിലെ ആസൂത്രണം, പദ്ധതി നടപ്പാക്കൽ, പരിപാലനം എന്നിവ ലക്ഷ്യമിട്ടിട്ടുള്ള റോഡ് നയത്തിന് സർക്കാർ രൂപം നൽകി. ദേശീയ സംസ്ഥാന തലങ്ങളിൽ ലക്ഷ്യമിട്ടിട്ടുള്ള ഹ്രസ്വകാല ദീർഘകാല പരിപാടികൾ നടപ്പിൽ വരുത്തുന്നത് ഉറപ്പ് വരുത്താൻ ലക്ഷ്യമിടുന്നതാണ് നയം.

ശരിയായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അറ്റകുറ്റപ്പണികൾ, നിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് മുൻഗണന നൽകുക, നിർമിച്ച് പ്രവർത്തിപ്പിച്ച് കൈമാറ്റം (ബി.ഒ.ടി) ചെയ്യുന്ന പദ്ധതികളിൽ സ്വകാര്യമേഖലയ്ക്ക് പ്രോത്സാഹനം നൽകുക, ചെലവു കുറഞ്ഞ മാർഗങ്ങൾ അവലംബിക്കുക, കരാറുകൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുക, സുതാര്യത ഉൾപ്പെടെയുള്ള പരിഷ്കരണങ്ങൾ ഏർപ്പെടുത്തുക, മികച്ച സാങ്കേതിക രൂപകല്പന ലഭ്യമാക്കുക എന്നീ കാര്യങ്ങളാണ് റോഡ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യാത്രാ സൗകര്യവും ചരക്ക് ഗതാഗതവും സുഗമമാക്കുന്നതിന് പര്യാപ്തമായ ഗതാഗതസംവിധാനം ഒരുക്കും. പിന്നോക്ക മേഖലകൾക്ക് പ്രത്യേക പരിഗണന നൽകുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യും.

ബൈപ്പാസുകൾ, റിംഗ് റോഡുകൾ, മേൽപ്പാലങ്ങൾ, റെയിൽവേ മേൽപ്പാലങ്ങൾ എന്നിവ നിർമിച്ച് ദേശീയപാതകളുടെ ശേഷി വർധിപ്പിച്ച് മികച്ച ഗതാഗതവും ചരക്കുനീക്കവും ഉറപ്പുവരുത്തും. ദേശീയപാത

**ബൈപ്പാസുകൾ, റിംഗ് റോഡുകൾ, മേൽപ്പാലങ്ങൾ, റെയിൽവേ മേൽപ്പാലങ്ങൾ എന്നിവ നിർമിച്ച് ദേശീയപാതകളുടെ ശേഷി വർധിപ്പിച്ച് മികച്ച ഗതാഗതവും ചരക്കുനീക്കവും ഉറപ്പുവരുത്തും. ദേശീയപാതയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും മറ്റും ഹൈവേ അതോറിറ്റിക്ക് വേണ്ട സഹായങ്ങൾ നൽകാനും ദേശീയപാതാ സുരക്ഷാ നിയമം ഫലപ്രദമായി നടപ്പാക്കാനും നയം ലക്ഷ്യമിടുന്നുണ്ട്.**





# യാത്രയ്ക്ക്

യിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും മറ്റും ഹൈവേ അതോറിറ്റിക്ക് വേണ്ട സഹായങ്ങൾ നൽകാനും ദേശീയപാതാ സുരക്ഷാനിയമം ഫലപ്രദമായി നടപ്പാക്കാനും നയം ലക്ഷ്യമിടുന്നുണ്ട്. സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബദൽ മാർഗങ്ങൾ ആരായും. ദേശീയപാതയിലെ പ്രധാന ജംഗ്ഷനുകളിലും റോഡപകടങ്ങൾ തുടർച്ചയായി ഉണ്ടാകുന്ന സ്ഥലങ്ങളിലും നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്. നടപ്പാതകളും സജ്ജമാക്കും. ഭാവിയിലുള്ള എല്ലാ റോഡ് പദ്ധതികളിലും വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുന്നതിന് പ്രത്യേക പരിഗണന നൽകും. ഇതിന്റെ തുടർന്നുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിനായിരിക്കും.

റോഡ് സുരക്ഷയ്ക്കും നയത്തിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. വിവിധ സുരക്ഷാമാർഗങ്ങൾ നടപ്പിൽ വരുത്തി റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള റോഡ് സുരക്ഷാ കർമപദ്ധതി നടപ്പിലാക്കുന്നതാണ്. ഡ്രൈവർമാർക്കും ഇൻസ്ട്രക്ടർമാർക്കും പരിശീലനം, പൊതുജനങ്ങളിലും റോഡ് ഉപയോക്താക്കളിലും അവബോധം സൃഷ്ടിക്കൽ, ലൈസൻസിംഗ് സമ്പ്രദായത്തിന്റെ കമ്പ്യൂട്ടർവത്കരണം, കാൽനട യാത്രികർക്കും, സൈക്കിൾ സവാരിക്കാർക്കും പ്രത്യേക പാതയൊരുക്കൽ, പ്രമുഖനഗരങ്ങളിൽ ബസ് ലൈനുകൾ, ബേകൾ, പാർക്കിംഗ് സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുകയാണ് കർമപദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ എഞ്ചിനീയറിംഗ്, വിദ്യാഭ്യാസം, ചട്ടങ്ങളുടെ നടപ്പാക്കൽ എന്നിവയുടെ ഏകോപനം റോഡ് സുരക്ഷാ അതോറിട്ടിയുടെ മേൽനോട്ടത്തിൽ നടപ്പാക്കും.

ആവശ്യമായ സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുകയും വാഹനങ്ങളുടെയും കാൽനടക്കാരുടെയും സുഗമമായ പോക്ക് ഉറപ്പുവരുത്തുകയും ചെയ്യും. നഗരങ്ങളിൽ പാർക്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കും. അതോടൊപ്പം പാർക്കിംഗ് നിയന്ത്രണങ്ങളും ഏർപ്പെടുത്തും. സംസ്ഥാനത്ത് ഓടുന്ന മുഴുവൻ വാഹനങ്ങളും ദേശീയ നിലവാരവും ബോഡിബിൽഡേഴ്സ് അക്രഡിറ്റേഷനും ഉള്ളവ ആണെന്ന് ഉറപ്പു വരുത്തുന്നതാണ്.

പാസഞ്ചർ/ചരക്ക് വാഹനങ്ങൾ ഉൾപ്പെടെയുള്ള സ്വകാര്യമേഖലയിലെ വാഹനങ്ങളുടെ ഗതാഗതസുരക്ഷ, ഷെഡ്യൂൾ, താരിഫ് നിശ്ചയിക്കൽ എന്നിവയ്ക്കായി റെഗുലേറ്ററി ബോഡി/അതോറിറ്റി സ്ഥാപിക്കാനും നയത്തിൽ ഉദ്ദേശിക്കുന്നുണ്ട്. മികച്ച ട്രാഫിക് മാനേജ്മെന്റ്, ബോധവത്കരണം, സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ എന്നിവയുമായി ആശയവിനിമയം നടത്തും.

റോഡ് നിർമാണത്തിനും മെച്ചപ്പെടുത്തലിനും നിലവിലുള്ള കരാർ വ്യവസ്ഥകൾ കാലോചിതമായി പുനരവലോകനം ചെയ്യും. നിലവിലുള്ള റോഡുകളിൽ വിവിധ പണികൾ ചെയ്യുന്ന പൊതു/സ്വകാര്യ മേഖലയിലെ സേവനദായകരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെക്കൂടി ഉൾപ്പെടുത്തിയുള്ള കൂടിയാലോചനാ സമിതി രൂപീകരിക്കും. ഇത്തരം പ്രവൃത്തികൾക്കായി വ്യക്തമായ നിബന്ധനകൾക്ക് രൂപം നൽകും. സേവനങ്ങൾക്ക് ലെവി സമ്പ്രദായവും ഏർപ്പെടുത്തും. റോഡുകളുടെയും പാലങ്ങളുടെയും നിർമാണം, അറ്റകുറ്റപ്പണി, നിലവാരം മെച്ചപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ടിട്ടുള്ള പരിസ്ഥിതി സാമൂഹികനിലവാരം സംബന്ധിച്ച വിവരങ്ങൾ സർക്കാർ പ്രസിദ്ധപ്പെടുത്തും. പൊതു-സ്വാകാര്യമേഖലയിലെ റോഡ് പദ്ധതികൾക്ക് ഇത് ബാധകമാക്കുന്നതാണ്. റോഡരികിൽ മരം വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കും.

ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനും മലിനീകരണ നിയന്ത്രണത്തിനും കൂടുതൽ പ്രാധാന്യം നൽകും. മലിനീകരണം കുറഞ്ഞ ബദൽ ഇന്ധനങ്ങൾക്കായി ഗവേഷണപദ്ധതികളും ഏറ്റെടുക്കും.

ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി ഭരണവകുപ്പ് തലങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആധുനിക സമ്പ്രദായങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ സജ്ജമാക്കും. ഇതിനായി ശില്പശാലകളും പരിശീലന പരിപാടികളും നടത്തും. മികച്ച ഡേറ്റാബേസിനും രൂപം നൽകും. റോഡ് ആസൂത്രണത്തിലും നടപ്പാക്കലിലും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സെല്ലുകൾ രൂപീകരിക്കുന്നതാണ്. ഇന്ത്യൻ റോഡ് കോൺഗ്രസ് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് ഉറപ്പുവരുത്താനുള്ള അവലോകനസമിതി, മാനേജ്മെന്റ് ഗ്രൂപ്പ് എന്നിവയും ഉണ്ടാകും.

ട്രാഫിക് നിയമലംഘനം ഉൾപ്പെടെയുള്ളവയ്ക്ക് ചുമത്തുന്ന പിഴ സംസ്ഥാന റോഡ് നിധിക്ക് നൽകുന്നതാണ്. ഫണ്ടിലേക്ക് മറ്റ് ധനാഗമമാർഗങ്ങളും കണ്ടെത്തും. റോഡ് ശൃംഖലയുടെ പരിപാലനത്തിന് നബാർഡ്, എൽ.ഐ.സി., ഹഡ്കോ, എ.ഡി.ബി., ജെ.ബി.ഐ.സി., ഐ.ബി.ആർ.ഡി., പി.എം.ജി.എസ്.വൈ., എന്നിവയിൽ നിന്ന് വായ്പ ലഭ്യമാക്കും.

വാണിജ്യ അടിസ്ഥാനത്തിൽ വൻതോതിൽ റോഡ് സേവനം പ്രയോജനപ്പെടുത്തുന്നവർക്ക് ലെവി ഏർപ്പെടുത്തുന്ന കാര്യവും പരിഗണിക്കും. ■

**ശരിയായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അറ്റകുറ്റപ്പണികൾ, നിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് മുൻഗണന നൽകുക, നിർമിച്ച് പ്രവർത്തിപ്പിച്ച് കൈമാറ്റം (ബി.ഒ.ടി) ചെയ്യുന്ന പദ്ധതികളിൽ സ്വകാര്യമേഖലയ്ക്ക് പ്രോത്സാഹനം നൽകുക, ചെലവു കുറഞ്ഞ മാർഗങ്ങൾ അവലംബിക്കുക, കരാറുകൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുക, സുതാര്യത ഉൾപ്പെടെയുള്ള പരിഷ്കരണങ്ങൾ ഏർപ്പെടുത്തുക, മികച്ച സാങ്കേതിക രൂപകല്പന ലഭ്യമാക്കുക എന്നീ കാര്യങ്ങളാണ് റോഡ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.**

# ജനപ്പെരുപ്പവും ഇന്ത്യയുടെ പ്രതിച്ഛായയും

രവീന്ദ്രനാഥ് ഗൗരീശപട്ടം

**ലോകജനസംഖ്യ ഓരോ വർഷവും 1.2 ശതമാനം വീതം വർധിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. അതായത് 77 ദശലക്ഷം ജനങ്ങൾ ഓരോ വർഷവും ഭൂമിയിൽ കൂടിക്കൊണ്ടിരിക്കുന്നു. ഈ വാർഷിക വർധനയുടെ പകുതി അഞ്ചു രാജ്യങ്ങളിലാണ്. അതിൽ ഒന്നാം സ്ഥാനമോ – ഇന്ത്യയ്ക്കും.**

ജൂലൈ 11 ലോകജനസംഖ്യാദിനം. 2005 ജൂലൈ 11 പത്തൊമ്പതാമത്തെ ലോകജനസംഖ്യാദിനമായാണ് സ്മരിക്കുന്നത്. 1987-ലാണ് ആദ്യമായി ലോകജനസംഖ്യാദിനത്തെ സ്മരിച്ചത്. അതിനു കാരണം 1987-ലാണ് ലോകജനസംഖ്യ അഞ്ചു ബില്യൺ തികഞ്ഞത് എന്നതാണ്. ഈ ലോകജനസംഖ്യാദിനം നൽകുന്ന സന്ദേശം എന്താണ്? സമത്വത്തിലൂടെ ശാക്തീകരണം എന്നതാണ് ഇക്കൊല്ലത്തെ ജനസംഖ്യാദിനത്തിന് ഐക്യരാഷ്ട്രസഭ മുന്നോട്ടുവയ്ക്കുന്ന സന്ദേശം. പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ തുല്യ അവകാശം ലഭിക്കുമ്പോൾ സമൂഹം കൂടുതൽ പുരോഗതി കൈവരിക്കുന്നു. വരുമാനത്തിലും സ്വത്തിലും സേവനങ്ങളിലും സ്ത്രീകൾക്കു തുല്യത ലഭിക്കുമ്പോൾ കുടുംബാരോഗ്യം മെച്ചപ്പെടുന്നു. അതായത് വിദ്യാഭ്യാസത്തിലൂടെയും സ്ത്രീ ശാക്തീകരണത്തിലൂടെയും ജനസംഖ്യാ വളർച്ചാനിരക്കു കുറയ്ക്കുകയും ദൃഢീകരിക്കുകയും ചെയ്താൽ മാത്രമേ നാം വിഭാവനം ചെയ്യുന്ന ജനക്ഷേമവും വികസനവും കൈവരിക്കാനാകുകയുള്ളൂ എന്നതാണ് സന്ദേശം.

പല വികസ്വര രാജ്യങ്ങളിലും ജനനനിരക്ക് കുറഞ്ഞെങ്കിലും ജനസംഖ്യ വളരുക തന്നെയാണ്. 1804-ലാണ് ലോകജനസംഖ്യ 100 കോടി(1 ബില്യൺ)യിലെത്തിയത്. എത്രയോ ആയിരം വർഷങ്ങൾ കഴിഞ്ഞപ്പോഴാണ് ജനസംഖ്യ 100 കോടിയിലെത്തിയത്. അതിനുശേഷമാണെങ്കിലോ 123 വർഷം കഴിഞ്ഞപ്പോൾ അതായത് 1927-ൽ 200 കോടിയും വീണ്ടും 33 വർഷം കഴിഞ്ഞപ്പോൾ 300 കോടിയും (1960-ൽ) അടുത്ത 13 വർഷം കഴിഞ്ഞപ്പോൾ (1974-ൽ) 400 കോടിയും വീണ്ടും 12 വർഷം കഴിഞ്ഞപ്പോൾ (1999-ൽ) 600 കോടിയുമായി. മതിപ്പുകണക്കുകൾ അനുസരിച്ച് 2013-ൽ 700 കോടിയും 2028-ൽ 800 കോടിയും തികയുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

ലോക ഉപരിതല വിസ്തീർണത്തിന്റെ 2.4 ശതമാനമുള്ള ഇന്ത്യയിലാണ് ലോക ജനസംഖ്യയുടെ 16.87 ശതമാനം വസിക്കുന്നത്. 1950-ൽ ലോകജനസംഖ്യയുടെ 22 ശതമാനം ചൈനയിലും 14.2 ശതമാനം ഇന്ത്യയിലുമായിരുന്നു. ഇപ്പോഴത്തെ നിരക്കുകൾ തുടരുകയാണെങ്കിൽ 2045-ാം വർഷമാകുമ്പോൾ ജനസംഖ്യയുടെ കാര്യത്തിൽ ഇന്ത്യ ചൈനയെ കടത്തിവെട്ടുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അന്ന് ഇന്ത്യയുടെ ജനസംഖ്യ ലോകജനസംഖ്യയുടെ 17 ശതമാനത്തിലും കൂടുതലായിരിക്കും; മാത്രവുമല്ല, നിരക്ഷരർ ഏറ്റവും കൂടുതലുള്ളതും ഇന്ത്യയിലായിരിക്കും!

1901-ൽ ഇന്ത്യയിലെ ജനസംഖ്യ 238 ദശലക്ഷമായിരുന്നു. 2001-ലെ കാനേഷുമാരിക്കണക്കനുസരിച്ച് ഇന്ത്യയിലെ ജനസംഖ്യ 1027 ദശലക്ഷമാണ്. ഈ കാലയളവിൽ ലോകജനസംഖ്യ മൂന്നു മടങ്ങു വർദ്ധിച്ചപ്പോൾ ഇന്ത്യയുടെ വർദ്ധനവ് നാലു മടങ്ങിലും കൂടുതലാണ്. കേവല വർദ്ധനയുടെ അടിസ്ഥാനത്തിൽ പരിഗണിച്ചാൽ 1991-2001 ദശവർഷക്കാലത്ത് ഇന്ത്യയിലുണ്ടായ ജനവർദ്ധന 180.6 ദശലക്ഷമാണ്. ഇത് ലോകത്തിലെ അഞ്ചാമത്തെ ജനസംഖ്യ കൂടുതലുള്ള രാജ്യമായ ബ്രസീലിലെ ജനസംഖ്യയെക്കാൾ കൂടുതലാണ്. (2002-ലെ ബ്രസീലിലെ ജനസംഖ്യ 174 ദശലക്ഷമാണെന്നാണ് കണക്കാക്കിയിരിക്കുന്നത്).

ലോകജനസംഖ്യ ഓരോ വർഷവും 1.2 ശതമാനം വീതം വർദ്ധിക്കുന്നതായാണ് യു. എൻ. കണക്കാക്കിയിരിക്കുന്നത്. അങ്ങനെ ഓരോ വർഷവും 77 ദശലക്ഷം ജനങ്ങൾ ഭൂമിയിൽ കൂടുകയാണ്. ഈ വാർഷികവർദ്ധനയുടെ പകുതി ആറു രാജ്യങ്ങളിലാണ്. അതിൽ ഇന്ത്യയ്ക്കാണ് ഒന്നാം സ്ഥാനം (21 ശതമാനം). ചൈന രണ്ടാം സ്ഥാനത്ത് (12 ശതമാനം). മറ്റുള്ള രാജ്യങ്ങൾ പാകിസ്ഥാൻ ബംഗ്ലാദേശ്, നൈജീരിയ, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവയാണ്.

ജലദൗർലഭ്യം കൂടുക, കുട്ടികളിൽ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ വർദ്ധിക്കുക, 800 ദശലക്ഷത്തോളം ജനങ്ങൾക്ക് പോഷകാഹാരക്കുറവുണ്ടാകുക, മണ്ണൊലിപ്പും മരുഭൂമിവത്കരണവും ഉണ്ടാകുക, സാമ്പത്തിക അസമത്വം കൂടുതലായി പാവപ്പെട്ടവരുടെ ജീവിതം കൂടുതൽ ദുരിതപൂർണമാക്കുക, മത്സ്യ സമ്പത്തു കുറയുക, കാലാവസ്ഥയിൽ മാറ്റമുണ്ടാകുക, പലതരത്തിലുള്ള പകർച്ചവ്യാധികളുണ്ടാകുക, ദേശാന്തരഗമനം, ബൗദ്ധികശോഷണം, പലതരത്തിലുള്ള വിധ്വംസക പ്രവർത്തനങ്ങൾ എന്നിങ്ങനെ അനേകം ദൂഷ്യഫലങ്ങളാണ് ക്രമാതീതമായ ജനസംഖ്യാ വളർച്ചകൊണ്ടുണ്ടാകുന്നത്.

ജനസംഖ്യാശാസ്ത്രത്തെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുമ്പോൾ ഏറെ പ്രധാനമാണ് ഒരു രാജ്യത്തെ ആകെ ജനസംഖ്യ, വിവിധ പ്രദേശങ്ങളിലെ ജനസംഖ്യാവിതരണം, ജനസംഖ്യാവളർച്ചാ നിരക്ക്, ജനസാന്ദ്രത, തൊഴിലെടുക്കുന്നവരുടെ എണ്ണവും വിതരണവും, സ്ത്രീപുരുഷാനുപാതം, വൈവാഹികാവസ്ഥ, പ്രായം, കുട്ടികൾ തമ്മിലുള്ള അന്തരം എന്നിങ്ങനെ പലതും. ജനസംഖ്യയും അതിനോടനുബന്ധമായ മറ്റു പലകാര്യങ്ങളും പരിഗണിക്കുമ്പോൾ ഒരു രാജ്യത്തെ കൃഷിഭൂമിയുടെ പരിധി, ഭക്ഷ്യദൗർലഭ്യം, അതിഭീമമായ തൊഴിലില്ലായ്മ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, കുടുംബക്ഷേമം എന്നിങ്ങനെ പലതും കണക്കിലെടുക്കേണ്ടതുണ്ട്. അതായത് ജനസംഖ്യാവിസ്ഫോടനത്തിന്റെ അനന്തരഫലമായി പ്രാധാന്യമേറിയ എല്ലാ ഘടകങ്ങളും മതിയായ പരിഗണന അർഹിക്കേണ്ടതുണ്ട്.

2001-ലെ കാനേഷുമാരിക്കണക്കനുസരിച്ച്, ഇന്ത്യയുടെ ദശവാർഷിക ജനസംഖ്യാ വളർച്ചാനിരക്ക് 21.34 ശതമാനമാണ്. ഈ നിരക്കിനെക്കാൾ കുറവുള്ളത് 13 സംസ്ഥാനങ്ങളിലാണ്. ദശവാർഷിക വളർച്ചാ നിരക്ക് 10 ശതമാനത്തിൽ കുറവുള്ളത് കേരളത്തിൽ മാത്രമാണ്. ഉത്തരപ്രദേശ്, രാജസ്ഥാൻ, ബീഹാർ, മദ്ധ്യപ്രദേശ് എന്നീ നാലു സംസ്ഥാനങ്ങളിലാണ് ഇന്ത്യയിലെ ജനസംഖ്യാവളർച്ചയുടെ 40 ശതമാനത്തിലേറെയും പ്രദാനം ചെയ്യുന്നത്. ഈ സംസ്ഥാനങ്ങളിലെ സ്ത്രീസാക്ഷരത താരതമ്യേന കുറവാണ്. സ്ത്രീസാക്ഷരതയുടെ കുറവ് പ്രസ്തുത സംസ്ഥാനങ്ങളിലെ ജനവർദ്ധനവിന് ഒരു കാരണമാണ്. ഈ സംസ്ഥാനങ്ങളിലെ ദാരിദ്ര്യത്തിന്റെയും നിരക്ഷരതയുടെയും ഫലമായി അടുത്ത 25 വർഷത്തിനുള്ളിൽ ഇന്ത്യയുടെ ജനവർദ്ധനയുടെ 50 ശതമാനത്തിലേറെയും ഈ സംസ്ഥാനങ്ങളിൽ കൂടിയായിരിക്കുമെന്ന് പഠനങ്ങൾ പറയുന്നു.





മറ്റൊരു പ്രധാന വിഷയം, ഇന്ത്യയിലെ ജനസംഖ്യയുടെ നല്ലൊരു ശതമാനം 15 മുതൽ 25 വയസുവരെ പ്രായമുള്ളവരാണ് എന്നതാണ്. അതായത് അടുത്തൊരു ദശവർഷക്കാലം ജനസംഖ്യയുടെ നല്ലൊരു ഭാഗം കുട്ടികളെ പ്രദാനം ചെയ്യുന്ന പ്രായത്തിലാണ്. ജനസംഖ്യാ സംവേഗശക്തി അടുത്ത ദശവർഷങ്ങളിൽ കുറയുകയില്ലായെന്നുള്ളതിന് ദൃഷ്ടാന്തമാണ് ആകെയുള്ള സ്ത്രീകളിൽ കൂടുതൽ പേരും ചെറുപ്പക്കാരായിരിക്കുകയും സ്ത്രീ സാക്ഷരതയും തൊഴിലും കുറയുകയും ചെയ്യുമ്പോൾ ശരിയായ കുടുംബാസൂത്രണ മാർഗങ്ങൾ സ്വീകരിക്കാതിരിക്കാൻ കാരണമാകുന്നു. അതിനാൽ ജനസംഖ്യാ സംവേഗശക്തിയും ഇന്ത്യയിൽ കൂടുതലായിരിക്കും. ഇതിന് പരിഹാരമായി വിവാഹപ്രായം കൂട്ടുകയും, കുട്ടികൾ തമ്മിലുള്ള അന്തരം കൂട്ടുകയും ശരിയായ കുടുംബാസൂത്രണമാർഗങ്ങൾ സ്വീകരിക്കുകയും ചെയ്യപ്പെടണം. ശക്തമായ ബോധവത്കരണം ഇതിന് അനിവാര്യമാണ്. സ്ത്രീവിദ്യാഭ്യാസത്തിലൂടെയും സ്ത്രീശാക്തീകരണത്തിലൂടെയും കുടുംബാസൂത്രണമാർഗങ്ങളെക്കുറിച്ചും, കുടുംബാസൂത്രണമാർഗങ്ങളിൽ ഗുണനിലവാരം ഉറപ്പാക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ചും ഗർഭധാരണ പ്രതിരോധത്തെക്കുറിച്ചും മാതാവിന്റെയും ശിശുക്കളുടെയും ആരോഗ്യത്തെക്കുറിച്ചും ചെറിയ കുടുംബമാകുന്നതുകൊണ്ടുള്ള മേന്മയെക്കുറിച്ചും ശരിയായ അവബോധം സൃഷ്ടിക്കാൻ തക്കവണ്ണമുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമേ ജനസംഖ്യാ സംവേഗശക്തിക്ക് ആക്കം കുറച്ച് ജനവർദ്ധന നിയന്ത്രിക്കാൻ സാധ്യമാകുകയുള്ളൂ.

സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് അനുഗുണമാകത്തക്ക രീതിയിൽ ജനസംഖ്യ നിയന്ത്രിക്കുക എന്നതാണ് കുടുംബാസൂത്രണ ക്ഷേമ പരിപാടികളുടെ പ്രധാന ലക്ഷ്യം. 1950കളുടെ ആരംഭത്തിൽത്തന്നെ ഇന്ത്യയിൽ ജനവർദ്ധന നിയന്ത്രിക്കാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഇന്ത്യയിലെ ഇത്തരം പ്രവർത്തനങ്ങൾ വിജയപ്രദമായിരുന്നെങ്കിലും വളരെ സാവധാനത്തിൽ മാത്രമാണ് നീങ്ങിയതും നീങ്ങിക്കൊണ്ടിരിക്കുന്നതും. ഇതിനുള്ള കാരണമായി ഭാരതത്തിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മതപരമായ ഘടകങ്ങൾ ഏറെ സ്വാധീനം ചെയ്യുന്നതായി കാണിക്കാനാകുമെന്നത് ശരിയാണ്. അവ ഒരു ദൂഷിതവലയമായി പ്രവർത്തിക്കാതെ ഗുണകരമായ നിലയിലേക്ക് മാറ്റുക എന്നതായിരിക്കണം ഇനിയുള്ള ലക്ഷ്യം. 2010-ാമാണ്ടോടെ ദശവാർഷിക ജനസംഖ്യാവളർച്ചനിരക്ക് 10 ശതമാനത്തിൽ താഴെ കൊണ്ടുവരുവാൻ സാധ്യമാകുമെന്നു തോന്നുന്നില്ല. 2020 ഓടെയെങ്കിലും ദശവാർഷിക ജനസംഖ്യാ വളർച്ചനിരക്ക് 10 ശതമാനത്തിൽ താഴെ കൊണ്ടുവരണമെങ്കിൽ യുക്തമായ തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന അനുഗുണമായ ജനസംഖ്യാനയം എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്.

സ്ത്രീകളുടെ വിവാഹപ്രായം 20 വയസ്സായെങ്കിലും ഉയർത്തേണ്ടതാണ്. വിവാഹപ്രായം കൂട്ടുന്നതുകൊണ്ടുണ്ടാകുന്ന വ്യത്യാസം ചെറുതാണെങ്കിലും അത്രയും നാൾ സന്താനോത്പാദനത്തെപ്പറ്റിയും ചെറിയ കുടുംബമാകുന്നതുകൊണ്ടുള്ള ഗുണത്തെക്കുറിച്ചുമൊക്കെ അറിവു ലഭിക്കാൻ ഇടയാക്കുന്നു. ഒരു സ്ത്രീയുടെ ജീവിത കാലത്തു കൂടുതൽ കുട്ടികൾ ഉണ്ടാകുന്നത് 20-29 പ്രായങ്ങളിലാണ്. പ്രസവം ഈ കാലയളവിൽ മാത്രമാക്കാനും കുട്ടികൾ ഒന്നല്ലങ്കിൽ രണ്ട് ആയി ചുരുക്കാനും ഒന്നിൽ കൂടുതൽ കുട്ടികൾ വേണമെന്നുള്ളവർക്ക് കുട്ടികൾ തമ്മിലുള്ള കാലദൈർഘ്യം വർദ്ധിപ്പിക്കേണ്ടതിനെക്കുറിച്ചുമൊക്കെ ശരിയായ ബോധവത്കരണം നൽകേണ്ടതാണ്. വിവാഹപ്രായമെത്തുന്നതുവരെ സ്ത്രീകൾക്ക് വിദ്യാഭ്യാസം തുടരുവാൻ വേണ്ടി കഴിയുന്നത്ര സഹായങ്ങൾ സർക്കാർ ചെയ്തു കൊടുക്കേണ്ടതാണ്. ദശവാർഷിക ജനസംഖ്യാ വളർച്ചനിരക്ക് കൂടുതലുള്ള സംസ്ഥാനങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള ക്യാംപെയിൻ മാതൃക സ്വീകരിച്ച് ശരിയായ ബോധവത്കരണം നടത്തേണ്ടതാണ്. വിദ്യാഭ്യാസം നേടിക്കഴിഞ്ഞാൽ തൊഴിൽ വേണമെന്ന ആഗ്രഹം സ്ത്രീകളിലുണ്ടാകുകയും തൊഴിൽ നേടാനുള്ള ശ്രമത്തിൽ നല്ലൊരു ശതമാനം സ്ത്രീകളുടെയും വിവാഹപ്രായം ഏതാനും വർഷങ്ങൾകൂടി നീളാനും സാദ്ധ്യമാകുന്നതാണ്. അടുക്കളയിൽ നിന്ന് അരങ്ങിലേക്ക് എന്നതായിരിക്കണം ഇനി ഇന്ത്യൻ സ്ത്രീയുടെ ചിന്ത. വിദ്യാഭ്യാസം, തൊഴിൽ, വരുമാനം, അതിനുശേഷം വിവാഹം, കുട്ടികൾ ഒന്ന് അല്ലെങ്കിൽ രണ്ട് ഇതായിരിക്കണം ഇന്ത്യൻ സ്ത്രീയുടെ കാഴ്ചപ്പാട്. ഈ കാഴ്ചപ്പാടോടുകൂടി മുന്നോട്ടു നീങ്ങിയാൽ ജനസംഖ്യാവളർച്ചയിൽ ഗണ്യമായ കുറവുണ്ടാകും.

വികസ്വര രാജ്യങ്ങളെല്ലാം സ്ഥിരമായ ജനസംഖ്യ അല്ലെങ്കിൽ ഗണ്യമായ വർദ്ധനയില്ലാതെയുള്ള ജനസംഖ്യ എന്ന ആശയം സാധിതമാക്കുവാൻ ശ്രമിച്ചു വരികയാണ്. ജനസംഖ്യാവർദ്ധനവനുസരിച്ച ആസൂത്രണത്തിന്റെയും വികസനത്തിന്റെയും വ്യതിയാനങ്ങൾ എത്രമാത്രമുണ്ടെന്നും അവയുടെ പ്രത്യാഘാതങ്ങൾ ഓരോ സമ്പദ്‌വ്യവസ്ഥയെയും പ്രത്യേകിച്ചും 100 കോടിയിൽ പരം ജനങ്ങളും ദുർലഭമായ മൂലധനവിഭവങ്ങളുമുള്ള ഇന്ത്യയെ എത്രത്തോളം പ്രതികൂലമായി ബാധിക്കുമെന്നും നാം വളരെ ഗൗരവത്തോടുകൂടി ചിന്തിക്കുകയും വിശകലനം ചെയ്യുകയും ഉചിതമായ പരിഹാരമാർഗങ്ങൾ കണ്ടെത്തുകയും ചെയ്താൽ മാത്രമേ നമ്മുടെ ദീർഘകാല സാമൂഹ്യ സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാനാകുകയുള്ളൂ. ■



# ഇലച്ചാർത്തിന്റെ ഇതിഹാസം

രാജ്മോഹൻ കൂവളശ്ശേരി

മരമായിരുന്നൂഞാൻ
പണ്ടൊരു മഹാനദിക്കരയിൽ,
നദിയുടെ പേരു ഞാൻ മറന്നു പോയ്
നൈലോ, യൂഫ്രട്ടീസോ
യാങ്ട്സിയോ യമുനയോ
നദികൾക്കെന്നെക്കാളുമോർമ്മകാണണ; മവർ
കഴലിൽ ചിറകുള്ള സഞ്ചാരപ്രിയർ, നില-
ത്തെഴുതാൻ പഠിച്ചവർ
പറയാൻ പഠിച്ചവർ

ഒരു മഹാനദിയുടെ കരയിൽ പണ്ട് ജലാർദ്രമായ മണൽത്തിട്ടയിൽ ജനിച്ച മരം അഭിമാനപൂർവം തന്റെ കഥ പറയുന്നത് നാം കേട്ടു. വയലാറിന്റെ തൂലികയിൽ നിന്ന് അവസാനകാലത്ത് ഉതിർന്ന 'വൃക്ഷം' എന്ന കവിതയിലാണ് ഈ ചിത്രം തെളിയുന്നത്.

നദീതീരങ്ങളിൽ പുരാതന സംസ്കാരങ്ങൾ രൂപം കൊണ്ടപ്പോൾ ആ സംസ്കാരങ്ങളെ തണലേകി വളർത്തിയത് വൃക്ഷങ്ങളായിരുന്നു. മാനവചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയും മനുഷ്യൻ ആദ്യം ആരാധിച്ചതും വൃക്ഷങ്ങളെയായിരുന്നുവെന്ന്. ആര്യന്മാർക്കിടയിൽ വൃക്ഷാരാധനയ്ക്കു വളരെയേറെ പ്രാധാന്യമുണ്ടായിരുന്നു. ട്യൂട്ടോണിക് വർഗക്കാരുടെ കുലക്ഷേത്രം വെറും കാവുകളായിരുന്നു. പ്രാചീനകാലത്ത് ഓക്മരത്തിന് ദിവ്യത്വം കല്പിക്കപ്പെട്ടിരുന്നുവത്രെ. ഏദൻതോട്ടത്തിലെ വൃക്ഷത്തെപ്പറ്റിയുള്ള സങ്കല്പം ജീവന്റെ വൃക്ഷമായും അറിവിന്റെ വൃക്ഷമായും ബൈബിളിൽ പരാമർശിക്കപ്പെടുന്നുണ്ട്.

ക്രിസ്മസ്ട്രീയും പഴയ വൃക്ഷാരാധനയുടെ തുടർച്ചയാണ്. റോമിൽ ഒരു വലിയ അത്തി വൃക്ഷത്തിലാണ് റോമുലസ് ദേവൻ ജീവിക്കുന്നതെന്ന് വിശ്വസിക്കപ്പെട്ടപ്പോൾ അസീറിയ, സുമേറിയ എന്നിവിടങ്ങളിലെ ചില ഗോത്രക്കാർ അവർ ഏതെങ്കിലും മരത്തിൽ നിന്ന് ഉത്ഭവിച്ചതാണെന്ന് കരുതിപ്പോന്നു. ആദ്യത്തെ മനുഷ്യനുണ്ടായത് മരത്തിലാണെന്നാണ് പോളിനേഷ്യൻ ഗോത്രങ്ങളിൽ ചിലതിന്റെ പാരമ്പര്യം സൂചിപ്പിക്കുന്നത്. ചില വിശുദ്ധ വൃക്ഷങ്ങളിൽ മലക്കുകളും അവിശുദ്ധവൃക്ഷങ്ങളിൽ ജിന്നുകളും വസിക്കുന്നുണ്ടെന്നാണ് അറബികളുടെ വിശ്വാസം. ഹോമറിന്റെ കാവ്യങ്ങളിൽ വൃക്ഷത്തിന്റെ പരിശുദ്ധിയെക്കുറിച്ച് വിവരണമുണ്ട്.

വേദങ്ങളിലും പുരാണങ്ങളിലുമൊക്കെ മരങ്ങളെ സ്തുതിച്ചുകൊണ്ട് അനവധി ശ്ലോകങ്ങളുണ്ട്. രാമായണത്തിലും ശാകുന്തളത്തിലും വൃക്ഷലതാദികൾ കഥാപാത്രങ്ങളാണല്ലോ.

രാജവീഥികളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനും അവയ്ക്കു സംരക്ഷണം നല്കാനും വിളംബരം പുറപ്പെടുവിച്ച അശോകചക്രവർത്തിയുടെ നാട്ടുകാരായ ജനതയ്ക്ക് ഇന്നെന്തു പറ്റിയെന്ന് പ്രസിദ്ധ ബ്രിട്ടീഷ് ഇക്കോളജിസ്റ്റായ പോൾ





**ലോക സംസ്കാരത്തിന്റെ ഏടുകളിലെ പ്രധാന വിഷയമാണ് മനുഷ്യനും വൃക്ഷവും തമ്മിലുള്ള ബന്ധം. മനുഷ്യന്റെ ആരാധനയിലും വിശ്വാസത്തിലും ആചാരങ്ങളിലും ജീവിതരീതികളിലും വൃക്ഷലതാദികളുടെ സ്വാധീനം തഴച്ചുവളർന്നു നിൽക്കുന്നത് കാണാം.**



റോബ്സൺ ചോദിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. അത്രയ്ക്ക് തത്ത്വദീക്ഷയില്ലാതെയാണല്ലോ നാം മരങ്ങൾ വെട്ടിമുറിയ്ക്കുന്നത്. ആധുനിക സസ്യശാസ്ത്രം ഉരുത്തിരിയുന്നതിന് മുമ്പ് വൃക്ഷശാസ്ത്രം വൃക്ഷായുർവേദം എന്ന പേരിൽ എഴുതിയുണ്ടാക്കിയ ശാർങ്ഗധരൻ നമ്മുടെ നാട്ടുകാരനാണെന്നതും ഓർക്കേണ്ടതു തന്നെയാണ്. പത്തു പുത്രന്മാർക്ക് തുല്യമാണ് ഒരു വൃക്ഷം എന്ന മഹാസന്ദേശം അദ്ദേഹം നമുക്കു നല്കി.

ഒരു ഹെക്ടർ ഹരിതവനത്തിലെ മരങ്ങൾ രണ്ടര ലിറ്റർ വെള്ളം സംഭരിച്ച് വേരുകളിൽ സൂക്ഷിക്കുന്നു എന്നാണ് കണക്ക്. അത് അന്തരീക്ഷമർദത്തിന്റെ ഫലമായി താഴോട്ടു ഉറവകളായി പതിച്ച് നദികളെ സമ്പുഷ്ടമാക്കുന്നു. മേലോട്ട് നീരാവിയായി അന്തരീക്ഷത്തെ കുളിർപ്പിക്കുന്നു. ഇങ്ങനെ പൊതു ബാഷ്പീകരണത്തിന്റെ തോത് കുറച്ച് നദികളിലും ചോലകളിലും ജലം വറ്റാത്ത അവസ്ഥ ഉണ്ടാക്കുന്നു എന്നു മാത്രമല്ല വരവു മേഘങ്ങളെ തടഞ്ഞുനിർത്തി ആവശ്യാനുസരണം മഴ പെയ്യിക്കുകയും പ്രാദേശിക മേഘങ്ങൾക്ക് രൂപം നൽകുകയും ചെയ്യുന്നു. എന്നാൽ ദുരമൂത്ത മനുഷ്യന്റെ ദ്രുതഗതിയിലുള്ള വനനശീകരണം ഈ സാധ്യതകളെ മുഴുവൻ തകർക്കുകയാണല്ലോ.

പുണ്യവൃക്ഷങ്ങളെ വെട്ടി നശിപ്പിക്കാൻ പാടില്ല എന്നാണ് പുരാണാദികളിൽ പറയുന്നത്. വൃക്ഷം ഛേദിക്കുന്നവരെ നരകത്തിലെ ശാല്മലീവൃക്ഷത്തിൽ കെട്ടി അടിയ്ക്കുമെന്നാണ് പുരാണവുമായി ബന്ധപ്പെട്ട വിശ്വാസം. ആദിവാസികളുടെയിടയിൽ വൃക്ഷങ്ങളെ സംബന്ധിച്ച് ചില വിശ്വാസങ്ങളുണ്ട്. അവർ ചില പ്രത്യേക വൃക്ഷങ്ങളെ മുറിയ്ക്കുകയില്ല എന്നു മാത്രമല്ല സ്പർശിക്കുക പോലുമില്ല.

പാല, ചെമ്പകം, ആല്, പ്ലാവ്, ഇലഞ്ഞി, വേപ്പ്, കാഞ്ഞിരം തുടങ്ങിയ വൃക്ഷങ്ങളുടെ സങ്കേതങ്ങളിൽ ദേവതകളെ സങ്കല്പിച്ച് പൂജിക്കാറുണ്ട്. വൃക്ഷങ്ങളിൽ ദേവതകൾ വസിക്കുന്നു എന്ന വിശ്വാസം കൊണ്ടാണല്ലോ ചില വൃക്ഷങ്ങൾ മുറിക്കാൻ ഇന്നും പലരും ധൈര്യപ്പെടാത്തത്. നമ്മുടെ ആവാസവ്യവസ്ഥയ്ക്കു അനുഗുണമായ കാവുകൾ കുറെയെങ്കിലും നിലനിന്നും പാകാൻ ഈ ഭയമാണ് കാരണമെന്ന് പറയാം. വിശ്വാസപ്രകാരം വേപ്പു മരത്തിന്റെ ദേവത കാളി അഥവാ മാരിയമ്മയാണ്. കൂവളത്തിലും നെല്ലിയിലും മഹാലക്ഷ്മി വാസം ചെയ്യുന്നു എന്നാണ് സങ്കല്പം. കാലിച്ചേകോൻ തുടങ്ങിയ ഉർവരദേവതകളെ കാഞ്ഞിര വൃക്ഷസങ്കേതത്തിലാണ് കുടിയിരുത്തുക.

വിവാഹവുമായി ബന്ധപ്പെട്ട ചടങ്ങുകൾക്ക് ചില സമുദായക്കാർക്കിടയിൽ പാലമരത്തിന് പ്രത്യേകസ്ഥാനമാണുള്ളത്. ഇതിനാൽ മംഗലപ്പാല എന്ന പേരുതന്നെ വന്നിട്ടുണ്ട്.

നമ്മുടെ നാട്ടിൽ ക്ഷേത്രങ്ങളിലെല്ലാം അരയാൽ വൃക്ഷം കാണാം. അരയാൽ നട്ടുവളർത്തുകയെന്നത് പുത്രോത്പാദനം, അന്നദാനം, ജലദാനം എന്നിവപോലെ ഒരു സത്കർമമായിട്ടാണ് പരിഗണിക്കപ്പെടുന്നത്. അരയാൽ വൃക്ഷം കണ്ടുകൊണ്ട് വന്ദിക്കാതെ പോയാൽ ഐശ്വര്യക്ഷയമുണ്ടാകുമെന്ന് വിശ്വസിക്കപ്പെടുന്നു. ഉപനയനാദിസംസ്കാരക്രിയകൾ അരയാലിനും ചെയ്യാ

റുണ്ട്. മനുഷ്യന്റെ നിലനിൽപ്പിനാവശ്യമായ ഓക്സിജൻ അന്ത രീക്ഷത്തിലേക്ക് പ്രസരിപ്പിക്കുന്ന അരയാലിനെ പ്രഭാതവേള യിൽ പ്രദക്ഷിണം വയ്ക്കുന്നത് വളരെ ഗുണകരമാണ്.

ഭവനത്തിന്റെ ഓരോഭാഗത്തും ഇന്നയിന്ന വൃക്ഷങ്ങളേ നടാവൂ എന്നതിലും അങ്ങനെയായാലേ ഗൃഹവാസികൾക്ക് ഐശ്വര്യവും ആരോഗ്യവുമുണ്ടാകൂ എന്നതിലും ശാസ്ത്രസത്യം ഇല്ലാതില്ല. കിഴക്ക് ഇലഞ്ഞിയും പേരയും പ്ലാവും കൂവളവും തെക്ക് വശം അത്തിയും അമ്പഴവും പുളിയും പടിഞ്ഞാറ് വശം പാലയും അരയാലും തെങ്ങും വടക്കുവശം ഇത്തിയും പുന്നയും. അതത് ദിശകളിൽ നിന്നുവരുന്ന കാറ്റ് ഈ വൃക്ഷങ്ങളെ തഴുകി വീട്ടിനുള്ളിൽ കടക്കുമ്പോൾ പതി വായി അതേൽക്കുന്നവർക്ക് ഓജസ്സും ഉന്മേഷവും വർധിക്കും.

പഴയ രാജവംശങ്ങളിൽ പലതിനും കുലവൃക്ഷങ്ങൾ ഉണ്ടാ യിരുന്നു എന്നു ചരിത്രരേഖകളിൽ പറയുന്നുണ്ട്. ചോളരാജാ ക്കന്മാരുടെ കുലവൃക്ഷം കടമ്പു വൃക്ഷമായിരുന്നു. പാണ്ഡ്യ ന്മാർക്കും ചേരന്മാർക്കും ഇതുപോലെ ദിവ്യവൃക്ഷങ്ങൾ ഉണ്ടാ യിരുന്നു. ഒരു രാജ്യം പിടിച്ചടക്കുന്നവർ തോറ്റവരുടെ കുലവൃക്ഷത്തെ നശിപ്പിക്കുന്ന പതിവ് തെക്കെ ഇന്ത്യയിൽ ഉണ്ടായിരുന്നുവത്രെ. പഴയ നാടോടിക്കഥകളിലും മറ്റും സംസാ രിക്കുന്ന വൃക്ഷങ്ങളെ കണ്ടെത്താൻ കഴിയും.

മരത്തിൽ നിന്ന് മണ്ണിലേക്കിറങ്ങിയ പൂർവികനോടുള്ള നമ്മുടെ ബന്ധമാകാം മരങ്ങളോടുള്ള ആരാധന എന്ന് വിശ്വ സിക്കുന്നതിലും സാംഗത്യമുണ്ട്. കായ്കനികൾ ഭക്ഷണമാ ക്കിയ ആദിമമനുഷ്യന് മഴയിൽ നിന്നും വെയിലിൽ നിന്നും വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകി അഭയമരുളി യത് ശാഖകൾവീശി പരിലസിക്കുന്ന മരങ്ങൾ തന്നെയാണ്. മരങ്ങളുടെ ജനനവും മരണവും വളർച്ചയും ഇലപൊഴിക്കലും പൂക്കലുമൊക്കെ ആദ്യകാലം മുതൽ തന്നെ മനുഷ്യഭാവനയെ ഉത്തേജിപ്പിച്ചിരുന്നു. ഹരിതപത്രങ്ങളാലും നാനാവർണപുഷ്പങ്ങ ളാലും നിറഞ്ഞ തലയെടുപ്പോടെ നിൽക്കുന്ന വൃക്ഷങ്ങളെ വാഴ്ത്തിപ്പാടാത്ത കവികളില്ല. കപിലവസ്തുവിൽ ഉദിച്ച കനിവിന്റെ മണിദീപമായ സിദ്ധാർത്ഥന് ബോധോദയം ലഭിച്ച ബുദ്ധഗയയിൽ നിന്ന് രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്കു മുമ്പ് കൊണ്ടുപോയ ബോധിവൃക്ഷത്തിന്റെ കമ്പിൽ നിന്ന് വളർത്തിയെടുത്ത ഒരു വലിയ ആൽവൃക്ഷം ഇന്നും ശ്രീലങ്കയിലുണ്ട്. ആ മരത്തെ കാണുന്നതു തന്നെ പുണ്യമാണെന്നാണ് അവിടത്തുകാരുടെ ധാരണ. മനുഷ്യൻ മരത്തിനു കല്പിക്കുന്ന ദിവ്യത്വത്തിനുള്ള പ്രകടമായ ദൃഷ്ടാന്തം.

ഇന്ന് ഭൂമി അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നമാണ് മണ്ണൊ ലിപ്പ്. ഇതിനു കാരണം വേരുകളുടെ സംരക്ഷണം മണ്ണിനില്ലാതെ വരുന്നതാണ്. വൻ മരങ്ങൾ വീണു കഴിഞ്ഞാൽ, ഒന്നോർക്കുക ഈ ഭൂമി തന്നെ നമ്മുടെ കാൽക്കീഴിൽ ഇല്ലാതാകും. ഭൗമോപരി തലത്തിനുമുകളിൽ വിവിധ വാതകങ്ങളുടെ സമാഹാരമായ വായു വിൽ 78% നൈട്രജനും 21% ഓക്സിജനും 0.03% കാർബൺഡൈ ഓക്സൈഡുമാണ്. സസ്യങ്ങൾ ഓക്സിജൻ ഉത്പാദിപ്പിക്കുന്നി ല്ലെങ്കിൽ ജീവൻ നിലനിൽക്കുകയില്ല. ഇതു മനസ്സിലാക്കാതെ നട ത്തുന്ന വനനശീകരണത്തിന്റെ ഫലം അഗാധഗർത്തത്തിലേ യ്ക്കുള്ള മനുഷ്യവർഗത്തിന്റെ പതനമാവും.

`തരുപക്ഷിമൃഗങ്ങളോടും നരരോടും സുരരോടും' ഉള്ള തരള മായ സ്നേഹം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. അതു കൊണ്ടാ ണിവിടെ കാടുകൾ കരിഞ്ഞു പോകുന്നതും പുഴകൾ വറ്റിപ്പോകു ന്നതും ഋതുക്കൾ യഥാകാലം പ്രവർത്തിക്കാതിരിക്കുന്നതും.

അതെ,
മരം നാടിന്റെ വരമാണ്.
അവയെ സംരക്ഷിക്കുക
സ്വന്തം കുഞ്ഞുങ്ങളെ എന്നപോലെ...! ■







ദേശപ്പെരുമ

# പട്ടാമ്പിപ്പെരുമ

ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ



**വള്ളുവനാടിന്റെ പെരുമയാണ് പുന്നശ്ശേരി ഗുരുകുലം. പുന്നശ്ശേരി നീലകണ്ഠശർമയുടെ ആചാരശുദ്ധിയും വചോമാധുര്യവും ശിഷ്യസ്നേഹവും ഏറ്റുവാങ്ങി കേരള സംസ്കാരത്തിന്റെ ഈടുവയ്പുകളായിത്തീർന്ന എത്രയോ മഹാരഥന്മാർ. പട്ടാമ്പിപ്പുഴയോരത്തെ ഈ വൈജ്ഞാനിക തേജസ്സിനെക്കുറിച്ച്....**

ഭാരതപ്പുഴയും കൈത്തളി മഹാദേവക്ഷേത്രവും കൂട്ടുപാതയ്ക്കടുത്തുള്ള കട്ടിൽമാടവും കുലശേഖര ആഴ്വാർ വാഴ്ത്തിപ്പാടിയ തിരുമിറ്റക്കോടും പുന്നശ്ശേരി ഗുരുകുലവും പഴയ വള്ളുവനാടിന്റെ പെരുമകളാണ്. പുന്നശ്ശേരി നമ്പി ശ്രീ നീലകണ്ഠശർമയുടെ പൂർവികരിൽപ്പെട്ട പുന്നശ്ശേരി ശ്രീധരൻ നമ്പിയെപ്പറ്റി (കൊല്ലം 949–1006) കേട്ടിട്ടുള്ളവർ ചുരുങ്ങും. അദ്ദേഹം രചിച്ച ഭാഗവതം ഏകാദശസ്കന്ധം കിളിപ്പാട്ടിൽ തുഞ്ചത്തെഴുത്തച്ഛനെപ്പറ്റി പരാമർശമുണ്ട്. പട്ടാമ്പിയെന്നു കേൾക്കുമ്പോൾ ആരും ആദ്യമോർക്കുന്നത് പുന്നശ്ശേരി നമ്പി നീലകണ്ഠ ശർമയെയാണ്. നമ്പിയുടെ ഗുരുകുലം - സാരസ്വതോദ്യോതിനി–എത്രയെത്ര സാംസ്കാരിക നായകന്മാരെയാണ് കേരളത്തിന് സംഭാവന നല്കിയത്! ഒന്നോടിച്ചു നോക്കിയാൽത്തന്നെ മുന്നിൽ നിരക്കുന്ന പേരുകൾ ആരിലും വിസ്മയം ജനിപ്പിക്കും: വടക്കേപ്പാട്ടു നാരായണൻ നായർ, കയ്പ്പിള്ളി വാസുദേവൻ മൂസത്, വാചസ്പതി ടി.സി. പരമേശ്വരൻ മൂസ്സ്, കെ.വി.മാനൻ ഗുരുക്കൾ, വിദ്വാൻ സി.എസ്. നായർ, കല്ലമാർ തൊടി രാമുണ്ണി മേനോൻ, കുറുവാന്തൊടി ശങ്കരനെഴുത്തച്ഛൻ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ, പി. കുഞ്ഞിരാമൻ നായർ, കുട്ടിക്കൃഷ്ണമാരാര്, സി.പി. കൃഷ്ണനെളയത്, ഇ.ആർ.കൃഷ്ണശർമ, സി.കെ. വാര്യർ, പണ്ഡിതരത്നം കെ.പി. നാരായണപ്പിഷാരടി, ചെറൂളിയിൽ കുഞ്ഞുണ്ണി നമ്പീശൻ, തീർന്നില്ല പണ്ഡിത ലോകത്തിന്റെ നിത്യവിസ്മയമായ എം. പി. ശങ്കുണ്ണി നായർ.

പുന്നശ്ശേരി ഗുരുകുലത്തിന്റെ അവസാനത്തെ കണ്ണികളിലൊന്നായിരുന്നു ഈയിടെ അന്തരിച്ച കെ.പി. നാരായണപ്പിഷാരടി. സാരസ്വതോദ്യോതിനിയിലൂടെ ആർജിച്ച ജ്ഞാനം, വൈജ്ഞാനിക സാഹിത്യത്തിന്റെ എല്ലാ മേഖലകളിലും പ്രാഗത്ഭ്യം തെളിയിക്കാൻ പിഷാരടിമാഷിനെ പ്രാപ്തനാക്കി. നാരായണീയ വ്യാഖ്യാനത്തിൽ, നാട്യശാസ്ത്രവ്യാഖ്യാനത്തിൽ, വിവർത്തനങ്ങളിൽ, കൂത്തുംകൂടിയാട്ടവും സംബന്ധിച്ച ആധികാരിക പഠനങ്ങളിൽ ഒക്കെ നാരായണപ്പിഷാരടിയുടെ കൃതഹസ്തത ലോകം കണ്ടറിഞ്ഞിട്ടുള്ളതാണ്.



പി. കുഞ്ഞിരാമൻ നായർ

**മലയാളത്തിലെ ആദ്യകാല നിരൂപകന്മാരിൽ പലതു കൊണ്ടും ശ്രദ്ധേയനായ ചെട്ടിയാർ തൊടി ശങ്കുണ്ണി നായർ-വിദ്വാൻ സി.എസ്. നായർ- സാരസ്വതോ ദ്യോതിനിയുടെ സംഭാവനയാണ്. സംസ്കൃതത്തിലും മലയാളത്തിലും ഇംഗ്ലീഷിലും പാണ്ഡിത്യം നേടിയ സി.എസിന്റെ ശക്തിയ്ക്കാധാരം സംസ്കൃതകാവ്യ മീമാംസയായിരുന്നു. പൗരസ്ത്യവും പാശ്ചാത്യവു മായ കലാചിന്തകളെ സമന്വയ ിപ്പിച്ചുകൊണ്ട് നിരൂപണരംഗത്ത് വന്ന ആദ്യത്തെ എഴുത്തുകാരിൽ പ്രധാനിയാണ് സി.എസ്. നായർ.**

അനന്തമായ ഈ ബ്രഹ്മാണ്ഡത്തിലെ വിടെയോ നിന്ന് നിസ്സംഗനായി പുതിയ നൂറ്റാണ്ടിനെ വീക്ഷിക്കുന്ന ചെറൂളിയിൽ കുഞ്ഞുണ്ണി നമ്പീശൻ. സ്വയം വരിച്ച ആചാര ശുദ്ധിയും അന്തർമുഖത്വവും കൊണ്ട് ശ്രദ്ധേയനായ കവി പുന്നശ്ശേരി നമ്പിയുടെ ആർഭാടരഹിതവും വിനയസമ്പുഷ്ടവുമായ ജീവിതചര്യകളെ സ്വാംശീകരിച്ച ധന്യാത്മാവാണ് കുഞ്ഞുണ്ണി നമ്പീശൻ. പട്ടാമ്പിപ്പുഴയോരത്തെ പെരുമുടിയൂരിൽ നിന്നും പറന്നുപോയ കവികോകിലങ്ങളിൽ സാത്വിക തേജസ്സിനുടമയായ കിളി ഒന്നേയുള്ളൂ-ചെറൂളിയിൽ കുഞ്ഞുണ്ണി നമ്പീശൻ. സംസ്കൃത നാടക വിവർത്തനത്തിൽ ഭാവ പക്ഷത്ത് അടിയുറച്ചു നിന്ന കവിയാണ് നമ്പീശൻ. അദ്ദേഹത്തിന്റെ വിവർത്തന ശൈലി ശാലീനസുന്ദരമാണ്. അക്ലിഷ്ട മനോഹരമാണ്. സംസ്കൃതത്തിന്റെയും മലയാളത്തിന്റെയും മർമം മനസ്സിലാക്കിയ വിവർത്തകൻ. ഭാസനാടകങ്ങളും ശ്രീകൃഷ്ണവിലാസം, കടാക്ഷശതകം എന്നീ കവിതകളുമാണ് ചെറൂളി വിവർത്തനം ചെയ്തിട്ടുള്ളത്. ശാകുന്തളത്തിൽ നിന്ന് ഒരു ഉദാഹരണം-

കഃ പൗര വേ വസുമതീം
ശാസതി ശാസിതരി ദുർവിനീതാനാം
അയമാചരത്യവിനയം
മുഗ്ദ്ധാസു തപസ്വികന്യാസു.

*നമ്പീശന്റെ വിവർത്തനം ഇങ്ങനെയാണ്*

ആരിവനറുപോക്കിരികളെ
നേരായ് ശിക്ഷിച്ചു പൗരവൻ വാഴ്കെ
മുറ്റും വെറിമ തുടർന്നു
മുഗ്ദ്ധകളാം മുനികുമാരികളിൽ
(ഭാഷാ ശാകുന്തളം)

വൃക്ഷത്തിനു മറഞ്ഞു നിന്ന് ശകുന്തളയുടെ സൗന്ദര്യം ആസ്വദിക്കുന്ന ദുഷ്യന്തൻ രംഗത്തുവരുന്ന സന്ദർഭത്തിലുള്ളതാണ് ഈ ശ്ലോകം. പ്രതിനായകനെ നേരിടുന്ന നായകനെപ്പോലെയാണ് ദുഷ്യന്തന്റെ വരവ്. അതുകൊണ്ടാണ് കാളിദാസൻ കഃ എന്നു തുടക്കത്തിൽ ചേർത്തത്. കഃ ശബ്ദത്തിന്റെ മർമം ഗ്രഹിച്ച് അതിന് സന്ദർഭാനുസാരിയായി ചേർക്കാവുന്ന `ആരിവൻ' എന്ന മലയാളപദം ആദ്യം ചേർത്ത് പരിഭാഷ നിർവഹിച്ചിരിക്കുന്നു എന്നതാണ് ചെറൂളിയുടെ മെച്ചം. ശാകുന്തള വിവർത്തകരിൽ നമ്പീശനെ വ്യത്യസ്തനാക്കുന്ന വിശേഷങ്ങളിൽ മുഖ്യം ഇത്തരം ഭാഷാപ്രയോഗങ്ങളാണ്. ആറാം അങ്കത്തിൽ മുക്കുവന്റെ സംഭാഷണം ശുദ്ധ പ്രാദേശിക ഭാഷയിലാക്കിയതും അഭിനന്ദനീയമാണ്. മുകളിൽ ഉദ്ധരിച്ച വിവർത്തന ശ്ലോകത്തിലെ ആരിവൻ, അറുപോക്കിരി, നേരായ്, വാഴ്കെ, മുറ്റും, തുടർന്നു എന്നീ ശുദ്ധ ഭാഷാപദങ്ങളോടൊപ്പം വെറിമ എന്ന വള്ളുവനാടൻ പദവും ഭാഷാപക്ഷപാതിയായ ശാകുന്തളം വിവർത്തകനെയാണ് നമ്പീശനിൽ കാണിച്ചുതരുന്നത്. ഭാസനാടകങ്ങൾ, ശ്രീകൃഷ്ണവിലാസം, കടാക്ഷശതകം എന്നിവയുടെ വിവർത്തനങ്ങളിലും കുഞ്ഞുണ്ണി നമ്പീശൻ രചനാസൗഷ്ഠവവും അക്ലിഷ്ടതയും കാത്തുസൂക്ഷിച്ചിട്ടുണ്ട്. എന്തുകൊണ്ടോ കിട്ടേണ്ട പ്രസിദ്ധിയുടെ നാലിലൊന്നുപോലും ജീവിതകാലത്ത് കുഞ്ഞുണ്ണിനമ്പീശന് കിട്ടിയില്ല.

സംസ്കൃതസാഹിത്യത്തിലും ദർശനങ്ങളിലും അഗാധപാണ്ഡിത്യമാർജിച്ചവർ ഏറെയാണെങ്കിലും ആ അറിവിനെ സാഹിത്യത്തിലെ നവീന ചിന്താഗതികളുമായി സമന്വയിപ്പിച്ച് പുതുവഴി തീർത്തിട്ടുള്ളവർ ഏറെയില്ല. പൗരസ്ത്യപാശ്ചാത്യ സാഹിത്യദർശനങ്ങളിൽ നിന്നും പുതുവഴി വെട്ടിയ എം.പി. ശങ്കുണ്ണിനായർ വള്ളുവനാടിന്റെ അഭിമാനമാണ്. അദ്ദേഹത്തിന്റെ 'കാവ്യവ്യുല്പത്തി'യും `ഛത്രവും ചാമരവും' `നാട്യമണ്ഡപ'വും അനന്യമായ ചിന്താപദ്ധതികളുടെ അത്ഭുതസൃഷ്ടികളാണ്. പാരമ്പര്യ സമ്പ്രദായത്തിൽ സംസ്കൃതപഠനം നിർവഹിച്ച ഈ പുന്നശ്ശേരി ശിഷ്യൻ സ്വപ്രയത്നത്തിലൂടെയാണ് പാശ്ചാത്യസാഹിത്യത്തിൽ അവഗാഹം നേടിയത്. ശങ്കുണ്ണിനായർ തെളിച്ചെടുത്ത വിമർശനപദ്ധതി ഇന്നും അനന്യമാണ്. ആ അപഗ്രഥനപാടവവും വാക്ശക്തിയും മലയാളത്തിലെ ഉഭയകവീശ്വരന്മാരിൽ ആരിലും ദൃശ്യമല്ല. സാഹിത്യവിമർശനത്തിന് പട്ടാമ്പി നല്കിയ പെരുമകളിലൊന്നാണ് എം.പി. ശങ്കുണ്ണിനായർ. പറയുന്ന കാര്യത്തെക്കുറിച്ച് യാതൊരു സംശയവുമില്ലാത്ത മനുഷ്യൻ എന്ന വിശേഷണത്തിന് സർവഥാ യോഗ്യനാണ് ശങ്കുണ്ണിനായർ.

നിള ഒഴുകിക്കൊണ്ടിരിക്കുന്നു. പുതിയ സഹസ്രാബ്ദത്തിൽ തന്റെ തീരങ്ങളെ ധന്യമാക്കാൻ വരുന്ന സൂക്തിരത്നങ്ങളെ സ്വപ്നം കണ്ടുകൊണ്ട് നിള ഒഴുകുന്നു. പുന്നശ്ശേരി നീലകണ്ഠശർമയുടെ ആചാരശുദ്ധിയും വചോമാധുര്യവും ശിഷ്യസ്നേഹവും സംസ്കൃതഭാഷാഭിമാനവും, ഉത്പതിഷ്ണുത്വവും ഏറ്റുവാങ്ങിയ എത്രയോ ശിഷ്യന്മാർ! അവരെല്ലാം കേരള സംസ്കാരത്തിന്റെ ഈടുവയ്പുകളാണ്.

**സംസ്കൃതസാഹിത്യത്തിലും ദർശനങ്ങളിലും അഗാധ പാണ്ഡിത്യമാർജിച്ചവർ ഏറെയാണെങ്കിലും ആ അറിവിനെ സാഹിത്യത്തിലെ നവീന ചിന്താഗതികളുമായി സമന്വയിപ്പിച്ച് പുതുവഴി തീർത്തിട്ടുള്ളവർ ഏറെയില്ല. പൗരസ്ത്യപാശ്ചാത്യ സാഹിത്യദർശനങ്ങളിൽ നിന്നും പുതുവഴി വെട്ടിയ എം.പി. ശങ്കുണ്ണിനായർ വള്ളുവനാടിന്റെ അഭിമാനമാണ്.**

മലയാള വിമർശനത്തിന് കനത്ത സംഭാവനകൾ നല്കിയ കുട്ടിക്കൃഷ്ണമാരാരും എം.പി. ശങ്കുണ്ണിനായരും ഉൾക്കാഴ്ചയുടെ കാര്യത്തിൽ വിദ്വാൻ. സി.എസ്. നായരുടെ പാരമ്പര്യം പേറുന്നവരാണ്. മാരാർക്ക് ഇംഗ്ലീഷ് ഭാഷ വശമില്ലാതിരുന്നിട്ടും താനാർജിച്ച ദിക്കാലതിവർത്തിയായ ശക്തിനിമിത്തം പൗരസ്ത്യകാവ്യമീമാംസയിലൂടെ പാശ്ചാത്യകലാമീമാംസകളെ ഉൾക്കൊള്ളാനും പ്രയോഗിക്കാനും സാധിച്ചു. ഇംഗ്ലീഷ് വശമായ ശങ്കുണ്ണിനായർക്ക് മാരാരോളം വളരാനായില്ലെങ്കിലും വിമർശന രംഗത്ത് സ്വന്തം നിലപാടുതറ തീർക്കാൻ കഴിഞ്ഞു.

പുന്നശ്ശേരി നമ്പിയെന്ന ഹിമഗിരിയിൽ നിന്ന് നിർഗളിച്ച നിരവധി പ്രവാഹങ്ങൾ കൈരളിയെന്ന മഹാപ്രവാഹിനിയുടെ ആഴവും പരപ്പും വർദ്ധിപ്പിച്ചിട്ടുണ്ട്. 1883-ൽ തന്റെ 31-ാം വയസ്സിലാണ് പുന്നശ്ശേരി നീലകണ്ഠശർമ്മ പട്ടാമ്പിയ്ക്കടുത്ത് പെരുമുടിയൂരിൽ `സാരസ്വതോദ്യോതിനി' പാഠശാല സ്ഥാപിച്ചത്. 1935-ൽ നമ്പി അന്തരിച്ചു. ഇത്ര നീണ്ട കാലം ഒരു പാഠശാലയുടെ അധ്യക്ഷ പദവി അലങ്കരിച്ച മറ്റൊരു മഹാൻ കേരളത്തിലില്ല. സംസ്കൃതഭാഷയുടെയും അനുബന്ധ വൈജ്ഞാനിക മേഖലകളുടെയും പ്രചാരണവും പ്രയോഗവും ലക്ഷ്യമാക്കിയാണ് നീലകണ്ഠശർമ്മ `സാരസ്വതോദ്യോതിനി' യിലെ പാഠ്യവിഷയങ്ങളും പാഠ്യക്രമങ്ങളും തയ്യാറാക്കിയിരുന്നത്. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വാസനയെ പരിപോഷിപ്പിക്കുന്നതിനായി `വിജ്ഞാനചിന്താമണി' എന്നൊരു മാസികയും നമ്പി നടത്തിയിരുന്നു. മലയാളമയൂഖം, സംസ്കൃത മയൂഖം എന്നീ പംക്തികളിലായിട്ടാണ് മലയാള സംസ്കൃതഭാഷാ രചനകൾക്ക് പ്രവേശം നല്കിയിരുന്നത്. കേരളത്തിൽ കൊട്ടാരങ്ങളെയും മനകളെയും കേന്ദ്രീകരിച്ച് ധാരാളം പാഠശാലകൾ പ്രവർത്തിച്ചിരുന്നെങ്കിലും പുന്നശ്ശേരി ഗുരുകുലം പോലെ ജാതിമതഭേദം കൂടാതെ വിജ്ഞാനാർത്ഥികളായ ഏവരെയും സ്വീകരിച്ച് വിദ്യാദാനം നല്കിയിരുന്ന പാഠശാല വേറെ ഇല്ല. പഴയ തലമുറയിലെ ഒന്നാം കിടക്കാരായ മിക്ക എഴുത്തുകാരും ജൗതിഷികളും വൈദ്യന്മാരും പുന്നശ്ശേരിയിൽ പഠിച്ചവരാണ്.

മലയാളത്തിലെ ആദ്യകാല നിരൂപകന്മാരിൽ പലതുകൊണ്ടും ശ്രദ്ധേയനായ ചെട്ടിയാർ തൊടി ശങ്കുണ്ണിനായർ വിദ്വാൻ സി.എസ്. നായർ- `സാരസ്വതോദ്യോതിനി'യുടെ സംഭാവനയാണ്. സംസ്കൃതത്തിലും മലയാളത്തിലും ഇംഗ്ലീഷിലും പാണ്ഡിത്യം നേടിയ സി.എസിന്റെ ശക്തിയ്ക്കാധാരം സംസ്കൃതകാവ്യമീമാംസയായിരുന്നു. പൗരസ്ത്യവും പാശ്ചാത്യവുമായ കലാചിന്തകളെ സമന്വയിപ്പിച്ചുകൊണ്ട് നിരൂപണരംഗത്ത് വന്ന ആദ്യത്തെ എഴുത്തുകാരിൽ പ്രധാനിയാണ് സി.എസ്. നായർ. സാഹിത്യത്തിൽ മാത്രമല്ല ചരിത്രം, രാഷ്ട്രീയം, ഭാഷാശാസ്ത്രം എന്നിവയിലും സി.എസിന്റെ പ്രതിഭ വ്യാപരിച്ചിരുന്നു. എ.ആർ. രാജരാജവർമയ്ക്കു ശേഷം ആശാൻ കവിതയുടെ മഹത്വം കണ്ടറിഞ്ഞ ആദ്യത്തെ നിരൂപകനാണ് സി.എസ്. വള്ളത്തോൾ പക്ഷക്കാരനായിട്ടു പോലും ആശാന്റെ ഗാംഭീര്യം അദ്ദേഹം കാണാതിരുന്നില്ല.

`സാരസ്വതോദ്യോതിനി' ജന്മം നല്കിയ മറ്റൊരു പ്രതിഭയാണ് കെ.എസ്. എഴുത്തച്ഛൻ. ഗുരുനാഥനുപുറമെ സി.എസ്. നായരും കെ.വി.എമ്മും എഴുത്തച്ഛന്റെ ഗുരുക്കന്മാരായിരുന്നു. ക്ലാസിക് പഠനപാരമ്പര്യമാണ് എഴുത്തച്ഛനിൽ മുന്നിട്ടു നിന്നതെങ്കിലും സി.എസ്. നായരാൽ വളർത്തിയെടുക്കപ്പെട്ട നവീനാശയപ്രേമമാണ് ആ വ്യക്തിത്വത്തിന്റെ ആകർഷണീയതയ്ക്കു മാറ്റു നല്കിയത്. കലാപക്ഷത്തുറച്ചു നിന്നുകൊണ്ട് സാഹിത്യനിരൂപണം നടത്തിയ ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായരെ സംഭാവന ചെയ്തതും പുന്നശ്ശേരി ഗുരുകുലം തന്നെ.

നിള ഒഴുകുന്നു. മലയാളത്തെ പുളകം കൊള്ളിച്ചുകൊണ്ട് നിള ഒഴുകുന്നു. പുഴയുടെ കുഞ്ഞോളങ്ങളിൽ പി. കുഞ്ഞിരാമൻ നായരുടെയും കുഞ്ഞുണ്ണി നമ്പീശന്റെയും കാവ്യമാധുരി ഒളി ചിന്തുന്നു. പുതിയ നൂറ്റാണ്ടിലെ മേല്പത്തൂരിനെ, നമ്പ്യാരെ, എഴുത്തച്ഛനെ, ഇടശ്ശേരിയെ, വള്ളത്തോളിനെ, ഗോവിന്ദനെ, കുറ്റിപ്പുറത്തിനെ, ഉറൂബിനെ, വരവേല്ക്കാനായി നിള ഒഴുകുന്നു. ■

സ്മൃതി ▶▶

# കേരളവർമ വലിയ കോയിത്തമ്പുരാൻ

## (1845–1914)



ചങ്ങനാശ്ശേരി ലക്ഷ്മീപുരത്ത് കൊട്ടാരത്തിൽ തളിപ്പറമ്പ് മുല്ലപ്പള്ളി നമ്പൂതിരിയുടെയും പൂരം തിരുനാൾ ദേവി അംബ ത്തമ്പുരാട്ടിയുടെയും മകനായി 1845 ഫെബ്രുവരി 19ന് കേരളവർമ ജനിച്ചു. ആചാര്യദത്തമായ പേര് രാമവർമ എന്നായിരുന്നു. ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകളും വൈദ്യം, വ്യാകരണം, സംഗീതം, വേദാന്തം, തർക്കം എന്നിവയും പഠിച്ചു. തിരുവനന്തപുരത്ത് വിദ്യാഭ്യാസം നേടി. തിരുവിതാംകൂർ രാജകുടുംബാംഗമായ ലക്ഷ്മീഭായിയെ വിവാഹം കഴിച്ചതോടെ വലിയ കോയിത്തമ്പുരാൻപദവിയിലെത്തി. 1867-ൽ അദ്ദേഹം പാഠപുസ്തകക്കമ്മിറ്റിയംഗമായും അടുത്ത വർഷം അധ്യക്ഷനായും പ്രവർത്തിച്ചു. വിദ്യാർത്ഥികൾക്കായി അനേകം ശാസ്ത്രചരിത്രഗ്രന്ഥങ്ങൾ രചിച്ചിരുന്നു. ഭാഷാ ഗദ്യസാഹിത്യത്തിന്റെ നവോത്ഥാനത്തിലൂടെ നാടകപ്രസ്ഥാനത്തെ ഉത്തേജിപ്പിച്ചു. മലയാളത്തിലും സംസ്കൃതത്തിലും അദ്ദേഹം കാവ്യങ്ങൾ രചിച്ചിട്ടുണ്ട്. തന്റെ കാലഘട്ടത്തിലെ സാഹിത്യത്തിന്റെ ഏറ്റവും വലിയ പുരസ്കർത്താവ്, കേരള കാളിദാസൻ, കവി സാർവഭൗമൻ, എഫ്.എം.യു.സി.എസ്.ഐ തുടങ്ങിയ ബഹുമതികളും ബിരുദങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

പ്രധാനകൃതികൾ: സംസ്കൃതം:- തിരുന്നാൾ പ്രബന്ധം, നക്ഷത്രമാല, ഗുരുവായൂർ പുരേശസ്തവം, ശൃംഗാരമഞ്ജരി ഭാണം, ചിത്രശ്ളോകാവലി, കംസവധംചമ്പു, തുലാഭാരശതകം, പാദാരവിന്ദശതകം, ലളിതാംബാദണ്ഡകം, ക്ഷമാപണസഹസ്രം, യമപ്രമാണശതകം, ശത്രുസംഹാരപ്രാർത്ഥനാഷ്ടകം, ത്രീശത്യന്തരം, ലളിതാംബാസ്തോത്രം, ദണ്ഡനാദസ്തോത്രം, ചങ്ങനാദ്രീശ്വരിസ്തോത്രം, സ്കന്ദശതകം, നാരദീയമഹിമാനുവർണനം, നാരായണപഞ്ചാശക്തി, നരസിംഹാവതാരം, വഞ്ചീപതിശതകം, അമൃതമഥനം, ശ്രീവിശാഖവിജയം (മഹാകാവ്യം) വിക്ടോറിയ ചരിത്രസംഗ്രഹം, വ്യാഘ്രാലയേശശതകം, ശാകുന്തളപാരമ്യം, ശോണാദ്രീശസ്തോത്രം.

മലയാളം:- ആട്ടക്കഥ-ഹനുമദ്ഭവം, ധ്രുവചരിതം, മത്സ്യവല്ലഭവിജയം, പ്രലംബവധം, പരശുരാമവിജയം, സോമാവാരവ്രതം, ഉത്തരഭാഗം; വിവർത്തനം, കേരളഭാഷാ ശാകുന്തളം-നാടകം, അമരുശതകം, അന്യോപദേശശതകം-നോവൽ, അക്ബർ -കാവ്യം, മയൂരസന്ദേശം, ദൈവയോഗം, ശ്രീപത്മനാഭശതകം, സ്തുതിശതകം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന രചനകൾ. 1914 സെപ്തംബർ 22ന് അദ്ദേഹം ദിവംഗതനായി. ■

**വിനോദ്, പട്ടാണിപ്പാറ**



**കായികാധ്വാനത്തിനായി യുവാക്കളെ ചങ്ങലയിൽ തളച്ച് കപ്പലിൽ അമേരിക്കയിലേക്ക് കടത്തിയ ചരിത്രമുണ്ടായിരുന്നു പണ്ട് - ഇന്നും യുവത്വം തളയ്ക്കപ്പെടുകയാണ് - ഇരുമ്പുചങ്ങലയാലല്ല പ്രലോഭനങ്ങളുടെ സ്വർണച്ചങ്ങലയാൽ.**

# മസ്തിഷ്കാപഹരണം കാമ്പസ്സിനുള്ളിൽ കടന്നും

ഡോ. കെ.എൻ. മല്ലിനാഥൻ

പ്രൊഫഷണൽ കോളേജുകളിൽ നിന്ന് പഠിച്ചിറങ്ങുന്നവർക്ക് ഒരു ജോലിക്കുവേണ്ടി പല വാതിൽക്കലും മുട്ടേണ്ടിവരുന്ന ഒരു കാലമുണ്ടായിരുന്നു. കൂടുതൽ ഉജ്ജ്വലമായ വിജയത്തിന്റെ ഉടമകൾക്ക്, മുട്ടേണ്ടി വരുന്ന വാതിലുകളുടെ എണ്ണം കുറവായിരുന്നു എന്നു മാത്രം. എങ്കിലും ജയിച്ച ഉടനെയല്ലെങ്കിലും പ്രൊഫഷണൽ ബിരുദധാരികൾക്ക്, കുറേ കാത്തിരുന്നാലെങ്കിലും, ഏതെങ്കിലും തൊഴിൽ മേഖലയിൽ കയറിപ്പറ്റാൻ കഴിയുമായിരുന്നു.

അതൊരു പഴയകഥ. ഇന്ന് മിക്ക പ്രമുഖ കമ്പനികളും പ്രഗത്ഭ യുവാക്കളെ തേടി കലാലയങ്ങളിലേക്കു തിരിക്കുന്നു. ഏറ്റവും നല്ല കോളേജുകളിൽ നിന്ന് ഏറ്റവും നല്ല വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സ്വന്തമാക്കാൻ ശ്രമിക്കുന്നു. അത്തരം കോളേജുകളിൽ പഠിക്കുന്നതു തന്നെ എൻട്രൻസ് പരീക്ഷയിലും മറ്റും കൂടുതൽ മാർക്കോടെ വിജയിച്ച് പ്രവേശനം നേടിയവരാണ്.

അങ്ങനെ കാമ്പസ് സെലക്ഷൻ കിട്ടുന്നവർ ഭാഗ്യവാന്മാർ/ഭാഗ്യവതികൾ. എന്തെന്നാൽ സമ്പന്നതയുടെ സ്വർണകവാടം അവർക്കായി തുറക്കപ്പെടുന്നു! അവർക്കും അവരുടെ മാതാപിതാക്കൾക്കും അഭിമാനിക്കാം. വേണമെങ്കിൽ അഹങ്കരിക്കുകയും ചെയ്യാം. കോളേജ് വിദ്യാഭ്യാസത്തിന്റെ അവസാനത്തെ പടി കഴിഞ്ഞാലും അവർക്ക് മണ്ണിൽ കാൽ കുത്തേണ്ടി വരുന്നില്ല. (പലർക്കും നേരത്തേ തന്നെ മണ്ണുമായി സ്പർശമില്ലായിരുന്നല്ലോ!) നേരേ ഔദ്യോഗിക ജീവിതത്തിന്റെ ആദ്യപടിയിലേക്ക് കാലൂന്നാൻ കഴിയും. അവസാനത്തെ പരീക്ഷയ്ക്ക് മുമ്പ് തന്നെ സെലക്ഷൻ കഴിഞ്ഞിരിക്കും. പരീക്ഷയിൽ ജയിച്ചു (ഉയർന്ന മാർക്കോടെ) എന്ന് പിന്നീട് ഔപചാരികമായി കമ്പനിയെ അറിയിക്കയെ വേണ്ടൂ ജോലിയിൽ പ്രവേശിക്കാൻ.



ഈ ഭാഗ്യലബ്ധി വളരെക്കുറച്ചു പേർക്ക് മാത്രമുള്ളതാകുന്നു. ഉന്നത നിലവാരം പുലർത്തുന്ന പ്രൊഫഷണൽ കോളേജുകളിൽ നിന്ന് വിജയിച്ചിറങ്ങുന്ന എല്ലാവരും തന്നെ സമർത്ഥരായിരിക്കാം. എല്ലാവരെയും ഒരു സ്ഥാപനത്തിലേക്ക് ജോലിക്ക് തെരഞ്ഞെടുക്കാൻ കഴിയില്ല. കൂടുതൽ പേരെയും ഒഴിവാക്കിയേ തീരൂ. എങ്ങനെ ഒഴിവാക്കും? ഒരു

മുഖാമുഖം, ഒരർഹതാപരീക്ഷ-ഇതൊക്കെയാണ് ഇതിന് സ്വീകരിക്കുന്ന മാർഗങ്ങൾ. ഈ സമ്പർക്ക പരീക്ഷണങ്ങൾക്കു വേണ്ടിവരുന്ന കുറേ നിമിഷങ്ങൾ കൊണ്ട് ഒരാളുടെ സാമർത്ഥ്യത്തെ എങ്ങനെയാണളക്കാൻ കഴിയുക? പക്ഷേ ആ സമയം കൊണ്ട് ഭാഗ്യനിർഭാഗ്യങ്ങളുടെ അതിർവരമ്പിന്റെ ഏതെങ്കിലും ഒരു വശത്തേക്ക് ഒരു ഉദ്യോഗാർത്ഥി തള്ളി വീഴ്ത്തപ്പെടുന്നു. ജലദോഷം പോലുള്ള അസുഖങ്ങൾ, താത്കാലിക കുടുംബ പ്രശ്നങ്ങൾ.... അങ്ങനെ പലതും ഉദ്യോഗാർത്ഥിയുടെ തത്സമയ പ്രകടനത്തെ ബാധിച്ചേക്കാം. വേഗത്തിലുള്ള മുന്നേറ്റത്തിനിടയ്ക്ക് ഓടുന്നയാളുടെ കാലിൽ മുള്ളുകൊണ്ടതുപോലെയാകും.

കാമ്പസ് സെലക്ഷൻ കിട്ടുന്നവരും നിസ്സാരമോ സാങ്കല്പികമോ ആയ കാരണങ്ങൾ കൊണ്ട് തള്ളപ്പെടുന്നവരും തമ്മിൽ പിന്നീട് എത്രയധികം അകന്നുപോകുന്നു എന്നത് അമ്പരിപ്പിക്കുന്ന ഒരു വസ്തുതയാണ്. തെരഞ്ഞെടുക്കപ്പെടുന്നവർ ഒരു വിമാനത്തിൽ സീറ്റുനേടി സമ്പന്നതയുടെയും ആർഭാടത്തിന്റെയും സ്വർലോകത്തേക്ക് പറന്നുയരുമ്പോൾ തെരഞ്ഞെടുക്കപ്പെടാത്തവർ മണ്ണിൽത്തന്നെ, അല്ലെങ്കിൽ വിമാനത്താവളത്തിൽത്തന്നെ കഴിച്ചുകൂട്ടേണ്ടി വരുന്നു; എന്നോ, വന്നുകയറ്റിക്കൊണ്ടുപോകാനിടയുള്ള അല്ലെങ്കിൽ ഒരിക്കലും വരാത്ത ഒരാകാശവാഹനത്തിനു വേണ്ടി കാത്തു കൊണ്ട്! തെരഞ്ഞെടുക്കപ്പെട്ടവരെക്കാൾ, സാമർത്ഥ്യത്തിൽ ഒട്ടും പിറകിലായിരിക്കണമെന്നില്ല അവർ.

ഇന്ത്യയിലാണെങ്കിലും വിദേശത്താണെങ്കിലും സുഖമായും മാന്യമായും ജീവിക്കാൻ വേണ്ടതിലും എത്രയോ അധികമാണ് ബഹുരാഷ്ട്രക്കമ്പനികൾ ഇന്ത്യയിലെ ഉദ്യോഗാർത്ഥികൾക്ക് വാഗ്ദാനം ചെയ്യുന്നത്! (എങ്കിലും അവർ ഇക്കാര്യത്തിലും ലാഭമേ നോക്കുന്നുള്ളൂ എന്ന് നമ്മളോർക്കാറില്ല. ഇത്രയും യോഗ്യത നേടിയ, ഇത്രയും ജോലി ചെയ്യുന്ന, സ്വന്തം രാജ്യത്തെ ഒരു പൗരന്, ഒരിന്ത്യാക്കാരന് കൊടുക്കേണ്ടി വരുന്നതിന്റെ അനേകം മടങ്ങ് വേതനം കൊടുക്കേണ്ടി വരുമെന്നവർക്കറിയാം). ഇന്ത്യൻ കമ്പനികളും ഇങ്ങനെ കാമ്പസ് സെലക്ഷൻ നടത്താറുണ്ട്. അവർ കൊടുക്കുന്ന പ്രതിഫലം ബഹുരാഷ്ട്രക്കമ്പനികളുടേതിനെക്കാൾ താഴ്ന്നതാണെങ്കിലും അതുകൊണ്ട് നേടാവുന്ന സുഖഭോഗങ്ങൾക്ക് വലിയ വ്യത്യാസം വരില്ല. വിദേശനാണയത്തിന്റെയും രൂപയുടെയും മൂല്യഭേദമേ അവയ്ക്കുള്ളൂ.

ഏതു സുഖഭോഗവും പണംകൊടുത്ത് നേടാൻ കഴിയുമെന്നു തോന്നുക, അതിനാവശ്യമുള്ള പണം കിങ്കരനായി കൂടെയുണ്ടെന്നു വരിക.... ഈ അവസ്ഥയിൽ സ്വന്തം ജീവിതശൈലി തന്നെ മാറിപ്പോകാമെന്നതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. ശാരീരികമായും മാനസികമായും ആത്മീയമായും സാമൂഹികമായും ഉള്ള ആരോഗ്യത്തിന് ഹാനികരമായ പാതകളിലേക്ക് തിരിയാൻ ഒരാൾക്ക് വളരെയധികം സാധ്യതകളുണ്ട്.



ആരെയും ജോലി കൊടുത്തു സഹായിക്കാനല്ല ഇത്തരം വ്യവസായഭീമന്മാർ കാമ്പസ് സെലക്ഷൻ നടത്തുന്നത്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവരിൽ പലരും ഒരു ജോലിയില്ലെങ്കിലും സുഖമായി ജീവിക്കാനുള്ള സാമ്പത്തിക പശ്ചാത്തലമുള്ളവരായിരിക്കും. ഏറ്റവും സമർത്ഥരായ ചെറുപ്പക്കാരുടെ സേവനം തങ്ങൾക്കുതന്നെ കിട്ടുമെന്നുറപ്പാക്കണം, അവരുടെ സാമർത്ഥ്യം പ്രയോജനപ്പെടുത്താനുള്ള ഭാഗ്യം മറ്റാരും തട്ടിക്കൊണ്ട് പോകരുത്-ഇത് മാത്രമാണ് ലക്ഷ്യം. സമർത്ഥരുണ്ടെങ്കിൽ തങ്ങളുടെ വ്യവസായം കൂടുതൽ ലാഭകരമാക്കാം. ആ ഭാഗ്യവും മറ്റാർക്കും കിട്ടരുത്. വിപണനതന്ത്രത്തിന്റെ, ലാഭമോഹത്തിന്റെ ആദ്യഘട്ടപ്രയോഗമാണിത്. ലോകം മുഴുവൻ കീഴടക്കാനുള്ള അടങ്ങാത്ത വ്യാവസായിക മോഹത്തിന്റെ ഉപകരണങ്ങൾ മാത്രമായിത്തീരുന്നു നമ്മുടെ നാട്ടിലെ ബുദ്ധിമാന്മാർ. ഒരു കാലത്ത് ഇന്ത്യയിലെ ഭൗതികസമ്പത്ത് മുഴുവൻ അപഹരിക്കാൻ പടിഞ്ഞാറുനിന്ന് കടൽ കടന്നെത്തിയവർ ഇന്ന് നമ്മുടെ മസ്തിഷ്കസമ്പത്ത് മുഴുവൻ കവർന്നെടുക്കാൻ ശ്രമിക്കുകയാണ്. ഈ ബഹുരാഷ്ട്രക്കമ്പനികളുടെ മുകളറ്റത്തിരിക്കുന്നവരെ സേവിക്കാൻ നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ ബുദ്ധിമാന്മാർ തന്നെ വേണമെന്നാണവരുടെ താത്പര്യം! ഏതു കൂർമബുദ്ധിയ്ക്കും പണത്തിന്റെ തിളക്കത്തിൽ കണ്ണഞ്ചിപ്പോകുമെന്നവർ വിശ്വസിക്കുന്നു. പണ്ട് കായികാദ്ധ്വാനത്തിനുവേണ്ടി ആഫ്രിക്കയിൽ നിന്ന് കറുത്ത വർഗക്കാരെ പിടികൂടി കപ്പലിന്റെ അറകളിൽ തളച്ച് അമേരിക്കയിലേക്ക് കടത്തിയ ചരിത്രം ഈ അവസരത്തിൽ ഓർത്തു പോകാം. ഇരുമ്പു ചങ്ങലയല്ല ഇന്ന്. കപ്പലുമല്ല. പ്രലോഭനങ്ങളുടെ, വാഗ്ദാനങ്ങളുടെ സ്വർണച്ചങ്ങല അല്ലെങ്കിൽ പട്ടുചരടുകൊണ്ടുള്ള ബന്ധനങ്ങൾ. അവർ തെരഞ്ഞെടുക്കാത്തവരൊക്കെ ബുദ്ധിസാമർത്ഥ്യത്തിൽ പിന്നിലാണെന്നൊരു മൂഢധാരണയാണവർക്കുള്ളത്. ഈ ധാരണ തെറ്റാണെന്ന് മനസ്സിലാക്കാൻ അവർക്കധികം താമസമൊന്നും വേണ്ടിവരില്ല. ബുദ്ധിയോടൊപ്പം ദേശസ്നേഹവുമുള്ളവരുടെ വലിയനിര ഇന്ത്യയിലുണ്ടെന്നും താമസിയാതെ എല്ലാ മേഖലയിലും ഇന്ത്യ എല്ലാ രാഷ്ട്രങ്ങളുടെയും മുന്നിലാണെന്നും വ്യക്തമാകാൻ അവർക്കിനി അധികകാലം കാത്തിരിക്കേണ്ടിവരികയില്ല. കാരണം എല്ലാ ജ്ഞാനത്തിന്റെയും മഹത്വത്തിന്റെയും ഉറവിടം ഇന്ത്യതന്നെയാണ്.

ഇങ്ങനെ കൂടുതൽ സമർത്ഥരായവരെ വിദേശത്തേക്ക് കടത്തുമ്പോൾ വരാവുന്ന മറ്റൊരു ഭവിഷ്യത്തും നാം ഓർക്കേണ്ടതുണ്ട്. അവരിൽ പലരും അമേരിക്കയിൽ ജീവിതത്തിന്റെ വേര് പിടിപ്പിക്കുന്നു. പിന്നെ അവരുടെ അനന്തരതലമുറകൾ അതതു ദേശത്തെ പൗരന്മാരായിത്തീരുന്നു. കാലക്രമേണ അമേരിക്ക വിത്തത്തിന്റെ മാത്രമല്ല വിദ്യയുടെയും ബുദ്ധിയുടെയും ലോകചക്രവർത്തിപദം സ്വയമേറ്റെടുക്കും. മറ്റു രാജ്യങ്ങളിലുള്ളവർ ഇക്കാര്യങ്ങളിൽ പിറകിലാകണമെന്നാണവരുടെ ആഗ്രഹം.

ആർഭാടപൂർണവും സുഖസമൃദ്ധവുമായൊരു ജീവിതത്തിനുവേണ്ടി നിങ്ങൾ സ്വന്തം നാടിനെ കൈവെടിയരുതേയെന്നാണവരോടുള്ള അഭ്യർത്ഥന. വിദേശരാഷ്ട്രങ്ങൾക്ക് നമ്മുടെ മസ്തിഷ്കം വിലയ്ക്ക് കൊടുക്കരുതേ!

പണ്ട് ആഫ്രിക്കയിലേക്ക് ബ്രിട്ടീഷ് സർക്കാർ കായികാദ്ധ്വാനത്തിന് ഇന്ത്യയിൽ നിന്ന് തൊഴിലാളികളെ കൊണ്ടുപോയിരുന്നു. അവർ അവിടെ സ്ഥിരതാമസമാക്കുകയും അവിടത്തെ ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടുകളുടെയും പങ്കാളികളാകുകയും ചെയ്തു.

പക്ഷേ ഇപ്പോൾ മസ്തിഷ്കാധ്വാനത്തിന് വേണ്ടിയാണ് ഇന്ത്യാക്കാരെ അമേരിക്കയിലും മറ്റുമെത്തിക്കുന്നത്. ഈ മസ്തിഷ്കാപഹരണം ഇന്ത്യയ്ക്ക് നൽകുന്നത് കൂടുതൽ വിനാശകരമായൊരു ഭാവിയായിരിക്കും.

ബുദ്ധിസമ്പത്ത് കൂടുതലുള്ളവർ അത് മാതൃരാജ്യത്തെ മണ്ണിൽത്തന്നെ വിതയ്ക്കുക. അത് മുളച്ച് ഇവിടെ ഐശ്വര്യവും പുരോഗതിയും തഴച്ചു വളരട്ടെ. ഇന്ത്യ മറ്റു രാജ്യങ്ങളെ പിന്തള്ളട്ടെ. ■

**ഭാവശില്പത്തിൽ മാത്രമല്ല രംഗശില്പത്തിലും മികച്ച വൈദഗ്ധ്യം പുലർത്തിയിരുന്ന കവിയായിരുന്നു വള്ളത്തോൾ. അദ്ദേഹം വരികളിലൂടെ ദൃശ്യാവിഷ്കാരം നടത്തി നാടകീയതയുടെ ധർമം അനുഷ്ഠിക്കുകയായിരുന്നു..... ഒരു പഠനം.**

# വള്ളത്തോൾ കവിതയി

ഡോ. കവടിയാർ രാമചന്ദ്രൻ

അനർത്ഥങ്ങളുടെയും അതിവക്രതയുടെയും പീഡനമില്ലാത്തതാണ് നല്ല കവിത. ഇമ്മട്ടിലുള്ള ഉത്തമകവിത കൂടുതൽ അനുഭവവേദ്യമാകണമെങ്കിൽ, ഏറെ അനുഭവതീവ്രമാകണമെങ്കിൽ, അതിലുണ്ടാകേണ്ട അവശ്യഘടകമാണ് നാടകീയത. ജഡമായിപ്പോകാവുന്ന കാവ്യസന്ദർഭങ്ങളെ ചലനാത്മകമാക്കാനും അവയിൽ സംവേദനത്തിന്റെ പ്രകാശം പ്രസരിപ്പിക്കാനും നാടകീയതയ്ക്കു കഴിയും. പിൻപേ വന്ന കവികൾക്ക് അനുകരണയോഗ്യമായ നാടകീയത അവതരിപ്പിച്ച് മാതൃക കാട്ടിക്കൊടുത്ത മലയാളകവികളിൽ ഒന്നാമനാണ് വള്ളത്തോൾ. അദ്ദേഹത്തിന്റെ കൃതികളിൽ നാടകീയതയുടെ ഒരംശമെങ്കിലും സ്പർശിക്കാത്തവയായി ഒരെണ്ണമെടുത്തു കാട്ടാൻ നന്നേ പ്രയാസപ്പെടും. എന്തായാലും നാടകീയത എന്നാൽ എന്തെന്നതിനെപ്പറ്റി അല്പം പറഞ്ഞിട്ടാകാം ശേഷം വിചാരം.

കഥയും കവിതയുമൊക്കെ സാധാരണയായി നാം മനസുകൊണ്ട് അറിയുന്നു. എന്നാൽ നാടകം അങ്ങനെയല്ല. അതിനെ മനസ്സുകൊണ്ടും കണ്ണുകൊണ്ടും കാതുകൊണ്ടുമാണ് നേരെചൊവ്വെ അറിയുന്നത്. മനസുകൊണ്ട് അറിയുന്നതോടൊപ്പം കണ്ണുകൊണ്ട് കാണുകയും കാത് കൊണ്ട് കേൾക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന തീവ്രാനുഭൂതി നാടകത്തിൽ നിന്നും ലഭ്യമാകുന്നു എന്നതാണ് അതിന്റെ ശക്തിയും സവിശേഷതയും. എല്ലാ അവസ്ഥകളുടെയും അനുഭവം ഉണ്ടാക്കിത്തീർക്കുന്നതാണ് നാടകമെന്ന് ഭരതമുനി പറഞ്ഞിട്ടുള്ളതും ഓർമിക്കാം.[1] ഇതറിഞ്ഞുകൊണ്ടു തന്നെയാണ് കഥയിലും നോവലിലും കവിതയിലുമൊക്കെ പ്രതിഭാധനന്മാർ നാടകാംശങ്ങൾ ഉൾക്കൊള്ളിച്ചു വരാറുള്ളത്. ദൃശ്യവും ശ്രാവ്യവും ഒന്നിക്കുമ്പോൾ ഉള്ളിൽപ്പടരുന്ന ജൈവവും ദിവ്യവുമായ അനുഭൂതി ആചാര്യന്മാർ പണ്ടേ കണ്ടതാണ്.

“വാരണവീരൻ തലയറ്റു വില്ലറ്റു  
വീരൻ ഭഗദത്തൻ തന്റെ തലയറ്റു  
നാലാമതാനതൻ വാലുമരിഞ്ഞിട്ടു  
കോലാഹലത്തോടുപോയിതു ബാണവും”

എന്ന് എഴുത്തച്ഛനെഴുതുമ്പോൾ കവിതയിൽ ദൃശ്യശ്രാവ്യങ്ങളുടെ മാറ്റും കരുത്തും അറിഞ്ഞെഴുതുകയായിരുന്നു. `തലയറ്റു വില്ലറ്റു തലയറ്റു' എന്ന ആവർത്തനത്തിലൂടെ അറ്റുവീഴുന്നതിന്റെ ശബ്ദം കൂടി കേൾപ്പിക്കുകയാണ് കാവ്യാചാര്യൻ ചെയ്തതെന്നറിയണം. മലയാണ്മതൻ മഹേശ്വരന്മാർ പണ്ടേ കണ്ടറിഞ്ഞ നാടകീയതയുടെ ധർമം തന്റെ കാവ്യസപര്യയിൽ ഇങ്ങുനിന്നങ്ങോളം അനുസ്യൂതമായി അനുഷ്ഠിക്കുകയായിരുന്നു വള്ളത്തോൾ.

കാവ്യാരംഭം തന്നെ നാടകമാക്കിയിട്ടുള്ളതിന് ഒട്ടേറെ വള്ളത്തോൾക്കവിതകൾ ഉദാഹരിക്കാൻ കഴിയും. പെട്ടെന്ന് മനസ്സിലോടിക്കയറുന്നത് `കർമഭൂമിയുടെ പിഞ്ചുകാൽ' ആണ്. ആറ്റിലേക്കച്യുത, ചാടൊല്ലേ, ചാടൊല്ലേ... എന്ന നിർദേശത്തോടെ കവിത തുടങ്ങുന്നു. കാളിന്ദിയിലേക്ക് ചാടാനൊരുങ്ങിനിൽക്കുന്ന കൃഷ്ണന്റെയും കണ്ണനെത്തടയുന്ന കവിയുടെയും നാടകീയദൃശ്യമാണ് രംഗാരംഭത്തിൽ അഥവാ കാവ്യാരംഭത്തിൽ നാം കാണുന്നത്.



# ല നാടകീയത

പാടത്തെപണി കഴിഞ്ഞ് തിരിച്ചെത്തി ഇത്തിരി കഞ്ഞിയും മോന്തിയിട്ട് കോലായിൽ വിശ്രമിക്കുന്ന ചേന്നൻ പാളവിശറിയാൽ വീശിക്കൊണ്ടിരിക്കുന്ന ചിത്രം (നിത്യകന്യക) തിരശ്ശീല ഉയരുമ്പോൾ വേദിയിൽ പലവുരു കണ്ടിട്ടുള്ളതു തന്നെയാണ്.

ആരുമില്ലെന്നോ തല്ലി-
പ്പായിപ്പാൻ, പടിപ്പുറ-
ത്താരണരുടെ മാർഗം
മുടക്കും ചണ്ഡാലനെ!

എന്ന ആഢ്യാക്രോശത്തോടെയുള്ള രംഗാരംഭം `അച്ഛന്റെ ചാത്ത'ത്തെ നാടകീയമാക്കുന്നു. ഉച്ചസമയത്ത് പൂമണിമേടത്തളത്തിൽ ഒരു വേശകുമാരിയാൾ ഋഷികാവ്യഗാനാമൃതമൊഴുക്കുന്നതാണ് `കൊച്ചുസീത'യുടെ തുടക്കം.

വീട്ടിലെന്തു വിശേഷം നരേന്ദ്ര, നീ,
വീർപ്പുമുട്ടിക്കരയുന്നതെന്തിനോ?

ശ്രീരാമകൃഷ്ണപരമഹംസന്റെ ഇങ്ങനെയൊരു ചോദ്യത്തോടുകൂടിയാണ് `നരേന്ദ്രന്റെ പ്രാർത്ഥന' സമാരംഭിക്കുന്നത്. ചോദ്യോത്തരങ്ങളാകുന്ന സംഭാഷണത്തോടെ തുടങ്ങുന്ന കൃതിയാണ് `നാഗില'. ഉസ്മാന്റെ ദീർഘസംഭാഷണത്തിലാരംഭിക്കുന്നതാണ് `ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി'. ഉറയിൽ നിന്നൂരിയ വാളുമേന്തി ആക്രമണോത്സുകനായി സത്വരം നടകൊള്ളുന്ന ഉമാറിന്റെ ചലനചിത്രവും (ജാതകം തിരുത്തി), ചളിപ്പാടത്തിന്റെ വരമ്പത്തിരിക്കുന്ന പക്ഷിശ്രേഷ്ഠന്റെ നിശ്ചലചിത്രവും (ഒരു കൃഷ്ണപ്പരുന്തിനോട്), കുളിർപ്പൊയ്കയിൽ തൈത്തെന്നൽ താരാട്ടുന്ന ആമ്പൽപ്പൂപോലെ ആകാശത്ത് മെല്ലെമെല്ലെപ്പറക്കുന്ന വെള്ളക്കിളിയുടെ ചലിക്കുന്ന ചിത്രവും (വെടികൊണ്ട പക്ഷി), കാതാൽ കേൾക്കാനും കണ്ണാൽ കാണാനുമുള്ള ദൃശ്യശ്രാവ്യങ്ങളൊരുക്കിയിട്ടുള്ള `പ്രഭാതഗീത'ത്തിന്റെ പ്രാരംഭവും, സന്ധ്യമയങ്ങുംനേരത്ത് ഓളങ്ങളെ മുറിച്ചു നീങ്ങുന്ന തോണിയുടെ ഗമനചിത്രവും (തോണിയാത്ര) ദൃശ്യകലാബോധത്തിന്റെ തിരയിളക്കമുള്ള ഒരു മഹാകവിക്കു മാത്രമേ വിഭാവനം ചെയ്യാനാവൂ.

"സച്ചിത്രവസ്തുക്കൾ കൊണ്ടഴകാർന്ന പൂ
മച്ചിന്നകത്തൊരു മഞ്ചംചാരി,
എന്തോ വിചാരത്താൽ സ്തബ്ധയായ് മേവുന്നു
ചെന്തൊണ്ടി വായ്മലരാലൊരുത്തി,
ശീമയിൽപ്പേർകേട്ട ശില്പികൾ തീർത്തൊരു
കോമളത്തങ്കപ്പെൺ പാവപോലെ"

ഉള്ള കഥാപാത്രത്തിന്റെ ചിന്തിച്ചിരിപ്പും മിണ്ടാതിരിപ്പും മേനിമിനുപ്പും മാത്രമല്ല, രംഗവിധാനം പോലും ഒരു നാടകകൃത്ത് നിർവഹിക്കാറുള്ളതിനെക്കാളേറെ സൂക്ഷ്മതയോടെ വിശദീകരിച്ചിട്ടുള്ളത് ശ്രദ്ധേയമായിരിക്കുന്നു (ഒരു വീരപത്നി).


കുബേരപത്തനത്തിലെ താഴികക്കുടങ്ങൾ തിളങ്ങിമിന്നുന്ന പശ്ചാത്തലത്തിലാണ് അന്തണന്റെ ഗമനം നാം കാണുന്നത് (ശിഷ്യനും മകനും). വള്ളത്തോൾക്കവിതയിൽ വളരെയേറെയുള്ള ചലനാത്മകദൃശ്യങ്ങൾ നാടകീയതയ്ക്കു പത്തരമാറ്റ് നൽകുന്നു. മുന്നോട്ട് മുന്നോട്ടെന്ന മട്ടിൽ അഭിജാതപദങ്ങൾ വച്ച് പോകുന്ന പരശുരാമന്റെ ആരെയും കൂസാത്ത മനസ്സിനെക്കൂടി വെളിവാക്കുന്ന ചലച്ചിത്രമിതാ:

"മദവൃഷഗതിയാമവന്റെയോരോ
പദതല വിന്യസത്തിലും വിളങ്ങീ
സദഭിജനത, കൃത്യനിഷ്ഠ, ധൈര്യം,
ഹൃദയസമുന്നതി, ശൗര്യമെന്നിതെല്ലാം"

ഒരു കഥാപാത്രമരങ്ങേറുന്നു. തുടർന്നുള്ള ഭാഗങ്ങളിൽ നമ്മുടെ മനസ്സിലൊരു നാടകം തന്നെ അരങ്ങേറുന്നു. മനസ്സിനെ അരങ്ങാക്കിമാറ്റുന്ന ഈ സൂത്രധാരവിദ്യ വള്ളത്തോളിനു വശപ്പെട്ടിരുന്നു.[2]

സംഘർഷഭരിതമായ രംഗങ്ങളും നിശിതസംഭാഷണങ്ങളും കൊണ്ട് പ്രേക്ഷക മനസ്സിൽ തുടർചലനങ്ങളുണ്ടാക്കുന്ന ഒരു നാടകീയകാവ്യമാണ് `ബന്ധനസ്ഥനായ അനിരുദ്ധൻ'. എത്രയെത്ര നിത്യചിത്രങ്ങളാണതിൽ തിളക്കം മങ്ങാതെ വിലസുന്നത്. ബാണ സചിവേന്ദ്രൻ ഉഷാഗൃഹത്തിൽ പോകുന്ന സന്ദർഭമാണ് കാവ്യാരംഭം. അയാളുടെ രൂപപ്രകൃതിയെപ്പറ്റി കവി സൂക്ഷ്മമായി പ്രതിപാദിച്ചിട്ടുള്ളത് വായനക്കാരനു വേണ്ടി മാത്രമല്ല, ചമയക്കാരനുവേണ്ടിക്കൂടിയാണെന്ന് തോന്നിപ്പോകും. ജ്വലിക്കുന്ന കണ്ണുകളും, നരച്ചു വളർന്ന് മാറിൽത്തൊട്ടു കിടക്കുന്ന താടിയും, ചുളി വീണു പരന്ന നെറ്റിയും മുട്ടോളമെത്തിയ ഭുജാമുസലങ്ങളുമായി വിലസുന്ന മേദുരദീർഘകായനായ കഥാപാത്രത്തെയാണ് രംഗവേദിയിൽ പ്രത്യക്ഷപ്പെടുത്തുന്നത്. `ആലസ്യമാണ്ട മുഖമൊട്ടു കുനിച്ചു, വേർത്ത ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടു താങ്ങി' ഇരിക്കുന്ന ഉഷയുടെ അഴകും ആടയുമെല്ലാം സവിസ്തരം കവി അവതരിപ്പിച്ചിട്ടുള്ള വരികളിൽ പാത്രാവരണം മാത്രമല്ല, രംഗാവതരണം കൂടി നടക്കുന്നു.

ശിഷ്യനും മകനും, ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലനമറിയം, അച്ഛനും മകളും തുടങ്ങിയ ഖണ്ഡകാവ്യങ്ങളൊക്കെ നാടകം പോലെ കണ്ടിരിക്കാനും കേട്ടിരിക്കാനും മാത്രമല്ല, അനുഭൂതിതീവ്രതയിൽ മുഴുകാനും ഉപകരിക്കുന്നവയാണ്. ഇക്ക്യ



തികളിലൊന്നിന്റെ ഉള്ളെഴുത്തുകളിൽ കടന്നു നോക്കാം.

വഴിപാടു കാവ്യങ്ങളൊന്നും തന്നെ നിർമിച്ചിട്ടില്ലാത്ത വള്ളത്തോളിന്റെ ഒരുപാടു സവിശേഷതകളുള്ള കൃതിയാണ് അച്ഛനും മകളും. എന്നാൽ, മറ്റു വിശേഷങ്ങളിലേക്കൊന്നും കടക്കാതെ ഇക്കാവ്യത്തിലെ നാടകാംശങ്ങൾ മാത്രം പരിശോധിക്കുകയാണ്. നാടകീയത തന്നെയാണ് ഈ വിശിഷ്ടകാവ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത.

അച്ഛനും മകളും എന്ന `കാവ്യനാടകം' സമാരംഭിക്കുന്നത് സംഭാഷണത്തിലാണ്. വിശ്വാമിത്രന്റെ വാക്കുകളാണാദ്യം.

`ഗുരുപാദരെക്കണ്ടു
വന്ദിപ്പാനവസര-
മറിഞ്ഞുവരിക, പോയ്
വത്സ, നീ ശുനശ്ശേഫ;
ഞാനിങ്ങീയശോകത്തിൻ



തണലിൽ നില്ക്കാം......'

ഇതായിരുന്നു നിർദേശം. പിന്നീടാണ് പശ്ചാത്തലമെന്തെന്ന് കവി വെളിപ്പെടുത്തുന്നത്. കശ്യപാശ്രമക്കാട്ടിലാണ് വിശ്വാമിത്രനും ശുനശ്ശേഫനും എത്തിയിരിക്കുന്നതെന്നും ഗുരുവായ കശ്യപനെ വന്ദിക്കുകയാണ് വിശ്വാമിത്രന്റെ യാത്രോദ്ദേശ്യമെന്നും സംഭാഷണത്തിലൂടെയും മറ്റും കവി വെളിപ്പെടുത്തുന്നു. നില്ക്കാനൊരു തറയും പിന്നിലൊരു മറയും, എന്റെ മുന്നിൽ നിങ്ങളും നിങ്ങളുടെ മുന്നിൽ ഞാനും – ഒരുങ്ങിക്കഴിഞ്ഞു. ഇനിയാണ് നാടകം; അതിനു വേണ്ട ഒരുക്കങ്ങളെല്ലാം മഹാകവി നടത്തിക്കഴിഞ്ഞു.

പ്രതിപാദനരീതിയ്ക്കാണല്ലോ ഏറെ പ്രാധാന്യം. എന്ത് എന്നതിനെക്കാളും എങ്ങനെ എന്നതാണ് കലാസാഹിത്യാദികളെ നിത്യതയിലെത്തിക്കുന്നത്. ഒരിക്കലും ഉണങ്ങിപ്പോകുന്ന ഇതിവൃത്തമല്ല അച്ഛനും മകളും എന്ന കൃതിയിലേത്. ഇതിവൃത്ത സൗധം ഇതിഹാസത്തിന്റെ അടിത്തറയിന്മേലാണ് പണി ചെയ്യപ്പെട്ടിരിക്കുന്നതെങ്കിലും ഇതിഹാസ കാലത്തും ഇന്നത്തെക്കാലത്തും ഒന്നുപോലെ മനുഷ്യസമുദായത്തെ സ്പർശിക്കുന്ന പ്രമേയങ്ങളാണ് ഇതിലുള്ളത്. സമുദായത്തിന്റെ ഇരുളടഞ്ഞ മൂലകളിൽ ഇത്തരത്തിലുള്ള ക്ഷണികങ്ങളായ ദാമ്പത്യബന്ധങ്ങളും അവയുടെ ദുർഭഗങ്ങളായ ഫലങ്ങളും ഏതു കാലത്താണ് ഉണ്ടാകാതെയുള്ളത്? പുരുഷന്റെ ചാപല്യവും സ്ത്രീയുടെ ദൗർബല്യവും കൂടി സമുദായശരീരത്തിൽ ഉണ്ടാക്കിത്തീർക്കുന്ന ഇത്തരം വൈരൂപ്യങ്ങളെ ഏതു കാലത്താണ് ലോകം കാണാതെയുള്ളത്?[3] ചുരുക്കത്തിൽ, എന്നുമെന്നും പച്ചപ്പുള്ള ഒരു പ്രമേയത്തിന് കല്പിതമായ പശ്ചാത്തലം നൽകി സംഘർഷാത്മകമായ ഒരു കാവ്യനാടകം അവതരിപ്പിക്കുകയാണുണ്ടായത്. അപ്പോൾ, എന്ത്, എങ്ങനെ എന്ന ചോദ്യങ്ങൾക്ക് രണ്ടും അത്യുദാത്തം എന്ന മറുപടി ഉറപ്പിച്ചു പറയാം. `ജ്വലിക്കുന്ന ഒരു ജീവിതസന്ദർഭം വെറും അറുപത് ഈരടികളിലേക്ക് ഒതുക്കി മഹാകവി ഇതിൽ ആവിഷ്കരിച്ചിരിക്കുന്നു. നാടകീയതയുടെ പാരമ്യം, പാത്രസ്വഭാവ ചിത്രണത്തിൽ പാലിച്ചിരിക്കുന്ന പാകം-ഏതംശം നോക്കിയാലും ഈ കാവ്യം ഒറ്റപ്പെട്ടു നിൽക്കുന്നു'.[4]

കാലം, സ്ഥലം, പശ്ചാത്തലം, കഥാപാത്രങ്ങൾ, രംഗരചന തുടങ്ങിയ നാടകക്കരുക്കൾ നിരത്തിക്കൊണ്ടാണ് `അച്ഛനും മകളും' തുടങ്ങുന്നത്. അപരാഹ്നത്തിലെ പോക്കുവെയിൽ, ഹേമകൂടശൈലത്തിൽ പാർശ്വത്തിലുള്ള കശ്യപാശ്രമക്കാട്, അശോകമരവും തണലും, ഗുരുവന്ദനത്തിനായുള്ള തപസ്വിയുടെയും ഒപ്പം ശിഷ്യന്റെയും വരവ്-എന്നിങ്ങനെ രംഗപശ്ചാത്തലവും പാത്രപ്രവേശവുമാണാദ്യം. പിന്നീട് തങ്കക്കിടാവിന്റെ (സർവദമനന്റെ) വരവാണ്. വിശ്വാമിത്രൻ ഉണ്ണിയെ വാരിപ്പുണരുന്ന ക്രിയയാണടുത്തത്. തുടർന്ന് താടി നീണ്ട തന്റെ മുഖം കുഞ്ഞിന്റെ കവിൾപ്പൂവോട് ചേർക്കുന്നു, ആ രാജർഷി. പരസ്പരം അവർ സ്നേഹവാത്സല്യങ്ങളിൽ മുഴുകുമ്പോഴാണ് കവിയെന്ന കഥാപാത്രം രംഗത്തെത്തുന്നത്. (കവി കഥാപാത്രമാവുന്നത് വള്ളത്തോൾക്കവിതയിലെ ഒരു പതിവുദൃശ്യമാണ്)[5]. പുതിയൊരു കഥാപാത്രമായി ഇടയ്ക്ക് കയറിച്ചെന്ന് കവി ഉതിർത്തുവിടുന്ന ചോദ്യവും[6] അഭിപ്രായവുമൊക്കെ പ്രകൃതത്തിന് ഓജസ്സും പ്രതിപാദനത്തിന് വൈചിത്ര്യവും പ്രദാനം ചെയ്യുന്നുണ്ട്. നാടകീയതയുടെ സംഭാവനകളിലൊന്നാണിത്.

ശകുന്തളയുടെ കെട്ടുംമട്ടും ഉടുപ്പും ഉടലുമെല്ലാം ഏതാനും വരികളിൽ കവി അവതരിപ്പിക്കുന്നു. അവളെ കാണുന്ന നിമിഷത്തിൽ `മേനകേ നിനക്കെന്തീ മാറ്റ'മെന്ന മട്ടിലുള്ള ഒരാത്മഭാഷണ(സ്വഗതം)ത്തെപ്പറ്റി കവി സൂചിപ്പിക്കുന്നുണ്ട്. ഈ നാടകീയാംശം കാവ്യത്തെ ഭാവതീവ്രമാക്കാനുതകുന്നതാണ്. അനന്തരം കഥാപാത്രങ്ങളുടെ ഭാവപ്പകർച്ചകൾ (Expressions), ക്രിയകൾ (actions), സംഭാഷണങ്ങൾ (dialogues) എന്നിവയെല്ലാം നടക്കുന്നു. ശകുന്തള തന്റെ ജീവിതകഥ നാലുവരിയിലൊതുക്കിപ്പറയുന്നിടത്തും നാം നാടകീയതയുടെ കരുത്തറിയുന്നു.

`മുക്താത്മൻ, പിറന്നന്നേ വനത്തിൽ മാതാപിതൃ-
ത്യക്തഞാൻ, കണ്വർഷിയാലെടുത്തു പോറ്റപ്പെട്ടോൾ,
മന്നനാം ദുഷ്യന്തനാൽഗ്ഗാന്ധർവ്വ പരിണീത;

എന്നുടെ ജനകനോ, വിശ്രുതൻ വിശ്വാമിത്രൻ.'

സംക്ഷേപണവും സസ്പെൻസും ധ്വന്യാത്മകതയുമെല്ലാം ആവോളം ചേർത്തൊരുക്കിയ നാടകീയോക്തിയാണിത്. ഭാവഗീതപ്രസ്ഥാനത്തിന്റെ സംഭാവനയായ ഇത്തരം നാടകീയഭാഷണങ്ങൾ അനുഭവത്തിന് തീവ്രതയും സ്ഫുടതയും വികാരോദ്ദീപനവും ഉണ്ടാക്കുന്നു. അതിഭാവുകത്വത്തിലേക്ക് വഴുതിവീഴാതിരിക്കാൻ ഇമ്മാതിരി നാടകീയോക്തികൾ സഹായിക്കുകയും ചെയ്യും.

അരികെ നില്ക്കുന്നവളുടെ അച്ഛൻ താനാണെന്നറിയുമ്പോൾ സ്വയമറിയാതെ ഞാനോ എന്ന ചോദ്യവുമായി വിസ്മയപ്പെട്ടു നിൽക്കുന്ന താപസന്റെ മുഖത്തേക്കു പായുന്ന സ്പോട്ട്ലൈറ്റിന്റെ വെളിച്ചം അനുവാചകന് നന്നായി കാണാം. പാത്രഭാവപ്പെരുക്കമെല്ലാം ഇവിടെ സുതാര്യമായിത്തീരുന്നു. അഭിനയം ഉയരങ്ങളിലെത്തുന്ന സന്ദർഭമാണിത്. ഓമനേ എന്ന് മകളെ വിളിക്കുന്ന അച്ഛൻ, `പേരിട്ടാൻ ശകുന്തളയെന്നെ നിക്കച്ഛൻ കണ്വൻ' (കണ്വനെ അച്ഛനെന്നു വിളിക്കുമ്പോൾ വിശ്വാമിത്രന്റെ മുഖം വിളറുന്നതു കാണുക.) എന്നു പറയുന്ന മകൾ- ഇവരുടെ സമാഗമ മുഹൂർത്തത്തിലെ സംഘർഷമാണ് ഈ കാവ്യപ്രമേയത്തിന്റെ കാതൽ.

നാടകത്തിലെ കഥാപാത്രങ്ങളിൽ ഭാവവൈവിധ്യം സംഭവിക്കണം. അതിന്, ഭാവഹേതുകമായ സംഭവത്തോട് കഥാപാത്രങ്ങൾ വ്യത്യസ്തരീതിയിൽ പ്രതികരിക്കണം. ദുഷ്യന്തനാൽ പരിത്യജിക്കപ്പെട്ടിരിക്കുന്നവളാണ് മകൾ എന്നറിഞ്ഞപ്പോൾ അച്ഛനുണ്ടാകുന്ന ഭാവപ്പകർച്ചയിലെ വൈവിധ്യം നല്ലൊരഭിനേതാവിന് മികവുകാട്ടാൻ സമൃദ്ധമായതുതന്നെ. നോക്കുക;

"പകർന്നു ഭാവം പെട്ടെന്നക്കാലരുദ്രാകാര-,
ന്നുതിർന്നൂ മിഴിയിൽനിന്നെരിതീപ്പൊരി മേന്മേൽ;
വളഞ്ഞൂ പുരികങ്ങൾ, ചുളിഞ്ഞൂ വാർനെറ്റിത്ത-,
ട്ടിളകീലിലയുമ, ങ്ങടങ്ങീ കാറ്റെമ്പാടും!"

ഭർത്താവിനെ ശപിക്കാനൊരുങ്ങുന്ന പിതാവിനോട് `എന്നെയോർത്തടങ്ങേണമച്ഛൻ' എന്നപേക്ഷിക്കുന്ന രംഗം നാടകാന്തം കവിത്വത്തിന് വേറിട്ടൊരു മാനം നൽകുന്നതു തന്നെ. `ഭർത്താവോടചിരേണ ചേർന്നാലും സപുത്ര നീ' എന്ന് അനുഗ്രഹാശിസ്സുകൾ നൽകി അച്ഛൻ തിരികെപ്പോകുന്ന മുഹൂർത്തത്തിലാണ് കാവ്യനാടകത്തിന് തിരശ്ശീല വീഴുന്നത്. നാടകത്തിന് വിഷയീഭവിക്കുന്നത് രണ്ടു ധ്രുവങ്ങൾക്കു നടുവിലുള്ള ജീവിതത്തിന്റെ ചലനമാണല്ലോ. ഇപ്രകാരം, വള്ളത്തോൾക്കവിതയിലെ നാടകീയതയെ സമസ്താർത്ഥത്തിൽ പ്രകടമാക്കുന്ന, സംഘർഷങ്ങളുടെയും വികാരങ്ങളുടെയും നിരവധി ഗിരിമുനകളിലെത്തിക്കുന്ന, `കാവ്യനാടക'മാണ് `അച്ഛനും മകളും' എന്ന് അടിവരയിട്ടു പറയണം.

`ശിഷ്യനും മകനും' എന്ന കൃതിയിലെ ഒരു നാടകീയ ദൃശ്യം കൂടി കണ്ണിൽ നിറയ്ക്കാതെ ഈ പ്രബന്ധം എഴുതിത്തീർക്കുന്നത് അനുചിതമാകും.



`ഉടൻ മഹാദേവിയിടത്തു കൈയാൽ,
അഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി,
ജ്വലിച്ച കൺകൊണ്ടൊരു നോക്കു നോക്കി
പാർശ്വസ്ഥനാകും പതിയോടുരച്ചു-'

ഭാവശില്പത്തിൽ മാത്രമല്ല രംഗശില്പത്തിലും മികച്ച പ്രാഭവമുള്ള ഒരെഴുത്തുകാരനെയാണ് ഈ ദൃശ്യകാവ്യം ഉയർത്തിക്കാട്ടുന്നത്. രംഗബോധമുള്ള നടൻ, നാടകകൃത്ത്, നാടക സംവിധായകൻ, രംഗശില്പി എന്നിവർക്ക് ലഭ്യമായ സർഗശക്തിയുടെ ഒത്തിരിപ്പുള്ള ഭാസുരസാരസ്വതന്മാർക്കേ ഇത്തരം നാടകീയ ദൃശ്യമൊരുക്കാനാവൂ. പ്രേക്ഷകരുടെ ഇന്ദ്രിയങ്ങളെ പിടിച്ചടക്കാൻ വൈവിധ്യപൂർണങ്ങളായ ദൃശ്യങ്ങൾക്കാണ് കഴിയുക. അത്തരം ദൃശ്യങ്ങൾ കോർത്തെടുക്കുന്ന ഒരു കഥയാണ് നാടകത്തിനാവശ്യം. ആയത് ശിഷ്യനും മകനും എന്ന കാവ്യത്തിലുണ്ട്.

കല്പിത കഥാപാത്രങ്ങളെക്കൂടാതെ പൗരാണികവും ചരിത്രപരവുമായ കഥാപാത്രങ്ങൾ വള്ളത്തോൾക്കവിതകളിലുണ്ടല്ലോ. ചരിത്രകഥാപാത്രങ്ങളെയും പൗരാണിക കഥാപാത്രങ്ങളെയും പുനരവതരിപ്പിക്കുകയല്ല, പുനഃസൃഷ്ടിക്കുകയാണ് വള്ളത്തോൾ ചെയ്തത്. ഗണപതിയായാലും പരശുരാമനായാലും അനിരുദ്ധനായാലും ശരി, അവർക്കൊക്കെ പുതുരൂപവും പുതുഭാവവും അദ്ദേഹം നൽകി. രുഗ്മിയും അക്രൂരനും സീതയും വിശ്വാമിത്രനുമെല്ലാം ഒരഭിജാത സൗന്ദര്യത്തോടെയാണ് വള്ളത്തോൾക്കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. അവരുടെ അവതരണത്തിൽ നാടകമുദ്രകൾ ചാർത്താൻ മഹാകവി മറക്കാറില്ല. സർഗപ്രക്രിയയിലെ ഒരു സവിശേഷതയാണത്. ചാർത്ത് നടക്കുന്നതോടൊപ്പം ആ പഴയ വിഗ്രഹങ്ങൾ നവീകൃതങ്ങളാകുന്നു; അവയ്ക്ക് പുതുലാവണ്യം കൈവരുന്നു. ചരിത്രപാത്രങ്ങളായ നബിയും ക്രിസ്തുവും ബുദ്ധനും പൂന്താനവും ഭട്ടതിരിയും ശിവജിയും ഹുമയൂണും ശങ്കരാചാര്യരുമെല്ലാം കവിയുടെ പണിശാലയിൽ പുനഃസൃഷ്ടിക്കപ്പെട്ടവരാണ്. പാത്രസൃഷ്ടി പാളിയാൽ നാടകം പൊളിയും. പാത്രസൃഷ്ടി വൈഭവംകൂടി ഇണങ്ങിച്ചേർന്നതിനാലാണ് വള്ളത്തോളിന്റെ പല കവിതകളും ഹൃദ്യമായ കാവ്യനാടകംപോലെയോ നാടകകാവ്യം പോലെയോ പ്രശോഭിക്കുന്നത്.

മലയാള കാവ്യസങ്കല്പങ്ങളിൽ ഒരു ചാരിത്രലംഘനമുണ്ടാക്കി വള്ളത്തോൾ ചരിത്രം സൃഷ്ടിച്ചുകളഞ്ഞു എന്നൊന്നുമല്ല പറഞ്ഞുവന്നത്. ദൃശ്യകാവ്യത്തിന്റെ വിശുദ്ധമായ വേദികൾ പൂർവകാവ്യങ്ങളിലും ഇടയ്ക്കിടയ്ക്ക് നമുക്കു കണ്ടെത്താം. എന്നാൽ, ഒരാളിന്റെ തന്നെ മിക്കവാറും എല്ലാ കാവ്യസൗധനിർമാണത്തിനും നാടകീയതയെ കരുത്തുള്ള ഒരു സാമഗ്രിയാക്കുകയും അതിലൂടെ വായനാനുഭവത്തിന് സാന്ദ്രമായ ദർശനബോധമുളവാക്കുകയും ചെയ്യാൻ ആദ്യമായി സാധിച്ചത് വള്ളത്തോളിനാണെന്ന് അതിശയോക്തിസ്പർശമില്ലാതെ പറയാൻ കഴിയും. അത്രയേ പറഞ്ഞുള്ളൂ. ■

① `സർവാസ്ഥാനുഭാവ്യം തു യസ്മാദ് ഭവതി നാടകം' - നാട്യശാസ്ത്രം വാല്യം -2-പുറം-149.

② ഒ.എൻ.വി. കുറുപ്പ് - വള്ളത്തോൾ കവിതകൾ - ആമുഖം

③ `അച്ഛനും മകളും' എന്ന കൃതിയ്ക്ക് വിദ്വാൻ സി.എസ്. നായർ എഴുതിയ അവതാരികയിൽ നിന്ന്

④ കെ.പി. ശങ്കരൻ - വള്ളത്തോൾ കവിതകൾ അവതാരിക

⑤ മറ്റൊരുദാഹരണം `ശുദ്ധരിൽ ശുദ്ധൻ' - നായരേ ഭവാൻ തന്നെ...

⑥ "ഞാനൊന്നു ചോദിക്കട്ടെ, സാദരം മഹാമുനേ:
ധ്യാനത്തിലുൾച്ചേരുന്നസ്സ-
ച്ചിദാനന്ദൻ താനോ
മാനിച്ചീയിളം പൂമെയ് പുൽകലിലുളവായോ-
രാനന്ദമിതോ ഭവാന്നധികം സമാസ്വാദ്യം."

# ശാകുന്തളത്തിലെ ശാസ്ത്രജ്യോതിസ്സുകൾ

ഡോ. ആർ. ഭദ്രൻ

ആധുനിക ശാസ്ത്രതത്ത്വങ്ങളുടെ ചുവടുകൾ തേടി, കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിന്റെ ഏടുകളിലൂടെ അപഗ്രഥനാത്മകമായ ഒരു സഞ്ചാരം.

സൂക്ഷ്മമായ ദർശനവൈഭവം കവികളുടെ പ്രത്യേകതയായി ആവർത്തിച്ചു പറയപ്പെട്ടിട്ടുണ്ട്. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിലൂടെ അപഗ്രഥനാത്മകമായ ഒരു സഞ്ചാരം പൂർത്തിയാക്കുമ്പോൾ കാളിദാസനെ കവിയാക്കുന്ന പല പ്രത്യേകതകളും നാം ഗ്രഹിച്ചു കഴിഞ്ഞിരിക്കും.

അതിൽ വളരെ ശ്രദ്ധാർഹമായ ഒന്നാണ് അദ്ദേഹത്തിന്റെ സൂക്ഷ്മാവലോകനവും അതിന്റെ കലാപരമായ പ്രകടനവും. സൂക്ഷ്മദർശനത്തിലൂടെ പിടിച്ചെടുക്കുന്ന യാഥാർത്ഥ്യങ്ങളെ സൗന്ദര്യാത്മകമായി അദ്ദേഹം സൃഷ്ടിച്ചെടുക്കുന്നു. ഇതിനായി വസ്തുക്കളെ, അവസ്ഥകളെ, ആശയങ്ങളെ അദ്ദേഹം ലാവണ്യാത്മകമായി പരിവർത്തിപ്പിച്ചു തരികയാണ്. അതിനുവേണ്ടി വാക്കുകൾ സുസജ്ജമായിത്തീരുന്നു.

സൂക്ഷ്മദർശനം വസ്തുനിഷ്ഠമായി അത്യഗാധമായി വളർത്തി ശാസ്ത്രജ്ഞൻ ശാസ്ത്രനേട്ടങ്ങളായി പരിവർത്തിപ്പിക്കുന്നു. കവിയാകട്ടെ അതിനെ വാങ്മയകലയുടെ നേട്ടങ്ങളിലേക്ക് ഉന്നമിപ്പിക്കുന്നു. ഇവിടെയാണ് കവിയുടെ നിർമാണാത്മകമായ പ്രതിഭയുടെ പ്രവർത്തനം വേർതിരിഞ്ഞു നിൽക്കുന്നത്.

കാളിദാസൻ വളരെ ശാസ്ത്രജ്ഞാനമുള്ള കവിയായിരുന്നുവെന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലത്ത് പ്രചാരത്തിലിരുന്ന സമസ്തവിജ്ഞാനശാഖകളിലും അദ്ദേഹം അവഗാഹം നേടിയിരുന്നു. വേദം, വേദാന്തം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ധർമശാസ്ത്രങ്ങൾ, രാഷ്ട്രതന്ത്രം, കാവ്യനാടകാലങ്കാരങ്ങൾ, ഇതരകലകൾ എന്നിവയെല്ലാം കാളിദാസൻ നല്ലതുപോലെ മനസ്സിലാക്കിയിരുന്നു.

ആധുനിക ശാസ്ത്രതത്ത്വങ്ങളുടെ വ്യാഖ്യാനങ്ങൾക്കു വിധേയമാക്കാവുന്ന കാവ്യസന്ദർഭങ്ങൾ കാളിദാസ ശാകുന്തളത്തിൽ കണ്ടെത്തുവാനാണ് ഇവിടെ ശ്രമിക്കുന്നത്. ശാസ്ത്രവികാസത്തിന്റെയും തിരിച്ചറിവിന്റെയും ഒരന്തരീക്ഷം ശാകുന്തളത്തിന്റെ ആന്തരികലോകം നമ്മെ ഓർമിപ്പിക്കുന്നു. ശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രം, സംസ്കാരം, ചരിത്രം ഇവയുടെയെല്ലാം ഏതെങ്കിലും രീതിയിലുള്ള പ്രതിഫലനം സാഹിത്യത്തിലുണ്ടാവും. ആ നിലകളിലെല്ലാം ഒരു സാഹിത്യകൃതി പരിശോധിക്കപ്പെടാവുന്നതാണ്.

അഭിജ്ഞാനശാകുന്തളത്തിലെ ഒന്നാം അങ്കത്തിൽ ദുഷ്യന്തന്റെ തേരു കണ്ട് അതിവേഗത്തിൽ പായുന്ന മാനിന്റെ ചിത്രീകരണം ശ്ലോകം ഒന്നിൽ കവി അവതരിപ്പിക്കുന്നു. ശ്ലോകത്തിന്റെ ഗദ്യവിവർത്തനം നോക്കുക. (ഈ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്ന ശ്ലോകങ്ങളുടെ ഗദ്യവിവർത്തനങ്ങൾ കുട്ടിക്കൃഷ്ണമാരാരുടേതാണ്). ശ്ലോകം ഒന്ന്: പേർത്തും പേർത്തും അഴകമ്മാറു കഴുത്തൊടിച്ചു പിന്തുടരുന്ന തേരിന്മേൽനോട്ടം വെച്ചും അമ്പേറ്റാലോ എന്നു പേടിച്ച് പിന്നുടൽ മുക്കാലും മുന്നുടലിലേക്കു ചുളുക്കിയും പാതിചവച്ച ദർഭപ്പുല്ല് കിതപ്പിൽ തുറന്ന വായിൽനിന്നുതിർന്നു വഴിയിൽ ചിന്നുമാറും, നോക്കൂ, കൊടും ചാട്ടത്താൽ കൂടുതൽ ആകാശത്തിലൂടെയും കുറച്ചു മാത്രം നിലത്തൂടെയുമായിട്ടാണ് പോകുന്നത്.

തേരുകണ്ടോടുന്ന മാനിന്റെ വേഗവും തേരിന്റെ വേഗവും ചിത്രീകരിക്കുന്ന കാളിദാസൻ നമ്മെ അപാരമായ വേഗത്തിന്റെ അനുഭവലോകത്തിലാക്കുന്നു. വേഗത്തിന്റെ പ്രത്യക്ഷാനുഭവങ്ങളും പരോക്ഷാനുഭവങ്ങളും എല്ലാം പ്രത്യേകാനുപാതത്തിൽ ചേർത്ത് വിദഗ്ധമായിട്ടാണ് കവി ഇത് സൃഷ്ടിച്ചെടുക്കുന്നത്.

ആസ്വാദനത്തിന്റെ എല്ലാ അനുഗ്രഹങ്ങളുമുള്ള ഒരു വായനക്കാരനിൽ വാക്കുകളിലൂടെയുള്ള ഈ വേഗചിത്രീകരണം കാലാത്മകമായി അലിഞ്ഞുചേരുകയും ചെയ്യുന്നു.



'ശകുന്തള' രവിവർമ്മ ചിത്രം - പുനഃസൃഷ്ടി ദീപക്

മുമ്പ് ഉദ്ധരിച്ചിട്ടുള്ള ശ്ലോകത്തിൽ കീഴ്‌വര യിട്ടിരിക്കുന്ന ഭാഗത്തെ ശാസ്ത്രസത്യം കൊണ്ട് വ്യാഖ്യാനിക്കാവുന്നതാണ്.

ഒരു നാഡീകേന്ദ്രത്തിൽ നിന്ന് ഒരു ബാഹ്യചോദനത്തിന് വിധേയമാകുന്ന പ്രതിസ്പന്ദങ്ങളെപ്പറ്റിയുള്ള അറിവ്, തനിക്കു വരാൻ പോകുന്ന അപകടങ്ങളെക്കുറിച്ചുള്ള ബോധം, അതിനെതിരെ അല്ലെങ്കിൽ അതിൽനിന്നു സ്വയം രക്ഷിക്കാനെന്നോണം ബോധപൂർവമല്ലാതെ നടക്കുന്നു. സുഷുമ്ന (Spinal Cord) കൊടുക്കുന്ന വൈദ്യുതസിഗ്നലുകൾമൂലം ഉണ്ടാകുന്ന ഈ പ്രവർത്തനം ജൈവശാസ്ത്രത്തിൽ അനൈച്ഛികവൃത്തി (Reflex action) എന്നറിയപ്പെടുന്നു. സംഭ്രമിച്ചോടുന്ന മാനിന്റെ വേഗത്തെ ആസ്വാദനത്തിൽ പ്രത്യക്ഷീകരിക്കാൻ ഈ അറിവു കൂടി മനസ്സിൽ സൂക്ഷിച്ചു കൊണ്ട് വായിക്കാം. അതു വായനക്കാർക്കു വ്യതിരിക്തമായ പ്രവർത്തനം കൂടി തുറന്നിടുന്നു.

അതിവേഗത്തിലോടുന്ന തേരിലിരിക്കുന്ന രാജാവിന് പാർശ്വത്തിലെ കാഴ്ചകൾ ഇങ്ങനെയായിരുന്നു. കാഴ്ചകൾ ചെറുതായിരുന്നതെല്ലാം പെട്ടെന്നു വലുതായിവരുന്നു. ഇടയ്ക്കു മുറിവുള്ളതെല്ലാം തമ്മിൽ ഏച്ചതുപോലെയായിത്തീരുന്നു. സ്വതവേ വളഞ്ഞിരുന്നതെല്ലാം കണ്ണിനു നേർവരയിലായിത്തീരുന്നു. തേർവേഗത്താൽ ഒന്നും എനിക്കു ക്ഷണനേരം പോലും അകത്തല്ല, അടുത്തുമല്ല (ശ്ലോകം 3). ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ തിയറികൾ ഉപയോഗിച്ചു വ്യാഖ്യാനക്ഷമമായ ശ്ലോകമാണിത്.



ഒരു വസ്തുവിന്റെ വലുപ്പം ആപേക്ഷികമാണെന്നതും അത് വസ്തുവും കാഴ്ചക്കാരനും തമ്മിലുള്ള അകലത്തിന് ആനുപാതികമാണെന്നതും ശാസ്ത്രസത്യമാണ്. ഒരു വസ്തുവിന്റെ നമുക്കനുഭവപ്പെടുന്ന വലുപ്പം ആ വസ്തു നമ്മുടെ കണ്ണിൽ സൃഷ്ടിക്കുന്ന കോണിനോട് ആനുപാതികമാണ്. വസ്തു അടുത്തിരിക്കുമ്പോൾ വലുതായും അകന്നിരിക്കുമ്പോൾ ചെറുതായും തോന്നുന്നു. നാം ഒരു വസ്തുവിന്റെ അടുത്തേക്കു വേഗത്തിൽ അടുക്കുമ്പോൾ ചെറുതായി തോന്നിയത് വലുതായി വരുന്നതായി കാണപ്പെടുന്നു.

അതിവേഗം സഞ്ചരിക്കുമ്പോൾ, വസ്തുക്കൾ ഒന്നിനുപിറകേ ഒന്നായി അതിവേഗത്തിൽ നമ്മുടെ കണ്ണിൽ പതിക്കുന്നു. വ്യത്യസ്ത വസ്തുക്കളുടെ വ്യത്യസ്ത പ്രതിബിംബങ്ങൾ അനുസ്യൂതമായ ഒരു പ്രതിബിംബപ്രവാഹം സൃഷ്ടിക്കുകയും അതു നമ്മുടെ മസ്തിഷ്കത്തിൽ ഒരു അനുസ്യൂത പ്രതിബിംബത്തിന്റെ അനുഭൂതി സൃഷ്ടിക്കുകയും ചെയ്യുന്നു.

ഒരിക്കൽ കണ്ണിന്റെ സ്ക്രീനിലും മസ്തിഷ്കത്തിലും പതിഞ്ഞ പിണ്ഡം വസ്തു മറഞ്ഞതിനു ശേഷവും കുറേസമയത്തേക്കു കൂടി നിൽക്കുന്നു (Persistance of Vision– ദൃഷ്ടിസ്ഥായിത) ഈ ഭൗതികശാസ്ത്രസംബന്ധമായ അറിവ് ഇന്ന് അനുവാചകന് കവിയുടെ ഭാവന കുറച്ചുകൂടി ആഴത്തിൽ ആസ്വാദ്യമാക്കുന്നു. ശാസ്ത്രതത്ത്വത്തിന്റെ പുതുവെളിച്ചത്തിൽ കൈവരുന്ന പുതിയ ഒരു സൗന്ദര്യം ഇവിടെ സജ്ജമാകുന്നു.

ആപേക്ഷികസിദ്ധാന്തം വളഞ്ഞ വസ്തുക്കളും നേർരേഖയിൽ കാണപ്പെടുന്നുവെന്ന കവിയുടെ വിവരണം നമുക്ക് മനസ്സിലാക്കിത്തരുന്നു. ആൽബർട്ട് ഐൻസ്റ്റൈന്റെ വിശിഷ്ട ആപേക്ഷിക സിദ്ധാന്തവും (Special Teheory of Relativity) പൊതു ആപേക്ഷികസിദ്ധാന്തവും (General Theory of Relativity) ഈ ആശയത്തെ ഒരു ഭൗതിക യാഥാർത്ഥ്യമാക്കിയിരിക്കുന്നു. ഈ സിദ്ധാന്തമനുസരിച്ച് ദ്രവ്യത്തിന്റെ സാന്നിദ്ധ്യം മിനികോവ്സ്കിയുടെ ചതുർമാന സ്ഥലകാലസാതത്യ (Space Time Continum) ത്തെ വളയ്ക്കുന്നു.

ഐൻസ്റ്റൈന്റെ സിദ്ധാന്തപ്രകാരം വലിയ പിണ്ഡത്തിന്റെ ആകർഷണ ഫീൽഡിൽ സ്പേസ് വളഞ്ഞതാണ്. ഇങ്ങനെയുള്ള ഫീൽഡിൽ വരുന്ന ഏത് വസ്തുവും വക്രപഥസഞ്ചാരം നടത്തുന്നു. പിണ്ഡത്തോട് അടുക്കുന്തോറും സ്പേസിന്റെ വക്രപഥം വർധിക്കുന്നു. മറ്റൊരു അവലംബകത്തിൽ (Frame Reference) നിന്നു നോക്കുമ്പോൾ സ്വതേ വളഞ്ഞതെല്ലാം കണ്ണിനു നേർരേഖയിലായിത്തീരുന്നു. നേർവേഗത്താൽ ഒന്നും എനിക്കു ക്ഷണനേരം പോലും അകലത്തല്ല, അടുത്തുമല്ല എന്നതു മനസ്സിലാക്കാൻ ഏറെ പ്രയത്നം ആവശ്യമില്ല. ഐൻസ്റ്റൈന്റെ ആപേക്ഷിക സിദ്ധാന്തം അനുസരിച്ച് ഏകകാലികത്വം (Simulteinity) എന്നത് ആപേക്ഷികമാണ്.

ഇനി ഏഴാമങ്കത്തിലെ ആറാം ശ്ലോകം പരിശോധിക്കാം– മാതലേ, ഇന്നലെ കേറി വരുമ്പോൾ അസുരയുദ്ധൗത്സുക്യം മൂലം സ്വർഗത്തിലേക്കു വഴിനോക്കിക്കണ്ടില്ല. ഏതു വായുമാർഗത്തിലാണ് നാമിപ്പോൾ എന്ന ദുഷ്യന്തന്റെ ചോദ്യത്തിനു മാതലി മറുപടി പറയുന്നതാണ് സന്ദർഭം. യാതൊന്നു സ്വർഗംഗയെ ആകാശത്തെ ഉറപ്പിച്ചതാക്കുകയും ജ്യോതിസ്സുകളെ പ്രകാശം തിരിച്ചു നടത്തുകയും ചെയ്യുന്നുവോ ആ പരിവഹ വായു വിഷ്ണുവിന്റെ രണ്ടാം കാൽവയ്പു കൊണ്ട് തമസറ്റതാണ് ഇതെന്നു പറയുന്നു.

പ്രകാശത്തെ തിരിച്ചുനടത്തുന്ന ആ പരിവഹ വായുവിനെക്കുറിച്ചുള്ള പരാമർശത്തിനും ഭൗതിക ശാസ്ത്രാടിത്തറ കണ്ടെത്താം. ഭൂമിക്കും ഭൂമിയുടെ അന്തരീക്ഷത്തിനും അപ്പുറമുള്ള ബാഹ്യലോകത്തു നിന്ന്, ബഹിരാകാശത്തു നിന്നു വരുന്ന റേഡിയേഷനുകളെയും ഊർജത്തെയും (അതി അപകടകാരികളാണ് അവയിൽ ചിലത്) തടഞ്ഞു നിർത്തുകയും തിരിച്ചുവിടുകയും ചെയ്യുന്ന അന്തരീക്ഷപാളികളെപ്പറ്റിയുള്ള അറിവ് ഇന്നു നമുക്കുണ്ട്. അതിശക്തമായ കോസ്മിക് രശ്മികളിൽ നിന്നും ഈ പാളി ഭൂമിയെ രക്ഷിച്ചുകൊണ്ട്

നിൽക്കുന്നു.

ഓസോൺ വാതകത്താൽ പൂരിതമായ ഓസോൺപാളി (Ozonosphere) ഭൗമാന്തരീക്ഷത്തിലെ ഒരു പ്രത്യേക തലമാണ്. സൂര്യനിൽ നിന്നു ഭൂമിയിലേക്കു പതിക്കുന്ന അപകടകാരികളായ അൾട്രാവയലറ്റ് രശ്മികളെ ആഗിരണം ചെയ്യുന്ന ഓസോൺ അൾട്രാവയലറ്റ് രശ്മികളിൽ നിന്നും സൃഷ്ടിക്കുന്ന അതിഭീകരങ്ങളായ അപകടങ്ങളിൽ നിന്നും ഭൂമിയെയും ഭൗമജീവിതത്തെയും സംരക്ഷിച്ചു കൊണ്ടു നില്ക്കുന്നു.

ഇന്ദ്രന്റെ അടുക്കൽ നിന്ന് ആകാശമാർഗത്തിലൂടെ ഭൂമിയിലേക്കു പറക്കുന്ന ദുഷ്യന്തന് മനുഷ്യലോകം ഒരത്ഭുത കാഴ്ചയായി കാണപ്പെടുന്നു. ഏഴാം അങ്കത്തിലെ എട്ടാം ശ്ലോകം നോക്കുക. കാളിദാസവർണനകൾ യാഥാർത്ഥ്യത്തിന്റെ കൊടുമ്പിരിക്കൊള്ളുന്ന ബോധം വായനക്കാരിൽ സൃഷ്ടിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഈ ശ്ലോകം അതിനു നല്ലൊരു മാതൃകയാണ്. നിവർന്നു വരുന്ന പർവതങ്ങളുടെ കൊടുമുടിയിൽ നിന്നു ഭൂമി ഇറങ്ങുംപോലെ തോന്നുന്നു. മരങ്ങൾ തടി-കൊമ്പുകൾ കാണായി ഇലപ്പടർപ്പാകുന്ന പുതപ്പുകൾ നീക്കുംപോലെ തോന്നുന്നു. നേർത്തു നേർത്തു വെള്ളമില്ലാതിരുന്ന പുഴകൾ തെളിഞ്ഞ നീരൊഴുക്കുപൂണും പോലെ തോന്നുന്നു. ആരോ ഒരാൾ മനുഷ്യലോകത്തെ പൊങ്ങിച്ച് എന്റെ അരികിലെത്തിക്കുംപോലെ തോന്നുന്നു. ഇതു കേവലം ഭാവന കൊണ്ടു മാത്രം ആവിഷ്കരിച്ചതാണെന്നു വിചാരിക്കാൻ കഴിയില്ല. ബാഹ്യാകാശത്തു നിന്ന് താഴേക്കു സഞ്ചാരം നടത്തിയിട്ടുള്ള ഒരു കവിക്കു മാത്രമേ അനുഭവാത്മകമായി ഇങ്ങനെയൊരു ചിത്രീകരണം സാധ്യമാകുകയുള്ളു.

വികസിതമായ ഒരു ശാസ്ത്രസാങ്കേതിക ലോകത്തിന്റെ പ്രതിഫലനം ശാകുന്തളത്തിലുണ്ട്. ശാകുന്തളത്തിൽ പ്രതിഫലിച്ചുകാണുന്ന ബഹിരാകാശവിജ്ഞാനവും ദുഷ്യന്തന്റെ ബഹിരാകാശ സഞ്ചാരവും ശാസ്ത്രസാങ്കേതികവിദ്യയുടെ പ്രതിഫലനമായി കാണണം. ശാകുന്തളം ഉയർത്തുന്ന പാരിസ്ഥിതിക പാഠം പരിസ്ഥിതിക ശാസ്ത്ര (Ecology) പശ്ചാത്തലത്തിൽ കൃതി പഠിക്കാനുള്ള സാധ്യത തുറന്നിട്ടുണ്ട്. സർവജീവജാലങ്ങളുടെയും സാഹോദര്യത്തിന്റേതായ ഒരു ലോകം ഈ കൃതി കാണിച്ചു തരുന്നു. ശാകുന്തളത്തിലെ ദുഷ്യന്ത-ശകുന്തള പ്രണയം പോലും ഈ വിലോഭനീയമായ ജീവിതപരിതസ്ഥിതിയിലാണു കൂടുതൽ ഭംഗിയിലേക്കു പല്ലവിതമാകുന്നത്.

ഈ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ശാസ്ത്രാടിത്തറയുള്ള ശ്ലോകങ്ങളിൽ ചിലത് സൂക്ഷ്മദർശനത്തിലൂടെ മാത്രം കവി ആവിഷ്കരിച്ചതാണെങ്കിൽ തന്നെ ആ സൂക്ഷ്മദർശനത്തിന്റെ ശാസ്ത്രാടിത്തറ ഉൾക്കൊള്ളുമാറുള്ള അത്ഭുതാവഹമായ കൃത്യത ഒരു ശാസ്ത്രജ്ഞനു പോലും വിസ്മയം ജനിപ്പിക്കുന്നതാണ്. ഈ അർത്ഥത്തിലും കവി ശ്ലാഘനീയനായിത്തീരുന്നു. അതിനു ശാസ്ത്രീയമായ അടിത്തറ കൂടി ഉണ്ടെന്നുള്ളതാണ് ഇവിടെ നാം കാണുന്നത്.

ഈ സൂക്ഷ്മദർശനത്തിന് ശാസ്ത്രാടിത്തറ കിട്ടുകയും അത് കാവ്യാത്മകമായിത്തീരുകയും അതിലൂടെ അത് കലാക്ഷേത്രത്തിലേക്കു പദമൂന്നുകയും ചെയ്യുന്ന കാഴ്ച ശാസ്ത്രമനസ്സുള്ള ഒരു വായനക്കാരനെ സംബന്ധിച്ചു നല്ലൊരു അനുശീലനം തന്നെയായിത്തീരുന്നു. ഇവിടെ ശാസ്ത്രസത്യം വിലയിച്ചിരിക്കുന്ന മനസ്സ് കാവ്യാത്മകതയിലേക്ക് ഉണരുമ്പോൾ ഒരു നവ്യാനുഭൂതി സംജാതമാവുകയാണ്. ആസ്വാദനത്തിന് കിട്ടുന്ന ഈ സാഹായം ആസ്വാദനത്തിന്റെ ശൃംഖലിതമായ പ്രവർത്തനത്തിൽ പ്രധാന സംഭവവുമാണ്. ■

(ഈ പഠനത്തിന് ആവശ്യമായ ശാസ്ത്രോപദേശങ്ങൾ തന്നത് കോട്ടയം ബസേലിയോസ് കോളേജ് ഫിസിക്സ് വിഭാഗത്തിലെ പ്രൊഫ. വറുഗീസ് ജോൺ).



മദ്യം പൗരാണികമായ കാലം മുതൽ ഉപയോഗിച്ചിരുന്നതായി തെളിവുകളുണ്ട്. യാഗശാലകളിൽ മദ്യം അനിവാര്യമായിരുന്നു. മദ്യം മൂലമുള്ള രോഗങ്ങളും അന്നു വ്യാപകമായി ഉണ്ടായിരുന്നു എന്നതിന് ആയുർവേദ ഗ്രന്ഥങ്ങൾ തന്നെയാണ് തെളിവ്. മദാത്യയ രോഗങ്ങളെക്കുറിച്ചും അവയുടെ ചികിത്സകളെപ്പറ്റിയും ആയുർവേദ ഗ്രന്ഥങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

തീക്ഷ്ണം, ഉഷ്ണം, രൂക്ഷം എന്നിങ്ങനെ പത്തു ഗുണങ്ങ(സ്വഭാവം)ളാണ് മദ്യത്തിനുള്ളത്. ഇവയെല്ലാം തന്നെ ഓജസിനു വിപരീതമായിട്ടുള്ളതാണ്. ഓജസ് ശരീരത്തിന്റെ ഏഴ് ധാതുക്കളുടെയും പരമമായ തേജസാണ്. ഇത് ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നതും, ദേഹമാകെ വ്യാപിച്ച് ശരീരത്തെ നിലനിർത്തുന്നതുമാണ്. ഓജസു നശിച്ചാൽ എല്ലാം നശിച്ചു എന്നാണ് പ്രമാണം. ഓജോവിപരീതമായ മദ്യം വിഷമല്ലാതെ മറ്റെന്താണ്?

വിഷത്തിനും മദ്യത്തിനും സമാന സ്വഭാവങ്ങളാണുള്ളത്. എന്നാൽ വിഷം`അപാകി' യാണ്. അപാകി എന്നാൽ ശരീരത്തിന് പചിപ്പിക്കാൻ കഴിയാത്തത് എന്നർത്ഥം. വിഷത്തിന് ഏഴു വേഗങ്ങൾ ഉണ്ട്. ഏഴു വേഗങ്ങളിലൂടെ കടന്ന് ശരീരമാകെ വ്യാപിച്ച് മരണത്തെയുണ്ടാക്കുന്നു. മൂന്നു വേഗം കൊണ്ട് മദ്യത്തിന്റെ വീര്യം ശമിക്കുന്നു. ഓരോ വേഗങ്ങളും എങ്ങിനെയാണ് പ്രാവർത്തികമാകുന്നത് എന്നു നോക്കാം. മദിപ്പിക്കുന്നതു കൊണ്ടാണ് മദ്യം എന്ന പേർ വന്നതു തന്നെ. ഒന്നാമത്തെ വേഗത്തിൽ മദ്യം ഓജസിനെ ദുഷിപ്പിച്ച് മനസിനെ ഇളക്കുന്നു. ഇതുമൂലം ഉത്സാഹവും പ്രീതിയും ആഹാരാദികളിൽ രുചിയും വാദ്യം സംഗീതം, ചിരി, നേരമ്പോക്ക് ഇവയിൽ താല്പര്യം, സുഖമായ നിദ്ര, അനുരാഗം എന്നിവയെ ഉണ്ടാക്കും. ലജ്ജയെ ഇല്ലാതാക്കുന്നതിനാൽ സ്വന്തം രഹസ്യങ്ങൾ പോലും പുറത്തു പറഞ്ഞു പോവും.

ആദ്യത്തെ മദം കൊണ്ടുണ്ടാകുന്നത് മതിയാകാതെ വീണ്ടും മദ്യം ഉപയോഗിച്ചാൽ ഉണ്ടാകുന്ന രണ്ടാമത്തെ വേഗം സർവ പ്രമാദങ്ങൾക്കും ഇരിപ്പിടമാണ്. ബുദ്ധി, ഓർമ, പ്രവൃത്തി ഇവയെല്ലാം തന്നെ അവ്യക്തങ്ങളും പരസ്പരവിരുദ്ധവുമാകുന്നു. ഭ്രാന്തനെപ്പോലെ പെരുമാറുകയും അലസതയും നിദ്രയും ഉണ്ടാകുകയും ചെയ്യും.

നിൽക്കുന്നു.

ഓസോൺ വാതകത്താൽ പൂരിതമായ ഓസോൺപാളി (Ozonosphere) ഭൗമാന്തരീക്ഷത്തിലെ ഒരു പ്രത്യേക തലമാണ്. സൂര്യനിൽ നിന്നു ഭൂമിയിലേക്കു പതിക്കുന്ന അപകടകാരികളായ അൾട്രാവയലറ്റ് രശ്മികളെ ആഗിരണം ചെയ്യുന്ന ഓസോൺ അൾട്രാവയലറ്റ് രശ്മികളിൽ നിന്നും സൃഷ്ടിക്കുന്ന അതിഭീകരങ്ങളായ അപകടങ്ങളിൽ നിന്നും ഭൂമിയെയും ഭൗമജീവിതത്തെയും സംരക്ഷിച്ചു കൊണ്ടു നില്ക്കുന്നു.

ഇന്ദ്രന്റെ അടുക്കൽ നിന്ന് ആകാശമാർഗത്തിലൂടെ ഭൂമിയിലേക്കു പറക്കുന്ന ദുഷ്യന്തന് മനുഷ്യലോകം ഒരത്ഭുത കാഴ്ചയായി കാണപ്പെടുന്നു. ഏഴാം അങ്കത്തിലെ എട്ടാം ശ്ലോകം നോക്കുക. കാളിദാസവർണനകൾ യാഥാർത്ഥ്യത്തിന്റെ കൊടുമ്പിരിക്കൊള്ളുന്ന ബോധം വായനക്കാരിൽ സൃഷ്ടിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഈ ശ്ലോകം അതിനു നല്ലൊരു മാതൃകയാണ്. നിവർന്നു വരുന്ന പർവതങ്ങളുടെ കൊടുമുടിയിൽ നിന്നു ഭൂമി ഇറങ്ങുംപോലെ തോന്നുന്നു. മരങ്ങൾ തടി-കൊമ്പുകൾ കാണായി ഇലപ്പടർപ്പാകുന്ന പുതപ്പുകൾ നീക്കുംപോലെ തോന്നുന്നു. നേർത്തു നേർത്തു വെള്ളമില്ലാതിരുന്ന പുഴകൾ തെളിഞ്ഞ നീരൊഴുക്കുപൂണ്ടും പോലെ തോന്നുന്നു. ആരോ ഒരാൾ മനുഷ്യലോകത്തെ പൊങ്ങിച്ച് എന്റെ അരികിലെത്തിക്കുംപോലെ തോന്നുന്നു. ഇതു കേവലം ഭാവനകൊണ്ടു മാത്രം ആവിഷ്കരിച്ചതാണെന്നു വിചാരിക്കാൻ കഴിയില്ല. ബാഹ്യാകാശത്തു നിന്ന് താഴേക്കു സഞ്ചാരം നടത്തിയിട്ടുള്ള ഒരു കവിക്കു മാത്രമേ അനുഭവാത്മകമായി ഇങ്ങനെയൊരു ചിത്രീകരണം സാധ്യമാകുകയുള്ളു.

വികസിതമായ ഒരു ശാസ്ത്രസാങ്കേതിക ലോകത്തിന്റെ പ്രതിഫലനം ശാകുന്തളത്തിലുണ്ട്. ശാകുന്തളത്തിൽ പ്രതിഫലിച്ചുകാണുന്ന ബഹിരാകാശവിജ്ഞാനവും ദുഷ്യന്തന്റെ ബഹിരാകാശ സഞ്ചാരവും ശാസ്ത്രസാങ്കേതികവിദ്യയുടെ പ്രതിഫലനമായി കാണണം. ശാകുന്തളം ഉയർത്തുന്ന പാരിസ്ഥിതിക പാഠം പരിസ്ഥിതിക ശാസ്ത്ര (Ecology) പശ്ചാത്തലത്തിൽ കൃതി പഠിക്കാനുള്ള സാധ്യത തുറന്നിട്ടുണ്ട്. സർവജീവജാലങ്ങളുടെയും സാഹോദര്യത്തിന്റേതായ ഒരു ലോകം ഈ കൃതി കാണിച്ചു തരുന്നു. ശാകുന്തളത്തിലെ ദുഷ്യന്ത-ശകുന്തള പ്രണയം പോലും ഈ വിലോഭനീയമായ ജീവിതപരിതസ്ഥിതിയിലാണു കൂടുതൽ ഭംഗിയിലേക്കു പല്ലവിതമാകുന്നത്.

ഈ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ശാസ്ത്രാടിത്തറയുള്ള ശ്ലോകങ്ങളിൽ ചിലത് സൂക്ഷ്മദർശനത്തിലൂടെ മാത്രം കവി ആവിഷ്കരിച്ചതാണെങ്കിൽ തന്നെ ആ സൂക്ഷ്മദർശനത്തിന്റെ ശാസ്ത്രാടിത്തറ ഉൾക്കൊള്ളുമാറുള്ള അത്ഭുതാവഹമായ കൃത്യത ഒരു ശാസ്ത്രജ്ഞനു പോലും വിസ്മയം ജനിപ്പിക്കുന്നതാണ്. ഈ അർത്ഥത്തിലും കവി ശ്ലാഘനീയനായിത്തീരുന്നു. അതിനു ശാസ്ത്രീയമായ അടിത്തറ കൂടി ഉണ്ടെന്നുള്ളതാണ് ഇവിടെ നാം കാണുന്നത്.

ഈ സൂക്ഷ്മദർശനത്തിന് ശാസ്ത്രാടിത്തറ കിട്ടുകയും അത് കാവ്യാത്മകമായിത്തീരുകയും അതിലൂടെ അത് കലാക്ഷേത്രത്തിലേക്കു പദമൂന്നുകയും ചെയ്യുന്ന കാഴ്ച ശാസ്ത്രമനസ്സുള്ള ഒരു വായനക്കാരനെ സംബന്ധിച്ചു നല്ലൊരു അനുശീലനം തന്നെയായിത്തീരുന്നു. ഇവിടെ ശാസ്ത്രസത്യം വിലയിച്ചിരിക്കുന്ന മനസ്സ് കാവ്യാത്മകതയിലേക്ക് ഉണരുമ്പോൾ ഒരു നവ്യാനുഭൂതി സംജാതമാവുകയാണ്. ആസ്വാദനത്തിന് കിട്ടുന്ന ഈ സാഹായം ആസ്വാദനത്തിന്റെ ശൃംഖലിതമായ പ്രവർത്തനത്തിൽ പ്രധാന സംഭവവുമാണ്. ■

(ഈ പഠനത്തിന് ആവശ്യമായ ശാസ്ത്രോപദേശങ്ങൾ തന്നത് കോട്ടയം ബസേലിയോസ് കോളേജ് ഫിസിക്സ് വിഭാഗത്തിലെ പ്രൊഫ. വറുഗീസ് ജോൺ).



മദ്യം പൗരാണികമായ കാലം മുതൽ ഉപയോഗിച്ചിരുന്നതായി തെളിവുകളുണ്ട്. യാഗശാലകളിൽ മദ്യം അനിവാര്യമായിരുന്നു. മദ്യം മൂലമുള്ള രോഗങ്ങളും അന്നു വ്യാപകമായി ഉണ്ടായിരുന്നു എന്നതിന് ആയുർവേദ ഗ്രന്ഥങ്ങൾ തന്നെയാണ് തെളിവ്. മദാത്യയ രോഗങ്ങളെക്കുറിച്ചും അവയുടെ ചികിത്സകളെപ്പറ്റിയും ആയുർവേദ ഗ്രന്ഥങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

തീക്ഷ്ണം, ഉഷ്ണം, രൂക്ഷം എന്നിങ്ങനെ പത്തു ഗുണങ്ങ(സ്വഭാവം)ളാണ് മദ്യത്തിനുള്ളത്. ഇവയെല്ലാം തന്നെ ഓജസിനു വിപരീതമായിട്ടുള്ളതാണ്. ഓജസ് ശരീരത്തിന്റെ ഏഴ് ധാതുക്കളുടെയും പരമമായ തേജസാണ്. ഇത് ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നതും, ദേഹമാകെ വ്യാപിച്ച് ശരീരത്തെ നിലനിർത്തുന്നതുമാണ്. ഓജസു നശിച്ചാൽ എല്ലാം നശിച്ചു എന്നാണ് പ്രമാണം. ഓജോവിപരീതമായ മദ്യം വിഷമല്ലാതെ മറ്റെന്താണ്?

വിഷത്തിനും മദ്യത്തിനും സമാന സ്വഭാവങ്ങളാണുള്ളത്. എന്നാൽ വിഷം`അപാകി' യാണ്. അപാകി എന്നാൽ ശരീരത്തിന് പചിപ്പിക്കാൻ കഴിയാത്തത് എന്നർത്ഥം. വിഷത്തിന് ഏഴു വേഗങ്ങൾ ഉണ്ട്. ഏഴു വേഗങ്ങളിലൂടെ കടന്ന് ശരീരമാകെ വ്യാപിച്ച് മരണത്തെയുണ്ടാക്കുന്നു. മൂന്നു വേഗം കൊണ്ട് മദ്യത്തിന്റെ വീര്യം ശമിക്കുന്നു. ഓരോ വേഗങ്ങളും എങ്ങിനെയാണ് പ്രാവർത്തികമാകുന്നത് എന്നു നോക്കാം. മദിപ്പിക്കുന്നതു കൊണ്ടാണ് മദ്യം എന്ന പേർ വന്നതു തന്നെ. ഒന്നാമത്തെ വേഗത്തിൽ മദ്യം ഓജസിനെ ദുഷിപ്പിച്ച് മനസിനെ ഇളക്കുന്നു. ഇതുമൂലം ഉത്സാഹവും പ്രീതിയും ആഹാരാദികളിൽ രുചിയും വാദ്യം സംഗീതം, ചിരി, നേരമ്പോക്ക് ഇവയിൽ താല്പര്യം, സുഖമായ നിദ്ര, അനുരാഗം എന്നിവയെ ഉണ്ടാക്കും. ലജ്ജയെ ഇല്ലാതാക്കുന്നതിനാൽ സ്വന്തം രഹസ്യങ്ങൾ പോലും പുറത്തു പറഞ്ഞു പോവും.

ആദ്യത്തെ മദം കൊണ്ടുണ്ടാകുന്നത് മതിയാകാതെ വീണ്ടും മദ്യം ഉപയോഗിച്ചാൽ ഉണ്ടാകുന്ന രണ്ടാമത്തെ വേഗം സർവ പ്രമാദങ്ങൾക്കും ഇരിപ്പിടമാണ്. ബുദ്ധി, ഓർമ, പ്രവൃത്തി ഇവയെല്ലാം തന്നെ അവ്യക്തങ്ങളും പരസ്പരവിരുദ്ധവുമാകുന്നു. ഭ്രാന്തനെപ്പോലെ പെരുമാറുകയും അലസതയും നിദ്രയും ഉണ്ടാകുകയും ചെയ്യും.

# മദ്യാസക്തി രോഗമാണ് ചികിത്സിക്കുക

**ഡോ. വി.കെ. അജിത്കുമാർ**
**റീഡർ, ആയുർവേദകോളേജ്**



മധ്യമ മദത്തിന്റെയും അന്തിമ മദത്തിന്റെയും സന്ധിയിലെത്തുമ്പോൾ മനസ്സിന്റെ സത്വഗുണം മുഴുവൻ നഷ്ടമാവുകയും മനോദോഷങ്ങളായ രജസും തമസും അധികരിക്കുകയും ചെയ്യുന്നു. തെറ്റും ശരിയും തിരിച്ചെറിയാൻ കഴിയാതെ വരുകയും കുറ്റകൃത്യങ്ങളിലും പാപകർമങ്ങളിലും ചെന്നു വീഴുകയും ചെയ്യുന്നു. എല്ലാ തിന്മകളുടെയും ഇരിപ്പിടമാണ് ഈ അവസ്ഥ.

അന്തിമ മദത്തിലെത്തിയവനാകട്ടെ ശവത്തെപ്പോലെ അനക്കമറ്റവനായിത്തീരുന്നു. യാതൊരു സുഖവും അവൻ അറിയുന്നില്ല. മദ്യത്തിന്റെ ലഹരി പോലും അവൻ അറിയുന്നില്ല. ഇത് മരണത്തിൽ നിന്നും അന്യമായ മരണമാണ്.

മദ്യം കഴിച്ചാൽ ശരീരത്തിനും മനസ്സിനും ഉണ്ടാകുന്ന അവസ്ഥാവ്യതിയാനങ്ങളെയാണ് വേഗരൂപത്തിൽ വിവരിച്ചത്. എന്നാൽ സ്ഥിരമായ ഉപയോഗം ശരീരത്തിന്റെ പ്രധാന ആന്തരികാവയവങ്ങളിലും പ്രവർത്തനങ്ങളിലും ഗുരുതരമായ നാശം വിതയ്ക്കുന്നു.

## എന്താണ് മദ്യം?

പഞ്ചസാര ലായനിയിൽ വായു സ്പർശമേല്ക്കാതെ `യീസ്റ്റ്' (Yeast)നെ വളരാൻ അനുവദിച്ചാൽ, കാർബൺ ഡൈ ഓക്സൈഡും ആൾക്കഹോളും ഉത്പാദിപ്പിക്കപ്പെടും. വീഞ്ഞ് പതഞ്ഞ് പൊങ്ങുന്നത് കാർബൺ ഡൈ ഓക്സൈഡിന്റെ സാന്നിദ്ധ്യം മൂലമാണ്. യഥാർത്ഥത്തിൽ ചാരായം യീസ്റ്റിന്റെ വിസർജ്യവസ്തുവാണ്. ലായനിയിലെ ചാരായത്തിന്റെ അംശം 12, 13 ശതമാനത്തിലപ്പുറമായാൻ ഈസ്റ്റ് നശിച്ചു പോകും. അതുകൊണ്ടാണ് ഡിസ്റ്റിലേഷൻ നടത്താത്ത മദ്യത്തിൽ 12, 13 ശതമാത്തിലപ്പുറം ചാരായത്തിന്റെ അംശം കാണാത്തത്. ആയുർവേദത്തിലെ ആസവങ്ങളും അരിഷ്ടങ്ങളും ഇപ്രകാരമായുള്ളവയാണ്. രോഗത്തിനനുസരിച്ച് ഔഷധങ്ങൾ ചേർത്ത് തയ്യാറാക്കുന്ന ഇവ ശരീരത്തിന് ഹാനികരമല്ല. ഇവ അതതിനു വിധിച്ചിരിക്കുന്ന രോഗാവസ്ഥയിൽ മാത്രമേ ഉപയോഗിക്കാവൂ. ഇവ ഔഷധമാണെന്നു സാരം.

വീഞ്ഞ് വായുസ്പർശമേറ്റാൽ പുളിച്ചു പോവുന്നു. ചില ബാക്ടീരിയകളുടെ പ്രവർത്തനം മൂലം മദ്യാംശം വിനീഗറായി മാറുന്നതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇതു തന്നെയാണ് ശരീരത്തിലും സംഭവിക്കുന്നത്. ആൾക്കഹോൾ ഹൈഡ്രോജനേസ് (Alchol hydrogenase) ആൾഡിഹേഡ് ഹൈഡ്രോജനേസ് (Aldehade hydrogenase) എന്നീ എൻസൈമുകളാണ് ശരീരത്തിനുള്ളിൽ മദ്യത്തെ വിനീഗറാക്കി മാറ്റുന്നത്. ആദ്യം പറഞ്ഞ എൻസൈം പ്രധാനമായി കരളിലും കുറഞ്ഞ തോതിൽ ആമാശയത്തിലും കാണപ്പെടുന്നു. സ്ത്രീകളിൽ ഇതിന്റെ അളവ് വളരെ കുറവാണ്. ശരീരത്തിൽ ആൾക്കഹോൾ വിനീഗറാ(Acetic Acid)യി മാറുന്നതിന് ഇടയ്ക്കുള്ള ഘട്ടത്തിൽ ആൾഡിഹൈഡ് എന്ന പദാർത്ഥമായി മാറുന്നു. ഇത് വളരെ വിഷസ്വഭാവമുള്ളതാണ്. എന്നാൽ രണ്ടാമത്തെ എൻസൈമായ ആൾഡിഹൈഡ് ഹൈഡ്രോജനേഡ് ഇതിനെ വിനീഗറാക്കി (Acetic Acid) മാറ്റുന്നു. വിനീഗർ താരതമ്യേന നിരുപദ്രവകാരിയാണ്. എന്നാൽ ഈ പ്രക്രിയകൾക്കിടയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഹൈഡ്രജൻ തന്മാത്രകൾ ശരീരത്തിൽ പല തരത്തിലുള്ള രാസമാറ്റങ്ങളെ ഉണ്ടാക്കുന്നു. ലാറ്റിക് ആസിഡ്, യൂറിക് ആസിഡ് (Uric Acid) കൊഴുപ്പ് (Fatty Acid) എന്നിവയുടെ അധികമായ ഉത്പാദനം തുടങ്ങി പലതും. ഇവയെല്ലാം തന്നെ ശരീരത്തിന് ഹാനികരമാണ്.

## അമിതമായ മദ്യാസക്തി

മദ്യത്തിന്റെ ദോഷഫലങ്ങൾ അനുഭവിച്ച് ബോധ്യപ്പെട്ടിട്ട് മദ്യത്തെ ഉപേക്ഷിക്കാൻ ശ്രമിച്ച് സാധിക്കാതെ നിസഹായനായി വീണ്ടും വീണ്ടും മദ്യപിക്കുന്നവനെ മദ്യാസക്തൻ എന്നു വിളിക്കാവുന്നതാണ്. ഒരു മദ്യാസക്തനിൽ കാണുന്ന ലക്ഷണങ്ങളെ മാനസികം, ശാരീരികം, സാമൂഹികം എന്നിങ്ങനെ മൂന്നായി തിരിക്കാം.

## മാനസിക ലക്ഷണങ്ങൾ

### 1. മദ്യത്തോടുള്ള അമിതവിധേയത്വം

ഒരു മദ്യാസക്തന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദു മദ്യമായി മാറുന്നു. അയാൾ എപ്പോഴും മദ്യത്തെപ്പറ്റിയാവും ചിന്തിക്കു

ന്നത്. മനസിന്റെ തിരശീലയിൽ മദ്യത്തിന്റെ ചിത്രമാവും ഉണ്ടാവുക. ബാറടയ്ക്കുന്ന സമയം, സ്വന്തം സ്റ്റോക്കിലെ കുറവ്, രാത്രിയിലെ പാർട്ടിയിൽ മദ്യം വിളമ്പുമോ ഇങ്ങനെ മദ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അയാളുടെ മനസ് വ്യാപരിച്ചു കൊണ്ടേയിരിക്കും. മദ്യം ലഭിക്കുന്ന സാഹചര്യങ്ങൾക്കുവേണ്ടി അയാൾ എന്തു വിട്ടുവീഴ്ചയും ചെയ്യും. സ്വന്തം സ്വഭാവം തന്നെ അയാൾക്ക് കൈമോശം വരുന്നു.

### 2. ആത്മവഞ്ചനയും കുറ്റബോധവും

താൻ അപകടത്തിലാണെന്ന് അയാൾക്ക് ഉള്ളിൽ ബോധമുണ്ട് പക്ഷേ സ്വയം സമ്മതിക്കില്ല. അയാളുടെ മനസ്സു തന്നെ കാരണങ്ങൾ കണ്ടുപിടിക്കും. എനിക്ക് എപ്പോൾ വേണമെങ്കിലും മദ്യപാനം നിറുത്താൻ കഴിയും പന്നെ അല്പം ആയാലെന്താ? ആരാണ് മദ്യം കഴിക്കാത്തത്? എല്ലാ വി.ഐ.പി. കളും മദ്യം കഴിക്കും. മദ്യം കഴിച്ചാൽ മാത്രമേ രോഗം വരുകയുള്ളോ? എല്ലാവർക്കും രോഗം വരും. കുടിച്ചില്ലെങ്കിലും രോഗം വരാം, മരിക്കാം എന്നിങ്ങനെ അയാൾ സ്വയം യുക്തിവാദം ചെയ്യുമ്പോഴും ചെയ്യുന്നത് തെറ്റാണ് എന്ന് മനസാക്ഷിക്കറിയാം. പക്ഷേ അയാൾ നിസഹായനാണ്.

ഭാര്യയുടെ നിർബന്ധപൂർവമുള്ള അപേക്ഷ, പിണക്കം, മേലധികാരിയുടെ സ്നേഹപൂർവ്വമുള്ള ഉപദേശം, രാത്രിയിൽ ഉണ്ടാകുന്ന അകാരണമായ ഭയവും വിയർപ്പും കൈയുടെ വിറയൽ ഇതെല്ലാം തനിക്കുള്ള മുന്നറിയിപ്പാണെന്നയാൾക്കറിയാം. എന്നാൽ അടുത്ത നിമിഷം തന്നെ മദ്യപിച്ചു വന്ന് തന്റെ സാമർത്ഥ്യം തെളിയിക്കുന്നു. ഉപദേശിച്ചവരെ താക്കീതു ചെയ്യും. ഭാര്യയെ ഭീഷണിപ്പെടുത്തും. ഭാര്യയെയും മക്കളെയും പോലും സ്നേഹിക്കാൻ കഴിഞ്ഞവനായി നരകത്തിന്റെ വാതിലുകൾ അയാൾ സ്വയം വലിച്ചു തുറക്കുന്നു.

## സ്മൃതിഭ്രംശം (Black outs)

മദ്യപിച്ചു കഴിഞ്ഞശേഷം എന്താണ് താൻ ചെയ്തത് എന്ന് അയാൾക്ക് പിന്നീട് ഓർക്കാൻ കഴിയാതെ വരുന്നു. വൈകുന്നേരം ബാറിലേക്ക് പോയതും അവിടെ സംസാരിച്ചിരുന്നതും ഓർമയുണ്ട്. പിന്നീടൊന്നും ഓർക്കാൻ കഴിയുന്നില്ല. രാവിലെ എണീറ്റ് വണ്ടി മുറ്റത്തുണ്ടോ എന്ന് പരിശോധിക്കുന്നു. ഇടയ്ക്കുള്ള കാര്യം ആരെങ്കിലും പറഞ്ഞാലും ഓർക്കാൻ കഴിയാതെ വരുന്നു. മദ്യാസക്തനല്ലാത്ത ഒരാൾ മദ്യപിച്ചാലും ഇങ്ങനെ സംഭവിക്കാം. പക്ഷേ അത്ര തീവ്രമായിരിക്കുകയില്ല. ഈ അവസ്ഥയിൽ കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സാധ്യത വലുതാണ്.



## ഭയവും വിഷാദവും

മദ്യം അകത്തു ചെന്നാൽ ആദ്യം ഒരു സുഖവും ലഹരിയുമൊക്കെ അനുഭവപ്പെടുന്നു. എന്നാൽ നേർവിപരീതമായ അനുഭവമാണ് അയാളെ കാത്തിരിക്കുന്നത്. ആദ്യമൊക്കെ ലഹരി മാറി `ഹാംഗ് ഓവർ' സമയത്താണ് ഇത് അനുഭവപ്പെടുന്നതെങ്കിൽ ക്രമേണ മദ്യപാനത്തിനിടയ്ക്കു തന്നെ ഇതു സംഭവിക്കുന്നു. ഇത് അയാളെ കൂടുതൽ മദ്യപാനത്തിനു പ്രേരിപ്പിക്കുന്നു. ഒരു ബോറൻ ദിവസം ഉന്മേഷത്തിനായി അയാൾ കുടിയ്ക്കുന്നു. മദ്യം അയാളെ ഉന്മേഷവാനാക്കുന്നു. വീര്യം കുറയുന്നതോടു കൂടി വീണ്ടും ബോറടി; വീണ്ടും കുടി. ഇങ്ങനെ ഒരു ദൂഷിത വലയം ഉദയം ചെയ്യുന്നു. ചിലപ്പോൾ ഈ ഘട്ടത്തിൽ ബോറടി മാറ്റാൻ ചോക്ലേറ്റോ കോഫിയോ ഒക്കെ പരീക്ഷിച്ചു നോക്കുന്നു. എന്നാൽ മദ്യത്തിനു മാത്രമേ തന്നെ ഉന്മേഷവാനാക്കാൻ കഴിയൂ എന്നയാൾ നിരാശയോടെ തിരിച്ചറിയുന്നു.

## ശാരീരികം

ദീർഘനാളത്തെ മദ്യത്തിന്റെ ഉപയോഗം ശരീരത്തിലെ പ്രധാന പ്രവർത്തനങ്ങളെയെല്ലാം തകരാറിലാക്കുന്നു.

## ആമാശയം

ആമാശയത്തിന്റെ ആന്തരകലയ്ക്ക് (ഭിത്തിക്ക്) നീർക്കോളും ശോഥവും ഉണ്ടാകുന്നു. വയറുപെരുക്കം, വായുകോപം, മനംപിരട്ടൽ തുടങ്ങിയ ലക്ഷണങ്ങൾ കണ്ടു തുടങ്ങുന്നു. ഒന്നോ രണ്ടോ കവിൾ മദ്യം അകത്തു ചെന്നാൽ അത്ഭുതകരമായി ഈ പ്രയാസങ്ങളെല്ലാം ശമിക്കുന്നു. ഈ അനുഭവം അയാളെ വീണ്ടും മദ്യത്തിലേയ്ക്കടുപ്പിക്കുന്നു.

## കരൾ

ആദ്യഘട്ടത്തിൽ കരളിന് വീക്കം സംഭവിക്കുകയാണ് ചെയ്യുന്നത്. ഈ ഘട്ടത്തിൽ വാരിയെല്ലിന്റെ ഭാഗത്ത് കൈകൊണ്ട് പരിശോധിച്ചാൽ വീക്കം അറിയാൻ കഴിയും. ക്രമേണ വീക്കം സംഭവിച്ച കോശങ്ങൾ നശിച്ചു പോവുകയും പുതിയ തരം കോശങ്ങൾ വന്നു നിറയുകയും ചെയ്യും. ആദ്യം ഉണ്ടായിരുന്ന കോശങ്ങൾ പ്രത്യേക ഘടനാവിശേഷത്തോടു കൂടിയതും സുഗമമായ രക്തചംക്രമണത്തെ അനുവദിക്കുന്നതുമാണ്. എന്നാൽ പുതിയ കോശങ്ങൾ രക്തചംക്രമണത്തെ തടയുകയാണ് ചെയ്യുന്നത്. എന്തു സംഭവിക്കും എന്നു ഊഹിക്കാമല്ലോ. വയറ്റിൽ

| അവയവം | മിതമായ മദ്യപാനം | അതിയായ മദ്യപാനം | അതിയായതും ദീർഘകാലമായതുമായ മദ്യപാനം |
|---|---|---|---|
| കരൾ | | കരളിന് പ്രവർത്തന മാന്ദ്യം | ആൾക്കഹോളിക് ഹെപ്പറ്റെറ്റിസ് സിറോസിസ് |
| ആമാശയം | | വയറിളക്കം | വയറിളക്കം, അർശസ്, വയറ്റിലും കുടലിലും രക്തസ്രാവം, ഛർദി |
| ഹൃദയം | രക്തക്കുഴലുകൾക്ക് ഉള്ളിൽ രക്തം കട്ടി പിടിക്കുന്ന പ്രവണത കുറയ്ക്കുന്നു. രക്തക്കുഴലുകൾ ചുരുങ്ങിയുള്ള മസ്തിഷ്കാഘാതത്തെ കുറയ്ക്കുന്നു. | രക്തസമ്മർദം കൂടുന്നു ഹൃദയമിടിപ്പ് കൂടുന്നു ഹൃദയമിടിപ്പിന്റെ താളം തെറ്റുന്നു മസ്തിഷ്ക രക്തസ്രാവം | രക്തസമ്മർദം കൂടുന്നു ഹൃദയ പേശികൾക്ക് ബലക്ഷയം ഹൃദയാഘാതം |
| കാൻസർ | സ്ത്രീകളിൽ സ്തനാർബുദം | | തല, കഴുത്ത്, അന്നനാളം,ആമാശയം, കരൾ, പാൻക്രിയാസ് എന്നിവിടങ്ങളിൽ അർബുദം, സ്ത്രീകളിൽ സ്തനാർബുദം |
| നാഡീവ്യൂഹം | ഉറക്കക്കുറവ് തലവേദന | ഓർമക്കുറവ്, ഏകാഗ്രതയില്ലായ്മ ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും കഴിയാതെ വരിക | ഗുരുതരമായ നാഡീവൈകല്യങ്ങൾ ഓർമ്മക്കുറവ്, വിവിധങ്ങളായ വൈകാരിക പ്രശ്നങ്ങൾ മാനസിക രോഗങ്ങൾ |
| ജനനേന്ദ്രീയങ്ങൾ | ലൈംഗികമായ ഉത്തേജനം ഉണ്ടാക്കുന്നു. എന്നാൽ കുറഞ്ഞ അളവിലുള്ള മദ്യപാനം പോലും വന്ധ്യതയ്ക്ക് കാരണമാക്കുന്നു. പ്രസവ സംബന്ധമായ പ്രശ്നങ്ങൾ | പ്രസവസംബന്ധമായ കുഴപ്പങ്ങൾ കൂടിയതോതിൽ പ്രത്യക്ഷപ്പെടുന്നു | ലൈംഗികോദ്ധാരണ ശേഷി നഷ്ടപ്പെടുന്നു. ആർത്തവ രോഗങ്ങളും സ്ത്രീ വന്ധ്യത, പ്രസവസംബന്ധമായ വൈകല്യങ്ങൾ |
| വ്യാധിക്ഷമത്വം | | | രോഗപ്രതിരോധ ശേഷി നശിച്ച് അണുബാധകൾക്ക് വിധേയമാകുന്നു. |
| ത്വക്ക്, അസ്ഥി പേശി | | | അസ്ഥി ദ്രവിക്കുന്നു. പേശീശൈഥില്യം, മൊരിച്ചിൽ, വാതരോഗങ്ങൾ |
| ശ്വാസകോശം | | | ന്യൂമോണിയ, മറ്റു വൈകല്യങ്ങൾ |

നിന്നുള്ള രക്തക്കുഴലുകളിൽ രക്തം കെട്ടി നിന്നു വീർക്കുന്നു. വയർ ബലൂൺ പോലെ വീർത്തു വരുന്നു. ചിലപ്പോൾ കരളിനു ചുറ്റും കെട്ടി നിന്ന് അന്നനാളത്തിനകത്തെ നേർത്ത സിരകൾ വീർക്കുകയും ചിലപ്പോൾ പൊട്ടുകയും ചെയ്യുന്നു. ഓരോ കൊച്ചു ഫാക്ടറി പോലെ പ്രവർത്തിച്ചിരുന്ന യകൃത് കോശങ്ങൾ പണിമുടക്കുന്നതുമൂലം ശരീരത്തിലെ പല വ്യവസ്ഥകളും തകരാറിലാകുന്നു. ഇതുമൂലം ശരീരം മെലിയുക, വൃഷണങ്ങൾ ചുരുങ്ങി പ്പോവുക, ശബ്ദത്തിന് മാറ്റം വരുക മുതലായ ലക്ഷണങ്ങൾ ദൃശ്യമാകുന്നു. ക്രമേണ കരൾ മുഴുവൻ കട്ടി പിടിച്ച് ഒരു പാറക്കഷ്ണം പോലെ ആയിത്തീരുന്നതോടെ മരണം തന്നെ സംഭവിക്കും.

## നാഡീവ്യൂഹം

സുഷുമ്നാ കാണ്ഡത്തെയും പേശികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന നീളം കൂടിയ നാഡീതന്ത്രികളാണ് മദ്യപാനികളിൽ ഏറ്റവും കൂടുതൽ നാശത്തിന് വിധേയമാവുന്നത്. പേശികളെ പ്രവർത്തിപ്പിക്കുക, അവയുടെ സാധാരണ അവസ്ഥയെയും അയവിനെയും വികസിക്കാനും ചുരുങ്ങാനുമുള്ള കഴിവിനെയും നിലനിറുത്തുന്നതു മാത്രമല്ല സുഷ്മനയിലേക്കും തലച്ചോറിലേക്കുമുള്ള സന്ദേശങ്ങൾ എത്തിക്കുന്നതുമായ നാഡികൾക്ക് തകരാറു സംഭവിക്കുന്നു. അതുമൂലം പേശികൾ ശോഷിക്കുകയും പ്രവർത്തനവൈകല്യം ഉണ്ടാവുകയും ചെയ്യുന്നു.

## മസ്തിഷ്കം

തലച്ചോറിൽ നടക്കുന്ന പല രാസപ്രവർത്തനങ്ങളെയും, മസ്തിഷ്കകോശങ്ങളെയും മദ്യം സ്വാധീനിക്കുന്നു. സെറാട്ടോണിൽ, ഡോപ്പാമൈൻ തുടങ്ങിയ രാസപദാർത്ഥങ്ങൾ കൂടിയ അളവിൽ ഉത്പാദിപ്പിക്കപ്പെടുന്നതുമൂലം സുഖം ലഹരി എന്നിവ അനുഭവപ്പെടുന്നു. എന്നാൽ താമസിയാതെ ഇവയുടെ പ്രവർത്തനം മന്ദീഭവിക്കുകയും എത്ര മദ്യം ഉള്ളിൽ ചെന്നാലും മൂഡ് നിലനിറുത്താൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും ചെയ്യും. മറ്റു ചില രാസ വസ്തുക്കളുടെ അതിപ്രവർത്തനം നിയന്ത്രിക്കാനും മദ്യം വേണ്ടിവരുന്നു. മദ്യം മദ്യപാനിയെ വിഴുങ്ങുന്നു എന്നു പറയുന്നതാവും ശരി. ഓരോ അവയവത്തിലും മദ്യത്തിന്റെ സ്വാധീനം വിസ്താരഭയത്താൽ വിവരിക്കുന്നില്ല. പട്ടിക കാണുക.

## സാമൂഹികപ്രശ്നങ്ങൾ

മദ്യപാനാസക്തന് സ്വന്തം ഉത്തരവാദിത്തങ്ങൾ ശരിയാംവണ്ണം നടത്താനോ കുടുംബത്തോടും സമൂഹത്തോടും സത്യസന്ധത പുലർത്താനോ കഴിയാതെ വരും. മദ്യം അയാളിലെ കുറ്റവാസനയെ ഉദ്ദീപിപ്പിക്കും. ലൈംഗികമായ ശേഷി കുറയുകയും ആഗ്രഹം ശക്തമാവുകയും ചെയ്യുന്നതുമൂലം അയാൾ ഭാര്യയിൽ കുറ്റം കണ്ടു പിടിക്കാൻ ശ്രമിക്കുന്നു. കിടക്കയിലെ ചുളിവുകൾ, മുറ്റത്തെ കാലടയാളം, പുറത്തുകണ്ട സിഗററ്റ് കുറ്റി ഇവയൊക്കെ പ്രശ്നങ്ങളായി അയാൾക്ക് മുന്നിൽ ഉയർത്തെണീക്കുന്നു. കാരണമില്ലാതെ ഭാര്യയെ കുറ്റപ്പെടുത്തുകയും കലഹിക്കുകയും ചെയ്യുന്നു. മദ്യപാനികളുടെ ഇടയിൽ വിവാഹ മോചനത്തിന്റെ നിരക്ക് വളരെ കൂടുതലാണെന്ന് പഠനങ്ങൾ കാണിക്കുന്നു. ഇരുപതു മുതൽ മുപ്പതു ശതമാനം പുരുഷമനോരോഗികളും മദ്യാസക്തരോ മദ്യവുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങൾ ഉള്ളവരോ ആണ്. സാധാരണ മെഡിക്കൽ വാർഡുകളിൽ അഡ്മിറ്റു ചെയ്യുന്ന പുരുഷന്മാരിൽ ഇരുപത്തഞ്ചു ശതമാനം പേരും മദ്യവുമായി ബന്ധപ്പെട്ട രോഗികളാണ്. മദ്യപാനികളുടെ ഇടയിൽ മരണനിരക്കും കൂടുതലാണെന്ന് കണക്കാക്കപ്പെടുന്നു.

## എന്തു ചെയ്യണം?

ഒരാൾ മദ്യാസക്തനാണെന്ന് തിരിച്ചറിഞ്ഞാൽ ഉടൻ തന്നെ അയാളെ ചികിത്സയ്ക്ക് വിധേയനാക്കുകയാണ് വേണ്ടത്. പല കാരണങ്ങളാൽ കൊണ്ടും അയാൾ ചികിത്സയ്ക്ക് വിധേയനാകാൻ മടിക്കും. പലപ്പോഴും താൻ മദ്യാസക്തനാണെന്ന കാര്യം തന്നെ നിഷേധിക്കും. ചികിത്സയിൽ വിശ്വാസം ഉണ്ടാവില്ല. മറ്റുള്ളവർ അറിഞ്ഞാലുള്ള നാണക്കേട് ഇങ്ങനെ പലതും.

മദ്യപാനാസക്തി ഒരു രോഗമാണെന്ന് രോഗിയുടെ ബന്ധുക്കളും രോഗിയും തിരിച്ചറിയണം. മറ്റു രോഗങ്ങളെപ്പോലെ ഇതും ചികിത്സിക്കപ്പെടേണ്ടതാണ്.

## മദ്യം നിറുത്തുമ്പോൾ

ഒരു മദ്യാസക്തൻ മദ്യം വർജിക്കുമ്പോൾ ശാരീരികമായും മാനസികമായും പല പ്രത്യാഘാതങ്ങൾക്കും വിധേയനാകേണ്ടി വരും. ആറുമുതൽ നാല്പത്തിഎട്ടു മണിക്കൂറുകൾക്കകം ശരീരത്തിൽ പല പ്രതിപ്രവർത്തനങ്ങളും നടക്കുന്നു. പനി, ഹൃദയമിടിപ്പ്, രക്തസമ്മർദ്ദത്തിൽ വ്യതിയാനം (കൂടാനോ കുറയാനോ ഇടയുണ്ട്) പെരുമാറ്റത്തിൽ വ്യത്യാസം, മിഥ്യാദർശനങ്ങൾ, മിഥ്യാശ്രവണം, മാനസിക വിഭ്രാന്തി, വിറയൽ, തലച്ചുറ്റൽ ഇങ്ങനെയുള്ള മദ്യത്തിന്റെ പിൻവാങ്ങൽ ലക്ഷണങ്ങൾ ഉണ്ടാകാറുണ്ട്. അതിനാൽ രോഗിയെ ചികിത്സയ്ക്ക് വിധേയനാക്കുക തന്നെ വേണം. ■

# ലക്ഷ്യം? അധോലോക പഠനം

**എസ്. രാധാകൃഷ്ണൻ**

ഗ്രീക്ക്-റോമാ പുരാണങ്ങൾ പ്രകാരം പാതാള ലോകത്തിന്റെ അധിപനാണ് പ്ലൂട്ടോ. പരേതാത്മാക്കൾ പരലോകത്തു ചെല്ലുമ്പോൾ അവയെ അകെറോൺ എന്ന നദിക്കക്കരെ എത്തിക്കുന്ന കടത്തുകാരനാണ് കെയ്റോൺ. യഥാവിധി പ്രകാരം മൃതദേഹം സംസ്കരിച്ചാൽ മാത്രമേ ആത്മാവിനെ കെയ്റോൺ സ്വീകരിക്കുകയുള്ളു. പ്ലൂട്ടോ എന്ന ഗ്രഹത്തെയും കെയ്റോൺ എന്ന ഉപഗ്രഹത്തെയും അന്വേഷിച്ച് ജനുവരി 20-ന് അമേരിക്ക വിക്ഷേപിച്ച ശൂന്യാകാശ വാഹനമാണ് ന്യൂ ഹൊറൈസൺ. ലക്ഷ്യം: പത്തു വർഷം കൊണ്ട് പ്ലൂട്ടോയിലെത്തുക.

ഏറ്റവും അകലെയുള്ളത്, ഏറ്റവും തണുത്തത്, ഏറ്റവും ചെറുത് എന്നിങ്ങനെ പല പ്രത്യേക വിശേഷണങ്ങളുമായാണ് പ്ലൂട്ടോയുടെ ചുറ്റിക്കളി. കെയ്റോൺ സൗരയൂഥത്തിലെ ഏറ്റവും വലിയ ഉപഗ്രഹവും. ഗ്രീക്ക്-റോമൻ പുരാണങ്ങളിൽ പ്ലൂട്ടോ വില്ലനായ ദൈവമാണ്. ശാസ്ത്രം പിന്നീട് അങ്ങുദൂരെ കണ്ടെത്തിയ ഗ്രഹത്തിനും പ്ലൂട്ടോയെന്ന പേരിട്ട് അല്പം വില്ലത്തം പകർന്നു നൽകുകയായിരുന്നു. ഇന്നിപ്പോൾ പ്ലൂട്ടോയ്ക്ക് ഗ്രഹമെന്ന നിലയിലുള്ള നിലനിൽപു തന്നെ അപകടത്തിലാവുന്ന സ്ഥിതിയാണ്.

സൗരയൂഥത്തിലെ ഒമ്പതാമത്തെ ഗ്രഹമായ പ്ലൂട്ടോയുടെ വിശദാംശങ്ങൾ തെരക്കാനുള്ള അന്വേഷണോദ്യോഗസ്ഥനായാണ് ന്യൂ ഹൊറൈസൺ (മലയാളത്തിൽ പുതു ചക്രവാളം) യാത്ര പുറപ്പെട്ടിരിക്കുന്നത്. ഇതുവരെ ഒരു ശൂന്യാകാശ വാഹനത്തിനുമില്ലാത്ത വേഗത്തിൽ ന്യൂ ഹൊറൈസൺ പാഞ്ഞുപോയാലും പ്ലൂട്ടോയുടെ അടുത്തെത്താൻ പത്തു വർഷമെടുക്കും. പക്ഷേ അന്നു ലഭിക്കുന്നത് അമൂല്യമായ വിവരങ്ങളായിരിക്കും. അതനുസരിച്ചായിരിക്കും പ്ലൂട്ടോയ്ക്ക് സൗരയൂഥത്തിലെ സ്ഥാനം.

ഇത്രയേറെ വിവാദ ങ്ങൾ സൃഷ്ടിച്ച ഒരു ഗ്രഹം പ്രപഞ്ചത്തിൽ വേറെയുണ്ടാവില്ല. റോമൻ-ഗ്രീക്ക് പുരാണങ്ങളനുസരിച്ച് പ്ലൂട്ടോ അധോലോകത്തിന്റെ നാഥനാണ്. ആകാശദൈവമായ യുറാനസിനും സമുദ്രങ്ങളുടെ രാജാവായ നെപ്ട്യൂണിനും ശേഷം സൂര്യപ്രദേശം വിരളമായി എത്തുന്ന ഭാഗത്തു കണ്ടെത്തിയതുകൊണ്ടായിരിക്കാം ഈ ഗ്രഹത്തിനു പ്ലൂട്ടോ എന്ന പേരു നൽകിയത്. 1930-ൽ ക്ലൈഡ് ടോംബോ എന്ന ശാസ്ത്രജ്ഞൻ പ്ലൂട്ടോയെ കണ്ടുപിടിച്ചപ്പോൾ വാനശാസ്ത്രം അതിനെ ഒമ്പതാമത്തെ ഗ്രഹം എന്ന സ്ഥാനം നൽകുകയായിരുന്നു. പക്ഷേ മറ്റു ഗ്രഹങ്ങളുടെ സ്വഭാവം പ്ലൂട്ടോയ്ക്കില്ലെന്ന വാദഗതി ഉയർന്നപ്പോൾ ഗ്രഹങ്ങളുടെ സ്വഭാവവും നിർവചനവും നിർണയിക്കാൻ ഇതുവരെ ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ലെന്ന മറുവാദമുണ്ടായി. ശരിയാണ്, നക്ഷത്രങ്ങളും ഉപഗ്രഹങ്ങളുമൊക്കെ നിർവചിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഗ്രഹങ്ങളുടെ കാര്യത്തിൽ നാം ഇതുവരെ അതു ചെയ്തിട്ടില്ല.



അതുകൊണ്ടുതന്നെ പ്ലൂട്ടോ ഗ്രഹമാണോ എന്നും മറ്റും മനസിലാക്കാൻ ന്യൂ ഹൊറൈസൺ നടത്തുന്ന അന്വേഷണം കൊണ്ടു കാര്യമായ പ്രയോജനമുണ്ടാവില്ലായിരിക്കാം. എന്നാൽത്തന്നെയും സൗരയൂഥത്തിൽ ഒരു പര്യവേക്ഷണവാഹനവും തിരിഞ്ഞു നോക്കാത്ത ഒരു ഗ്രഹത്തെക്കുറിച്ച് എന്തു വിവരം കിട്ടിയാലും അതു പുതിയതാണ്. ആ വിവരങ്ങളാണ് ന്യൂ ഹൊറൈസൺ പത്തു വർഷം കഴിഞ്ഞു നമുക്കു നൽകാൻ പോകുന്നത്. സൗരയൂഥത്തിന്റെ മാത്രമല്ല പ്രപഞ്ച

ത്തിന്റെ തന്നെ ഉത്പത്തിയെക്കുറിച്ചുവരെ കാര്യമായ സംഭാവന കൾ നൽകാൻ ന്യൂ ഹൊറൈസണു കഴിയും.

പ്ലൂട്ടോ പര്യവേക്ഷണം കൊണ്ടു കാര്യമായ നേട്ടമൊന്നും ലഭിക്കാൻ പോകുന്നില്ലെന്നായിരുന്നു അമേരിക്കൻ സർക്കാർ വിലയിരുത്തിയിരുന്നത്. എന്നാൽ ശാസ്ത്രലോകത്തുനിന്നു മാത്രമല്ല കുട്ടികളിൽനിന്നുപോലും ഈ പര്യവേക്ഷണത്തിനു വേണ്ടി മുറവിളി ഉയരുകയായിരുന്നു. അങ്ങനെയാണ് 3000 കോടിയിലേറെ രൂപയുടെ ചെലവു വരുന്ന പദ്ധതിക്ക് പച്ച ക്കൊടി ലഭിച്ചത്. ഇന്ധനമായി പ്ലൂട്ടോണിയം ഉപയോഗിക്കുന്ന തുകൊണ്ട് പരിസ്ഥിതി പ്രവർത്തകർ ന്യൂ ഹൊറൈസണി നെ ഹിറ്റ് ലിസ്റ്റിൽ പെടുത്തിയിരിക്കുക യാണ്. അമേരിക്ക ശൂന്യാകാശത്തെ ആണവ പരീക്ഷണങ്ങൾക്ക് ഉപയോ ഗിക്കുകയാണ് എന്നൊക്കെ പോകുന്നു അവരുടെ കുറ്റപ്പെ ടുത്തൽ. അങ്ങനെ എതിർപ്പും പിന്തുണയുമെ ല്ലാം കൂട്ടിച്ചേർത്താണ് ന്യൂ ഹൊറൈസൺ കുതിച്ചുയർന്നത്.



സൗരയൂഥത്തിലെ അസാമാധന മേഖല യായ കൈപ്പർ ബെൽറ്റി ലാണ് പ്ലൂട്ടോയുടെ വിഹാ രം. കൂടെയുള്ള കെയ്റോൺ (ഷരോൺ എന്നും വിളി ക്കും) എന്ന ഉപഗ്രഹം ഫല ത്തിൽ പ്ലൂട്ടോയുടെ പകുതിയോളമുണ്ട്. കെയ്റോണിന് വലിപ്പത്തിൽ മാത്രമല്ല ഈ അസാധാരണത്വം. മാതൃഗ്രഹവും ഉപഗ്രഹവും ഒരേ വേഗത്തിലാണ് സൂര്യനെ ചുറ്റുന്നത്. സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നതിൽ പോലും കെയ്റോണിനു പ്ലൂട്ടോയുമായി സമാനതയുണ്ട്. അതുകൊണ്ടു തന്നെ രണ്ടിന്റെയും ഒരേ വശങ്ങൾ നേർക്കുനേരെയായിരിക്കും. കെയ്റോണിനുപുറമെ രണ്ടു ചന്ദ്രന്മാർ കൂടി പ്ലൂട്ടോയ്ക്കുണ്ട്. അവയുടെ വിശദാംശങ്ങൾ മനസിലാക്കാനും പേരിടാനും കൂടി ന്യൂ ഹൊറൈസണിനെ ഉപയോഗിക്കാൻ ശാസ്ത്രജ്ഞർക്കു ഉദ്ദേശ്യമുണ്ട്. പ്ലൂട്ടോ സൗരയൂഥത്തിലെ ഏറ്റവും ചെറിയ ഗ്രഹ മാണെങ്കിൽ കെയ്റോൺ ഏറ്റവും വലിയ ഉപഗ്രഹമാണ്. ഒരു ഉപഗ്രഹവും ഗ്രഹവുമാണോ ഇവ എന്നു തോന്നിപ്പോകുന്ന തര ത്തിലുള്ള സ്വഭാവങ്ങളുള്ളതുകൊണ്ടുകൂടിയാണ് ഗ്രഹമെന്ന സ്ഥാനം പ്ലൂട്ടോയ്ക്കു നൽകരുതെന്ന് എതിരാളികൾ ആവശ്യപ്പെ ടുന്നത്. മാത്രമല്ല സൗരയൂഥത്തിലെ ഏഴു ചന്ദ്രന്മാരെക്കാൾ ചെറുതാണ് പ്ലൂട്ടോ.

മറ്റൊരു ഗ്രഹത്തിനുമില്ലാത്തതുപോലെയുള്ള ഭ്രമണപഥ മാണ് പ്ലൂട്ടോയ്ക്ക്. നമ്മുടെ 248 വർഷമെടുത്താണ് പ്ലൂട്ടോ സൂര്യനെ ചുറ്റുന്നത്. അതും ഒരു ഗ്രഹത്തിനു യോജിക്കാത്ത ദീർഘവൃത്താകൃതിയിൽ. ഈ ഭ്രമണപഥത്തിൽ സൂര്യനോട് ഏറ്റ വുമടുത്തെത്തുമ്പോൾ അകലം 2.8 ബില്യൻ മൈലുകളും വിദൂ രത്താകുമ്പോൾ അകലം 4.6 ബില്യൻ മൈലുകളുമായിരിക്കും. അതുകൊണ്ടുതന്നെ ഉപരിതല ഊഷ്മാവ് -235 ഡിഗ്രിയി ലേയ്ക്കുവരെ താഴുന്നു.

ഇത്തരം പരിമിതികളുള്ള പ്ലൂട്ടോയ്ക്ക് ഗ്രഹമെന്ന സ്ഥാനം നൽകിയതിന്റെ പ്രായശ്ചിത്തമായി ശാസ്ത്രജ്ഞർ പ്ലാനറ്റ്-എക്സ് എന്ന പേരിൽ മറ്റൊരു ഗ്രഹത്തെ അന്വേഷിക്കുകയായി രുന്നു. ഇതുവരെ അങ്ങനെയൊന്നു കണ്ടെത്താൻ കഴിഞ്ഞിട്ടി ല്ല. കൈപ്പർ മേഖലയിലുള്ള ഏതെങ്കിലുമൊരു വസ്തുവിന്



വലിയ ഗ്രഹത്തിന്റേതുപോലെയുള്ള വലിപ്പമുണ്ടെന്നു കണ്ടെത്തിയാൽ പ്ലൂട്ടോയുടെ സ്ഥാനം പോയതുതന്നെ. നെപ്ട്യൂൺ ഗ്രഹത്തിനപ്പുറമുള്ള കൈപ്പർ മേഖലയിലെ അരക്ഷിതാ വസ്ഥയെക്കുറിച്ച് അടുത്ത കാലം വരെ ശാസ്ത്രലോകത്തിന് വലിയ അറിവൊ ന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് പ്ലൂട്ടോ കണ്ടുപിടിക്കപ്പെട്ടപ്പോൾ അതിന് ഗ്രഹത്തിന്റെ സ്ഥാനം നൽകിയത്. കൈപ്പർ മേഖലയിൽ അഞ്ചു ലക്ഷത്തോളം ഇത്തരം വസ്തുക്കളുണ്ടെന്നാണ് പിന്നീട് ശാസ്ത്രലോകം മന സിലാക്കിയത്. അതിലൊന്നിന് ഹിന്ദു പുരാണമനുസരിച്ച് വരുൺ എന്ന പേരും നൽകിയിട്ടുണ്ട്. പ്ലൂട്ടോ സൂര്യനിൽനിന്ന് അകന്നുകൊണ്ടിരിക്കുകയാണെന്നും കാലക്രമത്തിൽ ഈ ഗ്രഹം നമുക്ക് പിടികിട്ടാവുന്നതിലപ്പുറം അകലത്തിലേയ്ക്കു തെന്നിമാ റുമെന്നുമാണ് ശാസ്ത്രജ്ഞർ കണക്കുകൂട്ടുന്നത്. മാത്രമല്ല അതിശൈത്യാവസ്ഥയിൽ പ്ലൂട്ടോയുടെ അന്തരീക്ഷം തന്നെ ഹിമാവസ്ഥയിൽ ഉപരിതലത്തിലേയ്ക്കു പതിക്കുന്ന സ്ഥിതിയു ണ്ടാകും. അതിനുമുമ്പ് എന്തെങ്കിലും വിലപ്പെട്ട വിവരം കിട്ടുക യാണെങ്കിൽ അത് മുതൽക്കൂട്ടായിരിക്കും. ഇന്നത്തെ സ്ഥിതി യിൽ ന്യൂ ഹൊറൈസൺ പ്ലൂട്ടോയിലെത്തുമ്പോൾ ഉപരിതല താപനില മൂന്നു ഡിഗ്രിയെങ്കിലും വർധിച്ച അവസ്ഥയിലായിരി ക്കും. പക്ഷേ പിന്നീടങ്ങോട്ടു ശരത്കാലമാണ്. അതുകൊണ്ടാണ് ഇപ്പോൾതന്നെ ന്യൂ ഹൊറൈസൺ വിക്ഷേപിക്കാൻ ശാസ്ത്ര ജ്ഞർ തിരക്കിട്ടു നീങ്ങിയത്. പ്ലൂട്ടോയുടെ അന്തരീക്ഷ ത്തിൽനിന്നു കിട്ടുന്ന വിവരങ്ങൾ ഗ്രഹങ്ങൾ ഉണ്ടാകുന്ന തെങ്ങനെ എന്നു നമ്മെ പഠിപ്പിക്കാൻ പോന്നതായിരിക്കുമെന്ന പ്രതീക്ഷ ശാസ്ത്രലോകത്തിനുണ്ട്. അതുകൊണ്ടുതന്നെ ഇതുവ രെ നാം പിന്തുടർന്നുപോന്ന പാഠപുസ്തകങ്ങൾ പലതും മാറ്റി യെഴുതേണ്ടിവരും.

ഭൂമിയിൽനിന്നു ടെലിസ്കോപ്പിലൂടെ നോക്കുമ്പോൾ മഞ്ഞിച്ച് ചുവന്ന നിറത്തിൽ കാണുന്ന പ്ലൂട്ടോയുടെ അന്തരീക്ഷ ത്തെക്കുറിച്ച് നമ്മുടെ ശാസ്ത്രജ്ഞർക്ക് കാര്യമായ വിവര മൊന്നും ലഭിച്ചിട്ടില്ല. ജല ഐസും കാർബൺ മോണോ ക്സൈഡും മീതൈൻ ഐസും പാറകളുമാണ് ഉപരിതല ത്തിലും അന്തരീക്ഷത്തിലുമായുള്ളത്.

ന്യൂ ഹൊറൈസൺ സാധാരണ മട്ടിലുള്ള ബഹിരാകാശവാ ഹനമാണ്. പ്ലൂട്ടോയുടെ അടുത്തെത്തി കുറെ ചിത്രങ്ങൾ ഭൂമിയി ലേയ്ക്കയ്ക്കുക, പിന്നെ കുറച്ചുകൂടി കറങ്ങിനടക്കുക എന്നതിന പ്പുറമുള്ള അന്വേഷണദൗത്യമൊന്നും ഈ വാഹനത്തിനില്ല. ഈ പത്തുവർഷത്തെ പര്യടനത്തിനിടയിൽ മിക്കസമയവും വാഹനം ഉറക്കത്തിലായിരിക്കും. തനിക്കു ജീവനുണ്ടെന്നറിയിക്കാൻ ആഴ്ചയിലൊരിക്കൽ ഭൂമിയിലേയ്ക്ക് ബീപ് ശബ്ദത്തിൽ

സംസാരിക്കും. ഇടയ്ക്ക് വ്യാഴത്തിനു സമീപമെത്തുമ്പോഴായിരിക്കും ന്യൂ ഹൊറൈസൺ കണ്ണു തുറക്കുന്നത്. വ്യാഴത്തിന്റെ ഗുരുത്വാകർഷണത്തിൽനിന്ന് അല്പം കൂടി ഊർജം ഉൾക്കൊണ്ട് വേഗം മണിക്കൂറിൽ 47,000 മൈലാക്കിയിട്ടായിരിക്കും പ്ലൂട്ടോയിലേയ്ക്കു കുതിക്കുന്നത്. അതല്ലാതെയുള്ള ഊർജം നൽകാനായി ഇതിൽ പ്ലൂട്ടോണിയം ഉപയോഗിക്കുന്ന റിയാക്ടർ സ്ഥാപിച്ചിട്ടുണ്ട്. 200 വാട്ട് മാത്രമാണ് ഈ റിയാക്ടർ നൽകുന്നത്. ഈ പ്ലൂട്ടോണിയം അപകടകാരിയാണെന്നാണ് പരിസ്ഥിതിവാദികളുടെ മുന്നറിയിപ്പ്. പത്തുവർഷം ഊർജം ലഭിക്കണമെങ്കിൽ ഇതാണ് ഏറ്റവും നല്ല പോംവഴിയെന്ന് ശാസ്ത്രജ്ഞർ വാദിക്കുന്നു. പ്ലൂട്ടോയിലെത്തുന്നതിനു മൂന്നു മാസം മുമ്പുതന്നെ ന്യൂ ഹൊറൈസൺ ചിത്രങ്ങളയച്ചുതുടങ്ങും. അന്ന് ഭൂമിയിലേയ്ക്ക് ഒരു ചിത്രമെത്താൻ തന്നെ നാലര മണിക്കൂറോളമെടുക്കും. പ്ലൂട്ടോയെ വിട്ട് വീണ്ടും നീങ്ങുന്ന വാഹനം കൈപ്പർ മേഖലയിലെ ഒന്നോ രണ്ടോ വസ്തുക്കളുടെ ചിത്രങ്ങൾ കൂടി അയയ്ക്കാനുള്ള സാധ്യതയുണ്ട്. അതിൽ പ്ലൂട്ടോയെക്കാൾ വലിപ്പമുള്ളവ ഉണ്ടാകുമോ എന്നുള്ളത് കണ്ടറിയണം. എങ്കിൽ അതിനെ പത്താമത്തെ ഗ്രഹമായി കണക്കാക്കാൻ നമുക്കു കഴിയുമോ എന്നതും തർക്കവിഷയമായിരിക്കും. കൈപ്പർ മേഖലയിലെ ഈ സംഘം ചൊവ്വയ്ക്കും വ്യാഴത്തിനുമിടയ്ക്ക് നാം കണ്ടെത്തിയിട്ടുള്ള ഉൽക്കാസംഘത്തെക്കാൾ ബൃഹത്താണ്. ഭൂമിയിലെത്തുന്ന ഉൽക്കകളിൽ ചിലത് കൈപ്പർ മേഖലയിൽനിന്ന് വഴുതിയെത്തുന്നവയുമായിരിക്കാമെന്നാണ് ശാസ്ത്രജ്ഞർ കരുതുന്നത്.

ന്യൂ ഹൊറൈസൺ ബാഹ്യാകാശ ശാസ്ത്രത്തിന് വെല്ലുവിളിയാണെന്നതിന് ഒറ്റ ഉദാഹരണം മതി. ഈ പദ്ധതിയുടെ മുഖ്യ ശാസ്ത്രജ്ഞനായ അലൻ സ്റ്റേണിന് 32 വയസു മാത്രമുള്ളപ്പോഴാണ് അമേരിക്ക പ്ലൂട്ടോ ദൗത്യത്തിന് അനുമതി നൽകുന്നത്. അദ്ദേഹത്തിന് 45 വയസായപ്പോൾ വാഹനം ആകാശത്തേയ്ക്കുയർന്നു. 55 വയസാകുമ്പോഴായിരിക്കും ന്യൂ ഹൊറൈസണിൽനിന്ന് എന്തെങ്കിലും വിവരം ലഭിക്കുന്നത്. കാൽ നൂറ്റാണ്ടിന്റെ കാത്തിരിപ്പ് യഥാർഥത്തിൽ പരീക്ഷണം തന്നെ. അതിന്റെ ഫലം ലഭിക്കുമോ എന്നാണ് കണ്ടറിയേണ്ടത്. പ്ലൂട്ടോ ദൗത്യത്തിനുവേണ്ടി ആഗ്രഹിച്ച പത്തു വയസുള്ള കുട്ടിയ്ക്കു പോലും ഫലം ലഭിക്കുമ്പോൾ 35 വയസായിരിക്കും.

അകെറോൺ നദി കടന്ന് പ്ലൂട്ടോയിലെത്താൻ കഴിയാത്ത ആത്മാക്കൾ നൂറു വർഷം അവിടെയൊക്കെ കറങ്ങിടക്കുമെന്നാണ് റോമൻ വിശ്വാസം. കടത്തുകാരനായ കെയ്റോണിനെ വിശ്വാസത്തിലെടുത്തുവേണം ന്യൂ ഹൊറൈസണിനും പ്ലൂട്ടോയിലെത്തേണ്ടത്. പാതാള ലോകത്തിലെത്തിയവരിൽനിന്ന് പിന്നീടൊന്നും പ്രതീക്ഷിക്കേണ്ട എന്നതുപോലെതന്നെ പ്ലൂട്ടോയെ സമീപിച്ചാൽപിന്നെ ന്യൂ ഹൊറൈസണും അനന്തതയിലേയ്ക്കു നീങ്ങും. ■



## മൂക്കിനും ഒരു പകരക്കാരൻ – ദുർഗന്ധം പരത്തുന്നിടത്തെത്തുമ്പോൾ അവനെ ഓഫാക്കാം. ജലദോഷമൊട്ടുവരികയുമില്ല. നിരവധി സെൻസറുകൾ ഘടിപ്പിച്ച ഇലക്ട്രോണിക് മൂക്കണിഞ്ഞ് ഇനി മനുഷ്യൻ നടന്നേക്കും.



സുഗന്ധം, അനിർവചനീയമായ ഒരനുഭൂതിയാണ്. അത് അനുഭവിച്ചറിയാൻ പ്രകൃത്യാതന്നെ ജീവജാലങ്ങൾക്ക് കഴിവുണ്ട്. പരിമളം പരത്തുന്ന വസ്തുക്കളോടുള്ള ഇഷ്ടവും ദുർഗന്ധം വമിക്കുന്ന വസ്തുക്കളോടുള്ള വിരോധവും നമ്മുടെ അനുഭവമാണ്. ദുർഗന്ധപൂരിത പ്രദേശങ്ങളിൽ മൂക്ക് ഓഫ് ചെയ്തും നടക്കാൻ പററുന്ന കാലം വരികയാണ്.! നീണ്ടുരുണ്ട്, പരന്ന്, മെലിഞ്ഞ ഒറിജിനൽ മൂക്കല്ല ഓഫാക്കുന്നത്- പകരംവയ്ക്കാവുന്ന ഇലക്ട്രോണിക് മൂക്കുകളാണ്.

കാര്യങ്ങൾ മണത്തറിയാൻ നിങ്ങൾക്കുള്ള കഴിവ് ചിലപ്പോൾ സ്വയരക്ഷയ്ക്ക് ഉപകാരപ്പെട്ടിട്ടുണ്ടാവാം. എന്നാൽ ഇനി നിങ്ങളെ മണപ്പിക്കുന്നത് യന്ത്രങ്ങളാണ്. വെറും തമാശയല്ലിത്, സംഗതി കാര്യം തന്നെ. ഇനി അസുഖങ്ങൾ മണത്തറിയാവുന്ന കാലമാണ്.

നമ്മുടെ മൂക്കിന്റെ സ്വഭാവ സവിശേഷതകളെ അനുകരിച്ച് പ്രവർത്തിക്കുന്നവയാണ് ഇലക്ട്രോണിക് മൂക്കുകൾ (ഇ-മൂക്ക്). പ്രത്യേക അറയിൽ സ്ഥാപിച്ചിട്ടുള്ള നിരവധി സെൻസറുകൾ അടങ്ങിയ സംവിധാനമാണ് ഇലക്ട്രോണിക് മൂക്കുകൾ. കെമിക്കൽ സെൻസറുകളിൽ തട്ടുന്ന ബാഷ്പങ്ങളുടെ തോതനുസരിച്ച് വ്യത്യാസപ്പെടുന്ന പ്രതിരോധ സ്വഭാവമുള്ള വസ്തുക്കളാണ് മൂക്ക് നിർമാണത്തിന് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഒറിജിനലിനെ വെല്ലുന്ന ഇലക്ട്രോണിക് മൂക്കുകൾ അരങ്ങുവാഴുന്ന കാലം വിദൂരമല്ല.

ഓരോ വ്യക്തിക്കും അവരുടേതായ ശരീരഗന്ധമുണ്ട്. രോഗാവസ്ഥയിൽ ഈ ഗന്ധം മാറും. ഗന്ധങ്ങൾ മണത്തറിഞ്ഞ് രോഗം കണ്ടുപിടി

സംസാരിക്കും. ഇടയ്ക്ക് വ്യാഴത്തിനു സമീപമെത്തുമ്പോഴായിരിക്കും ന്യൂ ഹൊറൈസൺ കണ്ണു തുറക്കുന്നത്. വ്യാഴത്തിന്റെ ഗുരുത്വാകർഷണത്തിൽനിന്ന് അല്പം കൂടി ഊർജം ഉൾക്കൊണ്ട് വേഗം മണിക്കൂറിൽ 47,000 മൈലാക്കിയിട്ടായിരിക്കും പ്ലൂട്ടോയിലേയ്ക്കു കുതിക്കുന്നത്. അതല്ലാതെയുള്ള ഊർജം നൽകാനായി ഇതിൽ പ്ലൂട്ടോണിയം ഉപയോഗിക്കുന്ന റിയാക്ടർ സ്ഥാപിച്ചിട്ടുണ്ട്. 200 വാട്ട് മാത്രമാണ് ഈ റിയാക്ടർ നൽകുന്നത്. ഈ പ്ലൂട്ടോണിയം അപകടകാരിയാണെന്നാണ് പരിസ്ഥിതിവാദികളുടെ മുന്നറിയിപ്പ്. പത്തുവർഷം ഊർജം ലഭിക്കണമെങ്കിൽ ഇതാണ് ഏറ്റവും നല്ല പോംവഴിയെന്ന് ശാസ്ത്രജ്ഞർ വാദിക്കുന്നു. പ്ലൂട്ടോയിലെത്തുന്നതിനു മൂന്നു മാസം മുമ്പുതന്നെ ന്യൂ ഹൊറൈസൺ ചിത്രങ്ങളയച്ചുതുടങ്ങും. അന്ന് ഭൂമിയിലേയ്ക്ക് ഒരു ചിത്രമെത്താൻ തന്നെ നാലര മണിക്കൂറോളമെടുക്കും. പ്ലൂട്ടോയെ വിട്ട് വീണ്ടും നീങ്ങുന്ന വാഹനം കൈപ്പർ മേഖലയിലെ ഒന്നോ രണ്ടോ വസ്തുക്കളുടെ ചിത്രങ്ങൾ കൂടി അയയ്ക്കാനുള്ള സാധ്യതയുണ്ട്. അതിൽ പ്ലൂട്ടോയെക്കാൾ വലിപ്പമുള്ളവ ഉണ്ടാകുമോ എന്നുള്ളത് കണ്ടറിയണം. എങ്കിൽ അതിനെ പത്താമത്തെ ഗ്രഹമായി കണക്കാക്കാൻ നമുക്കു കഴിയുമോ എന്നതും തർക്കവിഷയമായിരിക്കും. കൈപ്പർ മേഖലയിലെ ഈ സംഘം ചൊവ്വയ്ക്കും വ്യാഴത്തിനുമിടയ്ക്ക് നാം കണ്ടെത്തിയിട്ടുള്ള ഉൽക്കാസംഘത്തെക്കാൾ ബൃഹത്താണ്. ഭൂമിയിലെത്തുന്ന ഉൽക്കകളിൽ ചിലത് കൈപ്പർ മേഖലയിൽനിന്ന് വഴുതിയെത്തുന്നവയുമായിരിക്കാമെന്നാണ് ശാസ്ത്രജ്ഞർ കരുതുന്നത്.

ന്യൂ ഹൊറൈസൺ ബാഹ്യാകാശ ശാസ്ത്രത്തിന് വെല്ലുവിളിയാണെന്നതിന് ഒറ്റ ഉദാഹരണം മതി. ഈ പദ്ധതിയുടെ മുഖ്യ ശാസ്ത്രജ്ഞനായ അലൻ സ്റ്റേണിന് 32 വയസു മാത്രമുള്ളപ്പോഴാണ് അമേരിക്ക പ്ലൂട്ടോ ദൗത്യത്തിന് അനുമതി നൽകുന്നത്. അദ്ദേഹത്തിന് 45 വയസായപ്പോൾ വാഹനം ആകാശത്തേയ്ക്കുയർന്നു. 55 വയസാകുമ്പോഴായിരിക്കും ന്യൂ ഹൊറൈസണിൽനിന്ന് എന്തെങ്കിലും വിവരം ലഭിക്കുന്നത്. കാൽ നൂറ്റാണ്ടിന്റെ കാത്തിരിപ്പ് യഥാർഥത്തിൽ പരീക്ഷണം തന്നെ. അതിന്റെ ഫലം ലഭിക്കുമോ എന്നാണ് കണ്ടറിയേണ്ടത്. പ്ലൂട്ടോ ദൗത്യത്തിനുവേണ്ടി ആഗ്രഹിച്ച പത്തു വയസുള്ള കുട്ടിയ്ക്കു പോലും ഫലം ലഭിക്കുമ്പോൾ 35 വയസായിരിക്കും.

അകെറോൺ നദി കടന്ന് പ്ലൂട്ടോയിലെത്താൻ കഴിയാത്ത ആത്മാക്കൾ നൂറു വർഷം അവിടെയൊക്കെ കറങ്ങിടക്കുമെന്നാണ് റോമൻ വിശ്വാസം. കടത്തുകാരനായ കെയ്റോണിനെ വിശ്വാസത്തിലെടുത്തുവേണം ന്യൂ ഹൊറൈസണിനും പ്ലൂട്ടോയിലെത്തേണ്ടത്. പാതാള ലോകത്തിലെത്തിയവരിൽനിന്ന് പിന്നീടൊന്നും പ്രതീക്ഷിക്കേണ്ട എന്നതുപോലെതന്നെ പ്ലൂട്ടോയെ സമീപിച്ചാൽപിന്നെ ന്യൂ ഹൊറൈസണും അനന്തതയിലേയ്ക്കു നീങ്ങും. ■



## മൂക്കിനും ഒരു പകരക്കാരൻ - ദുർഗന്ധം പരത്തുന്നിടത്തെത്തുമ്പോൾ അവനെ ഓഫാക്കാം. ജലദോഷമൊട്ടുവരികയുമില്ല. നിരവധി സെൻസറുകൾ ഘടിപ്പിച്ച ഇലക്ട്രോണിക് മൂക്കണിഞ്ഞ് ഇനി മനുഷ്യൻ നടന്നേക്കും.



സുഗന്ധം, അനിർവചനീയമായ ഒരനുഭൂതിയാണ്. അത് അനുഭവിച്ചറിയാൻ പ്രകൃത്യാതന്നെ ജീവജാലങ്ങൾക്ക് കഴിവുണ്ട്. പരിമളം പരത്തുന്ന വസ്തുക്കളോടുള്ള ഇഷ്ടവും ദുർഗന്ധം വമിക്കുന്ന വസ്തുക്കളോടുള്ള വിരോധവും നമ്മുടെ അനുഭവമാണ്. ദുർഗന്ധപൂരിത പ്രദേശങ്ങളിൽ മൂക്ക് ഓഫ് ചെയ്തും നടക്കാൻ പററുന്ന കാലം വരികയാണ്.! നീണ്ടുരുണ്ട്, പരന്ന്, മെലിഞ്ഞ ഒറിജിനൽ മൂക്കല്ല ഓഫാക്കുന്നത്- പകരംവയ്ക്കാവുന്ന ഇലക്ട്രോണിക് മൂക്കുകളാണ്.

കാര്യങ്ങൾ മണത്തറിയാൻ നിങ്ങൾക്കുള്ള കഴിവ് ചിലപ്പോൾ സ്വയരക്ഷയ്ക്ക് ഉപകാരപ്പെട്ടിട്ടുണ്ടാവാം. എന്നാൽ ഇനി നിങ്ങളെ മണപ്പിക്കുന്നത് യന്ത്രങ്ങളാണ്. വെറും തമാശയല്ലിത്, സംഗതി കാര്യം തന്നെ. ഇനി അസുഖങ്ങൾ മണത്തറിയാവുന്ന കാലമാണ്.

നമ്മുടെ മൂക്കിന്റെ സ്വഭാവ സവിശേഷതകളെ അനുകരിച്ച് പ്രവർത്തിക്കുന്നവയാണ് ഇലക്ട്രോണിക് മൂക്കുകൾ (ഇ-മൂക്ക്). പ്രത്യേക അറയിൽ സ്ഥാപിച്ചിട്ടുള്ള നിരവധി സെൻസറുകൾ അടങ്ങിയ സംവിധാനമാണ് ഇലക്ട്രോണിക് മൂക്കുകൾ. കെമിക്കൽ സെൻസറുകളിൽ തട്ടുന്ന ബാഷ്പങ്ങളുടെ തോതനുസരിച്ച് വ്യത്യാസപ്പെടുന്ന പ്രതിരോധ സ്വഭാവമുള്ള വസ്തുക്കളാണ് മൂക്ക് നിർമാണത്തിന് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഒറിജിനലിനെ വെല്ലുന്ന ഇലക്ട്രോണിക് മൂക്കുകൾ അരങ്ങുവാഴുന്ന കാലം വിദൂരമല്ല.

ഓരോ വ്യക്തിക്കും അവരുടേതായ ശരീരഗന്ധമുണ്ട്. രോഗാവസ്ഥയിൽ ഈ ഗന്ധം മാറും. ഗന്ധങ്ങൾ മണത്തറിഞ്ഞ് രോഗം കണ്ടുപിടി

# തുമ്മിയാൽ തെറിക്കുന്ന മൂക്ക്!

**ടി.വി. സിജു**




ക്കുന്ന രീതി പണ്ടുമുതല്ക്കേ ഉണ്ടെന്ന് പറയുന്നു. എന്നാൽ ഈ രീതിക്ക് ഏറെ പ്രതീക്ഷ നൽകുകയാണ് ഇലക്ട്രോണിക് മൂക്കിന്റെ കണ്ടുപിടുത്തത്തോടെ. കാൻസർ രോഗം മണത്തറിയാൻ പ്രത്യേക പരിശീലനം ലഭിച്ച പട്ടികളുണ്ടിവിടെ. പട്ടികളെ മാത്രമല്ല യന്ത്രങ്ങൾക്കും ഇങ്ങനെ പരിശീലനം നൽകി കാര്യങ്ങൾ നിർവഹിക്കാനാവുമോ എന്നാണ് ശാസ്ത്രജ്ഞൻമാരുടെ നോട്ടം. ശ്വാസോച്ഛ്വാസത്തിൽ നിന്നും ശരീരഭാഗങ്ങളിലെ വ്രണങ്ങളിൽ നിന്നും ദ്രവങ്ങളിൽ നിന്നുമുണ്ടാകുന്ന ഗന്ധം പരിശോധിച്ചാൽ ഒരു ഡോക്ടർക്ക് രോഗ നിർണയം എളുപ്പമാവും. അതിനുള്ള കുറുക്കുവഴി തേടലാണ് ഇലക്ട്രോണിക് മൂക്കിലൂടെ.

ഇലക്ട്രോണിക് മൂക്കുകൾ കൊണ്ട് മററ് നിരവധി ഉപയോഗങ്ങളുമുണ്ട്. വ്യവസായ ശാലകളിൽ നിന്നും മററും പുറന്തള്ളുന്ന മാലിന്യങ്ങളിൽ പ്രകൃതിക്ക് കോട്ടമുണ്ടാക്കുന്ന ആണവ-രാസ പദാർത്ഥങ്ങളെ തിരിച്ചറിഞ്ഞ് പെട്ടെന്ന് അവ നിർമാർജനം ചെയ്യാനാവശ്യമായ നിർദേശങ്ങൾ നൽകാനായി ഉപയോഗിക്കാം. വായുമലിനീകരണ നിയന്ത്രണത്തിൽ ഇവയ്ക്ക് പ്രത്യേക സ്ഥാനവുമുണ്ട്. കൂടാതെ അമോണിയ, എൽ.പി.ജി. ചോർച്ച എന്നിവ പെട്ടെന്ന് തിരിച്ചറിയാം. ഭക്ഷ്യ ഉത്പന്നങ്ങളുടെ നിർമാണ വേളയിലാണ് ഇതിന്റെ മററൊരു സാദ്ധ്യതയുള്ളത്. യന്ത്രവത്കൃത സാഹചര്യത്തിൽ കേടുവന്ന ഭക്ഷണ പദാർത്ഥങ്ങളെ തിരിച്ചറിയാനും ഉത്പന്നത്തിന്റെ ഗുണമേൻമാ നിയന്ത്രണത്തിനും മാത്രമല്ല മദ്യങ്ങളുടെ തരംതിരിവിനും ഇവയെ ഉപയോഗപ്പെടുത്താനാവുമെന്നാണ് കരുതുന്നത്.

ടെലി മെഡിസിൻ വ്യാപകമാവുന്നതോടെ ഓപ്പറേഷൻ തിയേററിലെ പ്രധാന ഉപകരണമാവുന്ന ഇ-മൂക്ക് മദ്യപിച്ച് വാഹനമോടിക്കുന്നവരെ പിടികൂടുന്നതിലും ബഹുസാമാർത്ഥ്യമാണ് കാണിക്കുന്നത്. മോസസ് II, സൈറനോസ് 320 എന്നിവ ഇലക്ട്രോണിക് മൂക്കുകൾക്ക് ഉദാഹരണങ്ങളാണ്. ചെറിയ സെൽഫോണിന്റെ അത്രയും വലിപ്പം വരും ഇവയ്ക്ക്. സാങ്കേതികവിദ്യയിലെ പുരോഗതി, ഇവയെ നമ്മുടെ യഥാർത്ഥ മൂക്കിനുള്ളിൽ ഒളിപ്പിച്ചേക്കാം.

ചീഞ്ഞ ആപ്പിളിന്റെ ഗന്ധം ഒരു വ്യക്തിയുടെ ശരീരത്തിൽ നിന്നുണ്ടായാൽ ഈ വികൃതിക്കാരൻ മൂക്ക് അയാൾക്ക് ഡയബററിസ് പിടിപെട്ടിട്ടുണ്ടെന്ന് വിധിയെഴുതും. ആപ്പിൾ മണം മാത്രമല്ല ബേരിക്കയുടെയും അസെറേറാണിന്റെയും മണം ഡയബററിസ് പിടിപ്പെട്ടയാൾക്ക് ഉണ്ടാവാൻ സാദ്ധ്യതയുണ്ടെന്നും യന്ത്രം മനസ്സിലാക്കിയിട്ടുണ്ട്. ഇറച്ചിക്കടയിലെ ഗന്ധമാണ് ശരീരത്തിനുള്ളതെങ്കിൽ യെല്ലോ ഫീവറും ചീഞ്ഞ മത്സ്യ ഗന്ധം വൃക്കയുടെ പ്രശ്നവും ആന്തരാവയവങ്ങളുടെ പ്രത്യേകിച്ച് ആമാശയം, കുടൽ എന്നിവയുടെ പ്രവർത്തന വൈകല്യത്തെക്കുറിച്ചുള്ള സൂചന ദുഷിച്ച ഗന്ധവുമാണെന്നാണ് ഇതുവരെയുള്ള യന്ത്രത്തിന്റെ നിഗമനം. പഴകിയ ബിയറിന്റെ മണം ഒരു പക്ഷെ ക്ഷയരോഗ ലക്ഷണമായേക്കാം.

ഗന്ധം അറിയാനായി ഒരു അറയിൽ വിവിധ തരത്തിലുള്ള സെൻസറുകളാണ് യന്ത്രത്തിൽ നിക്ഷേപിച്ചിരിക്കുന്നത്. നമ്മുടെ ശരീരത്തിൽ നിന്നും വമിക്കുന്ന ഗന്ധത്തിന് അനുസൃതമായി ഈ സെൻസറുകളുടെ സ്വഭാവത്തിൽ മാററം വരികയും കംപ്യൂട്ടർ മോണിററിൽ ഗന്ധം മനസ്സിലാക്കാനുള്ള കളർകോഡ് തെളിയുകയും ചെയ്യും. ആശുപത്രികളിലും ലബോറട്ടറികളിലും വയ്ക്കാവുന്ന ഡെസ്ക് ടോപ്പ് യന്ത്രത്തിന് പുറമെ വീടുകളിലും മററും ഉപയോഗിക്കാൻ പാകത്തിൽ കൊണ്ടുനടക്കാൻ പററുന്ന വിധത്തിലുള്ള യന്ത്രവും അതിന്റെ നിർമാണ ഘട്ടത്തിലാണ്. ഈ യന്ത്രങ്ങൾ അടുത്ത് തന്നെ വിപണിയിലെത്തും.

ഒറിജിനൽ മൂക്കിന്റെ സ്ഥാനത്ത് ഇലക്ട്രോണിക് മൂക്ക് ഇതുവരെ സ്ഥാപിക്കാനായില്ലെങ്കിലും നാസികാ പ്രശ്നമുള്ളവർക്ക് സമീപഭാവിയിൽ തന്നെ ഇലക്ട്രോണിക് മൂക്കുകൾ വച്ചുപിടിപ്പിക്കാവുന്ന അവസ്ഥ വരും. അങ്ങനെയെങ്കിൽ തുമ്മിയാൽ തെറിക്കുന്ന മൂക്കാണേൽ പോട്ടെ എന്ന ചൊല്ലും ഉപേക്ഷിക്കേണ്ടി വരുന്നതോടൊപ്പം മൂക്കില്ലാ രാജ്യത്ത് മുറി മൂക്കൻ രാജാവ് യാഥാർത്ഥ്യമാവുകയും ചെയ്യും. മൂക്കുള്ള രാജ്യത്ത് മുറി മൂക്കൻ വമ്പൻ ആണെന്ന ചെറിയ വ്യത്യാസത്തോടെ. തുമ്മിയാൽ തെറിച്ചു പോകുന്ന മൂക്ക് ആവശ്യാനുസരണം എടുത്തുപയോഗിക്കേണ്ട അവസ്ഥ ഒന്നാലോചിച്ചു നോക്കൂ! അങ്ങനെയും ഒരു കാലമുണ്ടാകും. ഇതുവരെ ചിലർ മൂക്കുപിടിച്ചിരുന്നത് വളഞ്ഞിട്ടാണെങ്കിലും ജലദോഷം ബാധിക്കാത്ത തരത്തിലുള്ള ഇലക്ട്രോണിക് മൂക്കുകൾ സൃഷ്ടിക്കുന്ന നൻമതിൻമകൾ എന്താണെന്നറിയുമ്പോൾ ആരും മൂക്കത്ത് വിരൽ വയ്ക്കാതിരിക്കില്ല. ■

**ഒറിജിനൽ മൂക്കിന്റെ സ്ഥാനത്ത് ഇലക്ട്രോണിക് മൂക്ക് ഇതുവരെ സ്ഥാപിക്കാനായില്ലെങ്കിലും നാസികാ പ്രശ്നമുള്ളവർക്ക് സമീപഭാവിയിൽ തന്നെ ഇലക്ട്രോണിക് മൂക്കുകൾ വച്ചുപിടിപ്പിക്കാവുന്ന അവസ്ഥ വരും.**

# ഡോക്യുമെന്ററി എന്ന കല

കെ. സുരേഷ്

**സിനിമ യാഥാർത്ഥ്യത്തിന്റെ കല എന്ന വിശ്വാസത്തിലധിഷ്ഠിതമായാണ് ഡോക്യുമെന്ററി പ്രസ്ഥാനം വളർന്നു വന്നത്. ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് പിന്നിലെ ആദ്യത്തെ ചലച്ചിത്രകാരൻ റോബർട്ട് ഫ്ളാഹർത്തിയായിരുന്നു.**

‘ഇരുപതാം നൂറ്റാണ്ടിന്റെ കല’ എന്ന് വിശേഷിപ്പിക്കപ്പെട്ട സിനിമ എന്ന മാധ്യമം ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിലെത്തുമ്പോൾ മാധ്യമപരമായും പ്രമേയപരമായും നിരവധി സങ്കീർണതകളെ അഭിമുഖീകരിക്കുന്നുണ്ട്. ദൃശ്യമാധ്യമങ്ങളുടെ രൂപത്തിലും വിന്യാസത്തിലും ആഗോളതലത്തിൽ സംഭവിച്ച വിപ്ലവകരമായ പരിവർത്തനങ്ങൾ ചലച്ചിത്രത്തിന് ഒരേസമയം ഒരു സാധ്യതയും വെല്ലുവിളിയുമാണിന്ന്.

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വ്യാപനം, ഉപഗ്രഹവിനിമയ വിപ്ലവം, കേബിൾ-ടെലിവിഷൻ ശൃംഖലകൾ, ഇന്റർനെറ്റ് തുടങ്ങിയ വിവരസാങ്കേതികരംഗത്തെ അവിശ്വസനീയമായ മാറ്റങ്ങൾ ദൃശ്യമാധ്യമരംഗത്തെ വമ്പിച്ച ജനാധിപത്യവത്കരണത്തിന് വിധേയമാക്കി. 1960-കളിൽ നാജൂൺ പൈക്ക് പോർട്ടബിൾ വീഡിയോ ക്യാമറ ഉപയോഗിച്ച് ദൃശ്യങ്ങൾ പകർത്തിയപ്പോൾ ഒരു പുതിയ യുഗത്തിനാണ് ലോകം സാക്ഷ്യം വഹിച്ചത്. ഇരുപത് വർഷത്തിനുള്ളിൽ കേരളത്തിൽപ്പോലും ഇവ ഉപയോഗിക്കപ്പെട്ടു.

ഒരു സാധാരണമനുഷ്യനുപോലും ഡിജിറ്റൽ ക്യാമറ ഉപയോഗിച്ചുകൊണ്ട് കാലത്തോടും സംഭവത്തോടും ചരിത്രത്തോടും സർഗാത്മകമായി സംവദിക്കാൻ കഴിയാമെന്ന അവസ്ഥ വന്നതോടെ ചലച്ചിത്രത്തിന്റെ ഏകാധിപത്യപരമായ നിലനില്പ് അസ്ഥാനത്തായി. ദൃശ്യമാധ്യമങ്ങളുടേതായ ഒരു പുതിയ ഭാഷ രൂപപ്പെടുകയും ചെയ്തു.

1895-ൽ ലൂമിയർ സഹോദരന്മാരാണ് ചലിക്കുന്ന ചിത്രങ്ങളുടെ കല എന്ന സങ്കല്പത്തെ യാഥാർത്ഥ്യമാക്കിയത്. ലൂമിയർമാരുടെ ‘ട്രെയിൻ എന്ററിംഗ് ടു ദ സ്റ്റേഷൻ’, ‘വർക്കേഴ്സ് കമിംഗ് ഫ്രം ദ ഫാക്ടറി’ തുടങ്ങിയ ചിത്രങ്ങൾ യാഥാർത്ഥ്യത്തിന്റെ ശരിയായ പകർപ്പുകളായിരുന്നു. പക്ഷേ, ലൂമിയർമാരെത്തുടർന്നുവന്ന ജോർജ് മില്ലീസ് അക്കാലത്ത് തന്നെ ചലച്ചിത്രത്തിന്റെ ‘കഥാത്മക’മായ സാധ്യതകൾ തിരിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ ‘ചന്ദ്രനിലേക്കുള്ള യാത്ര’, ‘അസാധ്യമായ യാത്ര’ എന്നീ ചിത്രങ്ങളിൽ ഭാവനയുടെയും അതിയാഥാർഥ്യത്തിന്റെയും ഘടകങ്ങൾ ഉൾച്ചേർന്നുനിന്നു.

മുഖ്യധാരാ സിനിമയിൽ നിന്നും വ്യത്യസ്തമായ `ഡോക്യുമെന്ററി സിനിമ’ എന്ന സങ്കല്പം അന്നുതന്നെ പ്രകടമായിരുന്നു. ഐൻസ്റ്റീൻ, പുഡോവ്കിൻ, ഗ്രിഫിത്ത് തുടങ്ങിയ ആദ്യകാല ചലച്ചിത്ര പ്രതിഭകളുടെ സിനിമകൾ ഡോക്യുമെന്റേഷന്റെ അംശങ്ങൾ ഉപയോഗിച്ചിരുന്നെങ്കിലും അതിൽ ഊന്നി നിന്നില്ല. ഐൻസ്റ്റീനിന്റെ ‘ബാറ്റിൽഷിപ് ഓഫ് പൊട്ടംകിൻ’, ഗ്രിഫിത്തിന്റെ ‘ബർത്ത് ഓഫ് എ നേഷൻ’ തുടങ്ങിയവ ഇതിനുദാഹരണമാണ്.

‘സിനിമ യാഥാർത്ഥ്യത്തിന്റെ കല’ ആയിരിക്കണമെന്ന് ഉറച്ചു വിശ്വസിച്ചുകൊണ്ട് ഡോക്യുമെന്ററിയെ ഒരു പ്രസ്ഥാനമാക്കി വളർത്തിയ ആദ്യത്തെ ചലച്ചിത്രകാരൻ റോബർട്ട് ഫ്ളാഹർത്തിയായിരുന്നു. അന്ന് ബി.ബി.സിയിൽ ഉദ്യോഗസ്ഥനായിരുന്ന ഗ്രയേഴ്സൺ ആയിരുന്നു ഫ്ളാഹർത്തിയുടെ ‘മോന’എന്ന ചിത്രത്തെ വിശദീകരിക്കുന്നതിനായി ആദ്യമായി ഡോക്യുമെന്ററി എന്ന പദം ഉപയോഗിച്ചത്. 1926-ലായിരുന്നു ഇത്. ഡോക്യുമെന്ററിക്ക് സൈദ്ധാന്തികമായ അടിത്തറ നൽകിയത് ഗ്രയേഴ്സണായിരുന്നു. എസ്കിമോകളുടെ ജീവിതേതിഹാസത്തിന്റെ കഥപറഞ്ഞ ‘നാനൂക്ക് ഓഫ് ദി നോർത്ത്’, ‘മോന’, ‘ആരാനിലെ മനുഷ്യൻ’ തുടങ്ങിയവയാണ് ഫ്ളാഹർത്തിയുടെ ഡൊക്യുമെന്ററികൾ. ‘എലഫന്റ് ബോയി’ എന്ന ചിത്രമെടുക്കുന്നതിനായി അദ്ദേഹം ഇന്ത്യയിൽ വന്നിരുന്നെങ്കിലും അത് പൂർത്തീകരിച്ചില്ല.

റഷ്യൻ സംവിധായകനായ ഡിസിക്ക വെർതോവിന്റെ ‘മാൻ വിത്ത് എ മൂവി ക്യാമറ’ (1929) ഡോക്യുമെന്ററി ചിത്രത്തിലെ നാഴികക്കല്ലാണ്. സാമൂഹിക-വ്യാവസായിക രംഗത്ത് വമ്പിച്ച പരിവർത്തനത്തിന് വിധേയമാകുന്ന റഷ്യൻ മനസ്സിന്റെ യാഥാർത്ഥ്യമായിരുന്നു ഈ ചിത്രം.

പിന്നീട്, കൃത്യമായ നിർവചനങ്ങൾക്ക് വഴങ്ങാത്ത നിരവധി സങ്കല്പങ്ങളും പ്രസ്ഥാനങ്ങളും ഡൊക്യുമെന്ററി സിനിമയ്ക്കകത്ത് രൂപപ്പെടുകയുണ്ടായി. മുഖ്യധാരാ സിനിമയുടെ ശ്രവണ ദർശനങ്ങളോ



`നാനൂക് ഓഫ് ദി നോർത്ത്

ടുള്ള കടുത്ത പ്രതിഷേധം രേഖപ്പെടുത്തുന്നവയായിരുന്നു ഇവ. ഭരണകൂടത്തിന്റെ കഠിനമായ നിയന്ത്രണങ്ങളെ അതിജീവിച്ചുകൊണ്ട് സിനിമയെ ഒരു രാഷ്ട്രീയ ഉപാധിയാക്കി മാറ്റിയ ലാറ്റിനമേരിക്കൻ ചലച്ചിത്രകാരന്മാർ ഇതിൽ പ്രധാനമാണ്.

ഒളിവിലും മറവിലും വച്ച് സിനിമ നിർമിക്കേണ്ടിവരുന്ന രാജ്യങ്ങളിൽ അധോലോക സിനിമ (Under ground Cinema) പ്രതിസിനിമ (Counter Cinema) തുടങ്ങിയ ചലച്ചിത്ര പ്രസ്ഥാനങ്ങൾ ചെറുത്തുനിൽപ്പിന്റെ ആയുധമായിരുന്നു. കമ്പോളതാത്പര്യത്തിനനുസൃതമായി കഥകൾ മെനഞ്ഞെടുക്കുന്ന വാണിജ്യസിനിമകൾക്കെതിരായ അപൂർണ

സിനിമ (Imperfect Film) എന്ന സങ്കല്പവും ഇതിന്റെ തുടർച്ചയാണ്. ഫെർണാണ്ടോ സോളനാസിന്റെ 'ഹവർ ഓഫ് ഫർണസ്' എന്ന ചിത്രം ഇതിന്റെ ഉജ്ജ്വല മാതൃകയായിരുന്നു.



ഹവർ ഓഫ് ഫർണസ്

## ഡോക്യുമെന്ററിയുടെ വർത്തമാനം

ഡിജിറ്റൽ ക്യാമറകളുടെ സർഗാത്മകമായ ഇടപെടൽ ഒരു യാഥാർത്ഥ്യമായതോടെ മലയാളത്തിൽപ്പോലും നിരവധി ഡിജിറ്റൽ-വീഡിയോ ചിത്രങ്ങൾ നിർമിക്കപ്പെടാൻ തുടങ്ങി. ഇന്ന് ഒരു പ്രസ്ഥാനമായി വളരാൻ അതിന് കഴിയുന്നു. മൊബൈൽ ഫോണിൽ ഒരു മിനിറ്റ് കൊണ്ട് ചിത്രീകരിക്കുന്ന ചിത്രം മുതൽ നാലുമണിക്കൂർ ദൈർഘ്യമുള്ള രാകേഷ് ശർമയുടെ 'ഫൈനൽ സൊലൂഷൻ' വരെയുള്ള ചിത്രങ്ങൾ ഇതാണ് തെളിയിക്കുന്നത്.





ഫൈനൽ സൊല്യൂഷൻ

1970 കളിൽ ആനന്ദ്പട്വർദ്ധൻ, തപൻ ബോസ് തുടങ്ങിയവർ ഇന്ത്യൻ ഭാഷകളിൽ ഡോക്യുമെന്ററി സിനിമ നിർമിച്ചു. ഗവണ്മെന്റിനുവേണ്ടിയുള്ള പരസ്യചിത്രങ്ങളുടെ രൂപത്തിൽ സ്വാതന്ത്ര്യാനന്തരകാലം തൊട്ടേ ഡോക്യുമെന്ററി സിനിമകൾ സജീവമായിരുന്നുവെങ്കിലും 80കളിൽ മലയാളത്തിലും സർഗാത്മകമായ ഒരു ഇടപെടലിന്റെ മാധ്യമമായി ഡോക്യുമെന്ററികൾ മാറി.

'ഇൻ ദ നെയിം ഓഫ് മെഡിസിൻ', 'സയൻസ് ത്രൂ ദി ആർട്ട്' തുടങ്ങിയ സിനിമകളോടെ കെ.പി. ശശി ഈ രംഗത്ത് ശ്രദ്ധേയമായി. മുഖ്യധാരാ ചലച്ചിത്രകാരന്മാർ ഒരു ഒഴിവുസമയപ്രവർത്തനം എന്ന നിലയ്ക്ക് വ്യക്തികളെക്കുറിച്ചുള്ള നിരവധി ഡോക്യുമെന്ററികൾ മുമ്പുതന്നെ നിർമിച്ചിരുന്നു.

ഇന്ന് നിരവധിയാളുകൾ ഈ രംഗത്ത് സജീവമായി ഇടപെടുന്നുണ്ട്. 'ബഷീർ ദ മാൻ' എന്ന സിനിമയ്ക്ക് ദേശീയ പുരസ്കാരങ്ങൾ നേടിയ എം.എ. റഹ്മാൻ, 'പതിനെട്ടാമത്തെ ആന': മൂന്ന് ആത്മഗതങ്ങൾ എന്ന സിനിമയക്ക് അന്താരാഷ്ട്ര പുരസ്കാരങ്ങൾ നേടിയ പി. ബാലൻ, ശരത്ചന്ദ്രൻ/ബാബുരാജ്, ബൈജു ചന്ദ്രൻ, എം.ജി. ശശി, മണിലാൽ തുടങ്ങിയവരുടെ സാന്നിധ്യം ഈ രംഗത്ത് ഏറെ ശ്രദ്ധേയമാണ്. നിരവധി വനിതാ വീഡിയോ ആക്ടിവിസ്റ്റുകളും ഈ രംഗത്തുണ്ട്.

നിരവധി കാരണങ്ങൾ മുഖ്യധാരയിൽ നിന്നും പുറന്തള്ളപ്പെട്ട മനുഷ്യരും പ്രകൃതിയും അടിച്ചമർത്തപ്പെട്ട വേദനകളനുഭവിക്കുന്ന വ്യത്യസ്തമായ തൊഴിലിടങ്ങളിലെ പ്രശ്നങ്ങളുമെല്ലാം ഇന്ന് ഡോക്യുമെന്ററി സിനിമയുടെ പ്രധാന പ്രമേയങ്ങളാണ്.

മുഖ്യധാരാ സിനിമയിൽ നിന്നും വേറിട്ടു നിൽക്കുന്ന ഒരു ദൃശ്യസംസ്കാരം കേരളത്തിൽ സജീവമാകുന്നതിന്റെ മികച്ച ഉദാഹരണങ്ങളാണ് ഇന്ന് മലയാളത്തിൽ നിർമിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഡോക്യുമെന്ററികൾ. ■

# റബ്ബർ ഉപഭോഗം വർധിക്കുന്നു




ആഭ്യന്തര, ആഗോള രംഗങ്ങളിൽ റബ്ബർ ഉത്പാദനം വർധിക്കുന്നതിനെക്കാൾ കൂടിയ നിരക്കിൽ റബ്ബർ ഉപഭോഗം വർധിച്ചു. റബ്ബർവില ഉയരുന്ന പ്രവണത തുടരാനാണ് സാധ്യതയെന്ന് റബ്ബർബോർഡ് ചെയർമാൻ സാജൻപീറ്റർ അറിയിച്ചു. 2005-06ലെ ആഭ്യന്തര റബ്ബർ ഉത്പാദനം കഴിഞ്ഞവർഷത്തെക്കാൾ നാലു ശതമാനം വളർച്ചയോടെ 7.80 ലക്ഷം ടണ്ണായി ഉയരും. ഉപഭോഗരംഗത്ത് 5.8 ശതമാനം വളർച്ചയുണ്ടായി. മൊത്തം ഉപഭോഗം 7.99 ലക്ഷം ടണ്ണായി ഉയരും. ഇന്ത്യയിൽ നിന്നുള്ള ടയർ കയറ്റുമതി മെച്ചപ്പെടുന്നു എന്നു മാത്രമല്ല, ഉയർന്ന സാമ്പത്തികവളർച്ചമൂലം ആഭ്യന്തരടയർ ഉപഭോഗവും വർധിക്കുന്നുണ്ട്.

ആഗോളരംഗത്തും ഉത്പാദനത്തെക്കാൾ വളരെ കൂടിയ നിരക്കിലായിരിക്കും റബ്ബറിന്റെ ആവശ്യം വർധിക്കുന്നതെന്ന് ചെയർമാൻ അറിയിച്ചു. പ്രധാന റബ്ബർ ഉത്പാദക രാജ്യങ്ങളായ മലേഷ്യ, തായ്‌ലണ്ട്, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലെല്ലാം റബ്ബർ ഉത്പാദനം വർധിക്കാൻ അത്ര അനുകൂലമായ ഘടകങ്ങളല്ല ഉള്ളത്. എന്നാൽ കൃത്രിമ റബ്ബറിന്റേതിനേക്കാൾ കൂടിയ നിരക്കിലാണ് സ്വാഭാവിക റബ്ബറിന്റെ ആവശ്യം വർധിച്ചുകൊണ്ടിരിക്കുന്നത്. പഠനങ്ങളനുസരിച്ച് 2020 വരെ ആഗോളരംഗത്ത് സ്വാഭാവിക റബ്ബർ തികയാത്ത അവസ്ഥയാണ് കാണുന്നതെന്ന് അന്താരാഷ്ട്ര റബ്ബർ പഠനകേന്ദ്രം വിലയിരുത്തുന്നു.

ഈ വർഷം 40,000 ടണ്ണിന്റെ കയറ്റുമതി പ്രതീക്ഷിച്ചയിടത്ത്, ഡിസംബർ 24-വരെയുള്ള കാലയളവിൽ കയറ്റുമതി 47,500 ടൺ കവിഞ്ഞു.

ഈ വർഷം, ഇതിനകം, 5900 ടാപ്പിംഗ് തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കുമായി 105 ലക്ഷം രൂപ വിവിധ പദ്ധതികളിലായി ധനസഹായം നൽകാൻ സാധിച്ചുവെന്ന് ചെയർമാൻ അറിയിച്ചു.

# എഡ്യൂസാറ്റ് നെറ്റ്‌വർക്കിന് തുടക്കമായി




ഇന്ത്യയിലെയും അമേരിക്കയിലെയും യൂണിവേഴ്സിറ്റികളെ ബന്ധിപ്പിച്ചുകൊണ്ട് ഉന്നത പഠന സൗകര്യവും ഗവേഷണമികവും ഒരുക്കുന്ന പദ്ധതിക്ക് തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽകലാം ഡൽഹിയിൽ നിർവഹിച്ചു.

രാഷ്ട്രപതിഭവൻ, കോയമ്പത്തൂർ, അമൃതവിശ്വവിദ്യാപീഠം, കൊല്ലം അമൃതപുരി കാമ്പസ്, കൊച്ചി എ.ഐ.എം.എസ്, ഐ.ഐ.ടി. ചെന്നൈ തുടങ്ങിയ കേന്ദ്രങ്ങൾ തമ്മിൽ ബന്ധിപ്പിച്ചായിരുന്നു പദ്ധതിയുടെ ഉദ്ഘാടനം നടത്തിയത്.

# ഡ്രീംസിറ്റി
## യാഥാർത്ഥ്യമാവുന്നു

കോഴിക്കോട് നഗരത്തിൽ ഇക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്ന ഡ്രീംസിറ്റി പദ്ധതി പ്രധാനമന്ത്രി ഫെബ്രുവരിയിൽ തറക്കല്ലിടും. 35 കോടി രൂപയുടെ പദ്ധതിയാണിത്.

262 ഏക്കറിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിൽ 80 ഏക്കർ വാട്ടർ അതോറിറ്റിയുടെയും 18 ഏക്കർ റവന്യൂ വകുപ്പിന്റെയും ഭൂമിയാണ്. ബാക്കി സ്ഥലം സ്വകാര്യവ്യക്തികളിൽ നിന്നും വാങ്ങിക്കും. 15 കോടി രൂപ ഭൂമി ഏറ്റെടുക്കാൻ വിനിയോഗിക്കും.

വെള്ളക്കെട്ടായി കിടക്കുന്ന ഈ പ്രദേശം ഇക്കോ ടൂറിസത്തിന് അനുയോജ്യമാക്കി മാറ്റിയെടുക്കും. ബേർഡ് പാർക്ക്, അണ്ടർ വാട്ടർ അക്വേറിയം, ഫ്ളോട്ടിംഗ് യൂണിറ്റുകൾ, നടപ്പാതകൾ തുടങ്ങിയ സൗകര്യങ്ങൾ ഇവിടെ ഒരുക്കും.


ഇവ കൂടാതെ റസ്റ്റോറന്റ്, കൺവെൻഷൻ സെന്റർ, കോൺഫറൻസ് ഹാൾ, എക്സ്ബിഷൻ സെന്റർ, ഓഡിറ്റോറിയം, കോട്ടേജ് തുടങ്ങിയ സൗകര്യങ്ങളും ഒരുക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ ഏജൻസിയായ ടൂറിസ്റ്റ് റിസോർട്ട് കേരളയാണ് പദ്ധതി നടപ്പാക്കുന്നത്.

# വിഴിഞ്ഞം
## 370 കോടി കേന്ദ്രസഹായം

വിഴിഞ്ഞം ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനലിന്റെ ആദ്യഘട്ടത്തിനു 370 കോടി രൂപയുടെ കേന്ദ്രസഹായം ലഭിച്ചേയ്ക്കുമെന്ന് മന്ത്രി എം.വി. രാഘവൻ അറിയിച്ചു. വയബിലിറ്റി ഗ്യാപ് ഫണ്ടിങ് ഇനത്തിലാണിത്. ആദ്യഘട്ടത്തിന്റെ ചെലവ് 850 കോടിയാണ്.

മൂന്നുഘട്ടമായി നിർമിക്കുന്ന ടെർമിനലിന് ആകെ ചെലവ് 4,360 കോടിയാണ്. ചൈനയിലെ കെയ്ഡി ഇലക്ട്രിക് പവർ കമ്പനി, ചൈന സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള ചൈന ഹാർബർ എഞ്ചിനീയറിംഗ് കമ്പനി, മുംബൈയിലെ സൂം ഡവലപ്പേഴ്സ് എന്നിവ ചേർന്ന കൺസോർഷ്യമാണ് പദ്ധതി നടപ്പാക്കുക. 30 വർഷത്തേയ്ക്ക് തുറമുഖ നടത്തിപ്പ് അവർക്കായിരിക്കും. പിന്നീട് സർക്കാരിന് കൈമാറും.

കൺസോർഷ്യത്തിനു സമാശ്വാസത്തുകയായി നൽകേണ്ടത് 98.7 കോടിയാണ്. ഇതു പലിശരഹിത വായ്പയാണ്. 11 വർഷത്തിനുശേഷം തുല്യ വാർഷിക ഗഡുക്കളായി തിരിച്ചു നൽകണം. തുറമുഖത്തിന്റെ പ്രവർത്തനത്തിന്റെ ആദ്യ മൂന്നു വർഷങ്ങളിൽ 19.75 കോടി രൂപ സർക്കാർ സഹായം നൽകും.



# സംസ്ഥാനത്ത് 20 എൽ.പി.ജി പമ്പുകൾ കൂടി



സംസ്ഥാനത്ത് 20 സ്ഥലങ്ങളിൽ കൂടി എൽ.പി.ജി. പമ്പുകൾ (ഓട്ടോ എൽ.പി.ജി ഔട്ട്ലെറ്റ്) താമസിയാതെ പ്രവർത്തനം തുടങ്ങും. ഇന്ധനലാഭം ലക്ഷ്യമാക്കി ഭാരത് സ്റ്റേജ്-2 മാനദണ്ഡങ്ങൾ കേരളത്തിലും നടപ്പാക്കും. ഐ.ഒ.സി. ഡപ്യൂട്ടി ജനറൽ മാനേജർ ബി. അശോക് അറിയിച്ചതാണിത്. `ഇന്ധനത്തിന്റെ കാര്യക്ഷമമായ വിനിയോഗം' എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന് സ്കൂളുകളിലും കോളേജുകളിലും ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കും.




# ഹൈക്കോടതി ചീഫ്ജസ്റ്റിസ്

കേരള ഹൈക്കോടതി ചീഫ്ജസ്റ്റീസായി ജസ്റ്റീസ് വിനോദ്കുമാർ ബാലി സത്യപ്രതിജ്ഞ ചെയ്തു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആർ.എൽ.ഭാട്യ സത്യവാചകം ചൊല്ലിക്കൊടുത്തു. ഡപ്യൂട്ടി സ്പീക്കർ എൻ. സുന്ദരൻനാടാർ, മന്ത്രി കെ.എം. മാണി, ചീഫ് സെക്രട്ടറി ഡോ. എം. വിജയനുണ്ണി, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

രാജസ്ഥാൻ ഹൈക്കോടതി ജഡ്ജിയായ വിനോദ്കുമാർ ബാലി 1945 ജനുവരി 24ന് ജനിച്ചു. പഞ്ചാബ് സർവകലാശാലയിൽ നിന്ന് 1967-ൽ നിയമ ബിരുദം, കർണാലിലെ ജില്ലാ കോടതികളിലും തുടർന്ന് പഞ്ചാബ് ആന്റ് ഹരിയാന ഹൈക്കോടതിയിലും പ്രാക്ടീസ് ചെയ്തു. എല്ലാ നിയമ വിഷയങ്ങളും പ്രാക്ടീസ് ചെയ്തിട്ടുണ്ട്. ഭരണഘടന, സർവീസ്, ലേബർ, വ്യാവസായികത്തർക്കം, ക്രിമിനൽ നിയമം എന്നിവയിൽ പ്രത്യേക വൈദഗ്ധ്യം. 1987-ൽ സീനിയർ അഡ്വക്കേറ്റായി. 1991-ൽ പഞ്ചാബ് ആന്റ് ഹരിയാന ഹൈക്കോടതി ബഞ്ചിൽ. ഹരിയാന നിയമസഹായ അതോറിറ്റി ചെയർമാനായി എട്ടു വർഷമുണ്ടായിരുന്നു. 2005-ൽ രാജസ്ഥാൻ ഹൈക്കോടതിയിൽ. 2005 സെപ്തംബർ ആറ് മുതൽ രാജസ്ഥാൻ സംസ്ഥാന നിയമസഹായ അതോറിറ്റി എക്സിക്യൂട്ടീവ് ചെയർമാനായി നിയമിതനായി.




# പാതവൈദ്യുതീകരണം പുരോഗമിക്കുന്നു

തിരുവനന്തപുരം എറണാകുളം റയിൽപ്പാതയുടെ വൈദ്യുതീകരണം മാർച്ച് അവസാനത്തോടെ കമ്മിഷൻ ചെയ്യാനാവും. ഡിസംബറിൽ പൂർത്തിയാക്കാനാണ് നേരത്തേ തീരുമാനിച്ചിരുന്നത്. സബ്സ്റ്റേഷനുകളുടെ പണി പുരോഗമിക്കുകയാണ്.

ചിങ്ങവനത്തും കഴക്കൂട്ടത്തും 110 കെ.വി. വൈദ്യുതി സബ്സ്റ്റേഷനുകളുടെ പണി തുടരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടമായി എറണാകുളം മുതൽ കായംകുളം വരെ ആലപ്പുഴ വഴിയുള്ള പാതയിൽ ഇതിനകം വൈദ്യുതീകരണം പൂർത്തിയായി. ഇവിടെ പരീക്ഷണാർത്ഥം ഇലക്ട്രിക് ട്രെയിൻ ഓടിത്തുടങ്ങി. കോട്ടയം വഴിയുള്ള പാതയിലെ വൈദ്യുതീകരണമാണ് പൂർത്തിയാകേണ്ടത്.

# പാഴ്ച്ചെടിയിൽ നിന്ന് വൈദ്യുതി



ശ്വാസകോശരോഗത്തിനും അലർജിക്കും മാരക രോഗങ്ങൾക്കും കാരണമാകുന്ന പാർത്തിനിയം എന്ന ക്ഷുദ്രച്ചെടിയിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാമെന്ന് കണ്ടെത്തൽ. കോയമ്പത്തൂർ നഗരത്തിലെ കൗണ്ടംപാളയത്തെ വൃന്ദാവൻ വിദ്യാലയത്തിലെ വിദ്യാർത്ഥികളാണ് ഇത് കണ്ടെത്തിയത്.

സമൂലം പിഴുതെടുത്ത പാർത്തിനിയം അരച്ച് ദ്രവരൂപത്തിലാക്കി, ദ്രാവകത്തിൽ നാകദണ്ഡും ചെമ്പ്ദണ്ഡും ഇറക്കിവച്ചാൽ, ദണ്ഡുകളെ ബന്ധിപ്പിക്കുന്ന കമ്പിയിലൂടെ വൈദ്യുതി പ്രവഹിക്കും. പാർത്തിനിയം ഇലകളിൽ ക്ലോറൈഡിന്റെ അംശമുണ്ടെന്ന കണ്ടെത്തലാണ് എസ്.രാജവരതൻ, കെ. ദേവരാജൻ എന്നീ വിദ്യാർത്ഥികളെ ഗവേഷണത്തിന് പ്രേരിപ്പിച്ചത്.



# ബലിത

ആയ് രാജാക്കന്മാരുടെ കാലത്തുള്ളതെന്ന് കരുതപ്പെടുന്ന കോട്ടയുടെ അവശിഷ്ടങ്ങൾ കണ്ടു കിട്ടി. 8,9 നൂറ്റാണ്ടിലേതെന്നാണ് കരുതപ്പെടുന്നത്. വിഴിഞ്ഞം ഹാർബർ റോഡിൽ മതിപ്പുറത്ത് ചെറുമണൽ തീരത്തെ കുന്നിൻചെരിവിലാണ് ഇത് കണ്ടെത്തിയത്. വിഴിഞ്ഞം തലസ്ഥാനമാക്കിയതോടെ വാണിജ്യ തുറമുഖത്തിന്റെ സുരക്ഷയ്ക്കായിട്ടാണത്രെ ഈ കോട്ട പണിതത്. തുറമുഖത്തിന്റെ ആദ്യകാല പേര് ബലിത എന്നായിരുന്നു എന്നും മരുന്നുകോട്ട, ആയുധപ്പുര എന്നീ പേരുകളിൽ ഈ കോട്ട അറിയപ്പെട്ടിരുന്നു എന്നും ചരിത്രം പറയുന്നു. കേരള സർവകലാശാല പുരാവസ്തു വകുപ്പാണ് ഈ അന്വേഷണത്തിന് പിന്നിൽ.

# ഒട്ടകപ്പാൽ

ഒട്ടകപ്പാലിനെപ്പറ്റി കേട്ടിട്ടുണ്ടാകാം. എന്നാൽ ആ പാലുപയോഗിച്ചൊരു കാപ്പി അത് സങ്കല്പിക്കാൻ കഴിയുമോ? ഒട്ടകപ്പാലുപയോഗിച്ചൊരു കാപ്പി കുടിക്കാൻ ഒന്ന് രാജസ്ഥാനിലേക്ക് ചെല്ലുകയേ വേണ്ടൂ. ഇങ്ങനെയൊരു നവീന ആശയം തുടങ്ങിയത് ആരാണെന്നോ? ബീക്കാനീറിലെ ദേശീയ ഒട്ടക ഗവേഷണ കേന്ദ്രം. വൈകുന്നേരം മൂന്നുമുതൽ അഞ്ചുവരെയാണ് കാപ്പിക്കടകളിൽ ഒട്ടകപ്പാൽ കാപ്പി കിട്ടുക. കപ്പൊന്നിന് അഞ്ചു രൂപ. ഒട്ടകപ്പാൽ രോഗപ്രതിരോധ ശേഷി വർധിപ്പിക്കുമെന്നാണ് ഗവേഷണകേന്ദ്രത്തിലെ ഗവേഷകനായ രാഘവേന്ദ്രസിംഗ് പറയുന്നത്.




## ഹോമിബാബ അവാർഡ്

ആജീവനാന്തകാലത്തെ സേവനനേട്ടം പരിഗണിച്ച് നല്കുന്ന ഹോമി ബാബ അവാർഡ് വി.കെ. ശർമയ്ക്ക് ലഭിച്ചു. ഇന്ത്യയിൽ ആദ്യമായി പ്രവർത്തിച്ചു തുടങ്ങിയ 540 മെഗാവാട്ട് ശക്തിയുള്ള ജലാധിഷ്ഠിത ഊർജ നിലയത്തിന്റെ (താരാപൂർ) പ്രധാന ശില്പി എന്ന നിലയ്ക്കാണ് അവാർഡ്. 700 മെഗാവാട്ട് ശക്തിയുള്ള മറ്റൊരു വാട്ടർ റിയാക്ടർ രൂപപ്പെടുത്തുന്നതിലും ഇദ്ദേഹം ഉൾപ്പെട്ടിട്ടുണ്ട്.



## ജസ്റ്റിസ് ആർ.എസ്. പഥക് കമ്മീഷൻ



മുൻ വിദേശകാര്യ മന്ത്രി നട്വർസിംഗിനെ തിരെയുള്ള വോൾക്കർ റിപ്പോർട്ടിന്മേൽ നിയമിച്ച അന്വേഷണക്കമ്മീഷനാണ് ജസ്റ്റിസ് ആർ. എസ്. പഥക് കമ്മീഷൻ. കമ്മീഷൻ മേധാവിയായ ആർ.എസ്. പഥക് ഇന്ത്യയിലെ മുൻ ചീഫ് ജസ്റ്റിസും അന്താരാഷ്ട്ര നീതിന്യായ കോടതിയിലെ മുൻ ജഡ്ജിയുമായിരുന്നു.

## സ്ത്രീകളുടെ പരിരക്ഷയ്ക്കെത്തിയ നിയമങ്ങൾ

ഇന്ത്യയിൽ സ്ത്രീയുടെ പദവി ഇന്ന് ഉയർന്നു വരുകയാണ്. അദൃശ്യമായ നിയമഹസ്തങ്ങളാൽ സംരക്ഷിതയാണ് അവളിന്ന്. **തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകളുടെ പരിരക്ഷയ്ക്കെത്തിയ നിയമങ്ങളുടെ നാൾവഴികളിലൂടെ...**

തൊഴിലിടങ്ങളിൽ സ്ത്രീസംരക്ഷണാർത്ഥം ഇദംപ്രഥമമായി സ്വതന്ത്രഭാരതത്തിൽ പാസ്സാക്കിയ നിയമം **1948-ലെ ഫാക്ടറീസ് ആക്ട്** ആണ്. ഈ നിയമപ്രകാരം മുപ്പതോ അതിൽ കൂടുതലോ സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ തൊഴിലുടമ കുഞ്ഞുങ്ങൾക്കായി ക്രഷ് സൗകര്യം ഏർപ്പെടുത്തുന്നത് നിർബന്ധമാക്കി.

**1948-ൽ പാസ്സാക്കിയ മിനിമം വേജസ് ആക്ട്** സ്ത്രീശാക്തീകരണവഴിയിലെ സുപ്രധാന വഴിത്തിരിവായി. തുടർന്നങ്ങോട്ടു പാസ്സാക്കിയ സ്ത്രീകൾക്കനുകൂലമായ പല നിയമങ്ങൾക്കും ഈ നിയമം ഒരു തുടക്കമാവുകയായിരുന്നു.

**1961-ൽ സർക്കാർ പാസാക്കിയ പ്രസവാനുകൂല്യ നിയമം (മെറ്റേണിറ്റി ബെനഫിറ്റ് ആക്ട്)** സ്ത്രീകൾക്ക് പൂർണ ശമ്പളത്തോടെ ആറാഴ്ചത്തെ പ്രസവാവധിക്ക് (പ്രസവത്തിനു മുമ്പും പിമ്പും) അർഹത നല്കി.



**1976-ൽ പാസാക്കിയ തുല്യവേതന വ്യവസ്ഥ** (ഈക്വൽ റെമ്യൂണറേഷൻ ആക്ട്) തൊഴിൽസ്ഥലത്തെ സ്ത്രീകളുടെ അവകാശത്തെ ഒന്നുകൂടി ദൃഢമാക്കി. ഇതേ വർഷം തന്നെ പാസാക്കിയ **ബോൺഡഡ് ലേബർ സിസ്റ്റം ആക്ട്** അസംഘടിത മേഖലയിൽ സ്ത്രീത്തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളിൽ കാര്യമായ വ്യതിയാനം വരുത്തി.

**1986-ലെ ദേശീയ വിദ്യാഭ്യാസ നയം** സ്ത്രീകളുടെ പദവി കൂടുതൽ ഉയർത്തി. ഇന്ന് ഭാരതത്തിൽ കാണുന്ന ഉദ്യോഗസ്ഥ സ്ത്രീ മുന്നേറ്റത്തിന് പ്രധാന കാരണവും ഈ വിദ്യാഭ്യാസ നയം തന്നെയാണെന്ന് നിസംശയം പറയാം.

തൊഴിൽ സ്ഥലങ്ങളിലെ ലൈംഗിക പീഡനം മൗലികാവകാശലംഘനമാണെന്ന **1997-ലെ വിശാഖാ കേസ് വിധിയും** സ്ത്രീകളെ തൊഴിൽ സ്ഥലങ്ങളിൽ കൂടുതൽ കരുത്തരാക്കി.

## പോർച്ചുഗൽ പ്രസിഡന്റ്



പോർച്ചുഗൽ പ്രസിഡന്റായി വലതുപക്ഷ നേതാവ് ആനിബൽ കവാകോ സിൽവ തെരഞ്ഞെടുക്കപ്പെട്ടു. 1985 മുതൽ 1996 വരെ പ്രധാനമന്ത്രിയായിരുന്നു സിൽവ. 1974-ൽ ജനാധിപത്യം സ്ഥാപിക്കപ്പെട്ട ശേഷം പോർച്ചുഗലിൽ ആദ്യമായാണ് ഒരു വലതുപക്ഷനേതാവ് പ്രസിഡന്റാവുന്നത്.

## അമേരിക്കയിലെ പരമോന്നത സിവിലിയൻ ബഹുമതി

അമേരിക്കയുടെ പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം അവാർഡിന് ഐതിഹാസിക ബോക്സിംഗ് ചാമ്പ്യൻ മുഹമ്മദാലി അർഹനായി. അമേരിക്കയിലെ പരമോന്നത സിവിലിയൻ ബഹുമതിയാണിത്. അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷിൽ നിന്ന് 2005 നവംബർ ഒമ്പതിന് അവാർഡ് കൈപ്പറ്റിയ 14 ഉജ്ജ്വല വ്യക്തിത്വങ്ങളിൽ ഇദ്ദേഹവും ഉൾപ്പെടുന്നു.




## ചിലി പ്രസിഡന്റ്

ചിലിയിലെ പ്രസിഡന്റായി സോഷ്യലിസ്റ്റ് നേതാവ് മിഷേൽ ബാഷലെ തെരഞ്ഞെടുക്കപ്പെട്ടു. ഇതോടെ ചിലിയിലെ ആദ്യ വനിതാ പ്രസിഡന്റ് എന്ന സ്ഥാനം ബാഷലെ സ്വന്തമാക്കി. ഗയാനയിലെ ജാഹദ്ജാഗനു ശേഷം ഒരു തെക്കേ അമേരിക്കൻ രാജ്യത്തിന്റെ പ്രസിഡന്റാകുന്ന രണ്ടാമത്തെ വനിത കൂടിയാണിവർ. എതിരാളിയും കോടീശ്വരനുമായ സെബാസ്റ്റ്യൻ പിനെകെയെ പരാജയപ്പെടുത്തിയാണ് മിഷേൽ തെരഞ്ഞെടുക്കപ്പെട്ടത്. നേരത്തെ ചിലിയിലെ പ്രതിരോധമന്ത്രിയായിരുന്നു ഡോക്ടർകൂടിയായ മിഷേൽ.



## 2003-ലെ ജ്ഞാനപീഠം അവാർഡ്



2003-ലെ ജ്ഞാനപീഠം അവാർഡിന് പ്രശസ്ത മറാത്തി കവി വിന്ദകരാന്ദികറിനെ തെരഞ്ഞെടുത്തു. 39-ാമത് ജ്ഞാനപീഠം അവാർഡാണ് 87 കാരനായ കരാന്ദികറിന് നല്കുന്നത്. അഞ്ച് ലക്ഷം രൂപയും ശില്പവുമാണ് അവാർഡ്

## ഏണസ്റ്റ് & യംഗ് മാനേജർ എന്റർപ്രെനർ അവാർഡ്

2005-ലെ ഏണസ്റ്റ് & യംഗ് മാനേജർ എന്റർപ്രെനർ അവാർഡ് നാഷണൽ തെർമൽ പവർ കോർപ്പറേഷൻ ചെയർമാൻ സി.പി. ജയിനിനു ലഭിച്ചു.



സ്വർണം പൂശിയ വിഗ്രഹങ്ങൾ



വാതിൽപ്പിടി

**മുണ്ടുഗോഡ്** – തെക്കേ ഇന്ത്യയിലെ ടിബറ്റ്. അറിവിന്റെ ശബ്ദങ്ങൾ മുഴങ്ങി നിൽക്കുന്ന സുവർണ ക്ഷേത്രം. അകത്തളങ്ങളെ സുഗന്ധപൂരിതമാക്കുന്ന ധൂപവാഹിനികൾ. വർണവും വരയും പരസ്പരം കടപ്പെട്ടിരിക്കുന്ന ഉദാത്തമായ ചുമർചിത്രങ്ങൾ. ധ്യാനത്തിന്റെ ശാന്തതയ്ക്ക് സ്വർണ നിറം. അന്തരീക്ഷത്തെ താളമുഖരിതമാക്കുന്ന സംഗീത പഠനം. സ്വയംപര്യാപ്തതയെ ധ്വനിപ്പിക്കുന്ന പാടശേഖരങ്ങൾ.

ചിത്രങ്ങൾ: **പ്രവീൺ എം.വി.**

നെൽക്കൃഷി




വാദ്യോപകരണ പഠനം


ചുമർ ചിത്രം


സിംഹം (ദ്വാരപാലകർ)




സമൂഹപഠനം